34th Year of Service 2026

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 04, 2026 Vol. XXXIV No. 18


3 പശ്ചിമ ബംഗാളിൽ മമത വീണു

6 മാധ്യമസ്വാതന്ത്ര്യത്തിൽ ഇന്ത്യ പിന്നിൽ

9 ക്നാനായ വിമൻസ് ഫോറം ഉല്ലാസയാത്ര സംഘടിപ്പിച്ചു


12 ഡാളസ് ഇടവകയിൽ ദിവ്യകാരുണ്യ സ്വീകരണം

17 'കരുതൽ' സിനിമയ്ക്ക് ഫിലിം ക്രിട്ടിക്സ് അവാർഡ്


# യുഡിഎഫ് തരംഗത്തിൽ എൽഡിഎഫ് ഭരണത്തിന് അന്ത്യം

തിരുവനന്തപുരം: പത്ത് വർഷത്തെ പിണറായി സർക്കാരിന്റെ ഭരണത്തിന് അറുതി വരുത്തി കേരളത്തിന്റെ തെക്കു മുതൽ വടക്കു വരെ ആഞ്ഞടിച്ച് യുഡിഎഫ് തരംഗം. അഞ്ച് ദശകത്തോളം ഇളക്കം തട്ടാതിരുന്ന തളിപ്പറമ്പും ഉരുക്കിൽ തീർത്ത പയ്യന്നൂരും ഉദുമയും തൃക്കരിപ്പൂരും അടക്കമുള്ള ചെങ്കോട്ടകൾ തകർന്നുവീണു. ആർത്തിരമ്പിയ ഭരണവിരുദ്ധ വികാരത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അടക്കം ആടിയുലഞ്ഞു. മന്ത്രിമാർ പലരും തോറ്റ് തുന്നംപാടി.

തുടർച്ചയായ പത്തു വർഷത്തെ ഇടതുഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് 103 സീറ്റോടെ യുഡിഎഫ് അധികാരത്തിലേക്ക്. 2021-ൽ 99 സീറ്റുമായി അധികാരത്തുടർച്ച നേടിയ എൽഡിഎഫ് 35 സീറ്റിലേക്ക് കൂപ്പുകുത്തി. നേമം തിരിച്ചുപിടിച്ച ബിജെപി ചരിത്രത്തിൽ ആദ്യമായി ചാത്തന്നൂരിലും കഴക്കൂട്ടത്തും കാവിക്കൊടി പാറിച്ചുകൊണ്ട് മൂന്ന് സീറ്റ് നേടി കരുത്തറിയിച്ചു. നേമത്ത് രാജീവ് ചന്ദ്രശേഖർ 2876 വോട്ടും ചാത്തന്നൂരിൽ ബി.ബി. ഗോപകുമാർ 4012 വോട്ടും കഴക്കൂട്ടത്ത് 265 വോട്ടുകൾക്കുമാണ് ബിജെപി ജയിച്ചത്.




നൂറ് സീറ്റ് നേടി ഭരണത്തിലേറുമെന്ന വി.ഡി. സതീശന്റെ വാക്കുകളെ കേരളം അപ്പാടെ നെഞ്ചിലേറ്റി. ഇടുക്കി, കോട്ടയം, എറണാകുളം, മലപ്പുറം, വയനാട് ജില്ലകളിൽ നിന്ന് എൽഡിഎഫ് അപ്രത്യക്ഷമായി.

മന്ത്രിമാരായ ശിവൻകുട്ടി, പി. രാജീവ്, എം.ബി. രാജേഷ്, വീണാ ജോർജ്, കടന്നപ്പള്ളി രാമചന്ദ്രൻ, വി.എൻ. വാസവൻ, ആർ. ബിന്ദു, റോഷി അഗസ്റ്റിൻ, ചിഞ്ചുറാണി, എ.കെ. ശശീന്ദ്രൻ. വി. അബ്ദുറഹിമാൻ കെ.ബി. ഗണഷ്കുമാർ എന്നിവർ തോറ്റു. പേരാവൂരിൽ കെപിസിസി അദ്ധ്യക്ഷനോട് മത്സരിച്ച സിപിഎം കേന്ദ്രകമ്മിറ്റി അംഗം കെ.കെ. ശൈലജയും പരാജയപ്പെട്ടു. എൽ.ഡി.എഫ് കൺവീനർ ടി.പി. രാമകൃഷ്ണൻ പേരാമ്പ്രയിൽ മുസ്‌ലിം ലീഗിന്റെ ഫാത്തിമ തഹിലിയയ്ക്കു മുന്നിൽ കീഴടങ്ങി. (ശേഷം 4-ാം പേജിൽ)

## ചരിത്രം കുറിച്ച് ഫാത്തിമ; ലീഗിന് ആദ്യ വനിതാ എംഎൽഎ

കോഴിക്കോട്: നിയമസഭയിലേക്കുള്ള കന്നിമത്സരത്തിൽ തന്നെ ഇടതുമുന്നണി കൺവീനറും സിപിഎമ്മിന്റെ മുതിർന്ന നേതാക്കളിൽ ഒരാളുമായ ടി.പി. രാമകൃഷ്ണനെ പേരാമ്പ്രയിൽ അട്ടിമറിച്ച് ചരിത്രവിജയവുമായി യുഡിഎഫ് സ്ഥാനാർത്ഥി ഫാത്തിമ തഹ്‌ലിയ. അയ്യായിരത്തിലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ഈ മിന്നും ജയം. മുസ്‌ലിംലീഗിന്റെ ചരിത്രത്തിൽ ആദ്യമായി കേരള നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന വനിതാ എംഎൽഎ എന്ന നേട്ടവും ഇതോടൊപ്പം ഫാത്തിമ തഹ്‌ലിയ കുറിച്ചു.



രണ്ട് വനിതകളാണ് ഇത്തവണ മുസ്‌ലിം ലീഗിന്റെ സ്ഥാനാർത്ഥി പട്ടികയിൽ ഇടംനേടിയത്. കൂത്തുപറമ്പിൽ ജയന്തി രാജനും പേരാമ്പ്രയിൽ ഫാത്തിമാ തഹ്‌ലിയയും. ചരിത്ര വിജയം നേടിയതോടെ ലീഗിനു ലഭിക്കുന്ന മന്ത്രിസ്ഥാനങ്ങളിലൊന്നിലും പാർട്ടിയിലെ വനിതാ പ്രാതിനിധ്യം ഉറപ്പിച്ച് തഹ്‌ലിയ എത്തുമോ എന്നാണ് രാഷ്ട്രീയകേരളം ഉറ്റുനോക്കുന്നത്.

കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ കോഴിക്കോട് കുറ്റിച്ചിറ ഡിവിഷനിൽ നിന്നു കൗൺസിലറായ ഫാത്തിമയെ നിയമസഭാ തെരഞ്ഞെടുപ്പിലും സ്ഥാനാർത്ഥിയാക്കിയത് ലീഗ് സംസ്ഥാന (ശേഷം 4-ാം പേജിൽ)



## തമിഴ്നാട്ടിൽ വിജയ് തരംഗം

ചെന്നൈ: തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ ജനനായകൻ വിജയ്‌യുടെ മുന്നേറ്റം, ഭരണകക്ഷിയായ ഡിഎംകെ നയിക്കുന്ന സഖ്യത്തിന്റെ തകർച്ചയാണ് സൂചിപ്പിക്കുന്നത്. ഭരണകക്ഷിയായ ഡിഎംകെ മൂന്നാം സ്ഥാനത്തേക്കാണ് തകർന്നടിഞ്ഞത്.

കന്നിമത്സരത്തിനിറങ്ങിയ വിജയ്‌യുടെ ടിവികെ കനത്ത ലീഡിലേക്ക് മുന്നേറുകയാണ്. തമിഴ്നാട് ചെപ്പോക്ക്-തിരുവല്ലക്കേനിയിൽ ഉദയനിധി സ്റ്റാലിൽ പിന്നിലാണ്. തന്റെ കന്നി തെരഞ്ഞെടുപ്പ് പോരാട്ടത്തിനായി വിജയ് തെരഞ്ഞെടുത്ത രണ്ട് മണ്ഡലങ്ങളിൽ ഒന്നായ പെരമ്പൂരിൽ വ്യക്തമായ ലീഡ് ചെയ്യുമ്പോൾ തിരുച്ചിറപ്പള്ളി ഈസ്റ്റിൽ പിന്നിലാണെന്നാണ് ആദ്യസൂചന. ഡിഎംകെ കോട്ടയായ ഉത്തര ചെന്നൈയിലെ പെരമ്പൂർ മണ്ഡലത്തിൽ വിജയ് നടത്തുന്ന മുന്നേറ്റം രാഷ്ട്രീയ നിരീക്ഷകരെ അമ്പരപ്പിച്ചിട്ടുണ്ട്.

കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഡിഎംകെയുടെ ആർ.ഡി. ശേഖർ 52.53 ശതമാനം വോട്ടുകൾ നേടി വലിയ ഭൂരിപക്ഷത്തിൽ വിജയിച്ച മണ്ഡലമാണിത്. തൊഴിലാളികളും ഇടത്തരക്കാരും ധാരാളമുള്ള ഈ മണ്ഡലത്തിൽ ഡി.എം.കെയുടെ ആധിപത്യത്തെ വെല്ലുവിളിക്കാനാണ് വിജയ് തീരുമാനിച്ചത്.

സുരക്ഷിതമായ മണ്ഡലങ്ങൾ തേടിപ്പോകാതെ ഡിഎംകെയുടെ സിറ്റിംഗ് സീറ്റുകളിൽ തന്നേ നേരിട്ട് പോരാട്ടത്തിനിറങ്ങിയ വിജയ്‌യുടെ തന്ത്രമാണ് ഇപ്പോൾ ശ്രദ്ധയിൽപ്പെടുന്നത്. സംസ്ഥാനത്തെ 234 സീറ്റുകളിലും ഒറ്റയ്ക്കാണ് ടിവികെ മത്സരിച്ചത്. തമിഴ്നാട് രാഷ്ട്രീയ ചരിത്രത്തിലെ നിർണായകമായ മാറ്റത്തിനാണ് കളമൊരുങ്ങുന്നത്.

ചെന്നൈ നഗരം ഒഴികെയുള്ള മിക്ക മേഖലകളിലും ഡിഎംകെ സഖ്യത്തെ പിന്നിലാക്കാൻ ടിവികെക്ക് സാധിച്ചുവെന്നത് രാഷ്ട്രീയ കേന്ദ്രങ്ങളെ അമ്പരപ്പിക്കുന്നുണ്ട്. പരമ്പരാഗത ദ്രാവിഡ പാർട്ടികളുടെ വോട്ട് ബാങ്കുകളിൽ ടിവികെ വലിയ വിള്ളലുണ്ടാക്കിയെന്നതാണ് കണക്കുകൾ വ്യക്തമാക്കുന്നത്. എടപ്പാളി പളനിസ്വാമിയുടെ കോട്ടയായ പടിഞ്ഞാറൻ തമിഴ്നാട്ടിലും വടക്കൻ ജില്ലകളിലും എഐഎഡിഎംകെ നില മെച്ചപ്പെടുത്തുന്നുണ്ടെങ്കിലും സംസ്ഥാനാടിസ്ഥാനത്തിൽ ടിവികെയുടെ കുതിപ്പ് പ്രകടമാണ്.

SUNNY FINANCIAL STRATEGIES, LLC

Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS



**Tom Sunny, CFP®, CLU®, RICP®**
*Financial Planner & Wealth Advisor*

## *Expert Guidance Through Life's Financial Transitions*

Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.

Support for complex financial moments, including:

- Financial Planning & Wealth Management
- Retirement Income Strategy
- 401(k) & IRA Investment Optimization
- Estate Planning & Trusts
- Risk Management & Insurance
- Tax Planning Strategies
- Business & Employee Benefits
- Social Security & Medicare

*Complimentary Financial Plan*
Retirement & Estate Review
No Cost • Limited Availability

*Let's Plan Your Brighter Financial Future*
847-414-9116 tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE

475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.

# Secure Tax Services

DBA SMALL BUSINESS ACCOUNTING LLC

## Personal and Business Tax Services

*Free Electronic Filling*



TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**
**Home Visits Available**



Steve Crifase
Steve@Crifaselaw.com

# CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau

# പശ്ചിമ ബംഗാളിൽ മമത വീണു, ബിജെപി അധികാരത്തിലേക്ക്

കൊൽക്കത്ത: രാജ്യം ഏറെ ഉറ്റുനോക്കുന്ന പശ്ചിമ ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പുരോഗമിക്കവേ മുഖ്യമന്ത്രി മമതാ ബാനർജി നയിക്കുന്ന തൃണമൂൽ കോൺഗ്രസിനെ നിലംപരിശാക്കി ബിജെപി നേതൃത്വം നല്കുന്ന എൻഡിഎ ചരിത്രപരമായ മുന്നേറ്റത്തിലേക്ക്. 15 വർഷം നീണ്ടുനിന്ന തൃണമൂൽ ഭരണത്തിന് അന്ത്യം കുറിച്ചുകൊണ്ട് ബിജെപി സംസ്ഥാനത്ത് 200 സീറ്റുകളിൽ ലീഡ് ചെയ്യുന്നു. ദശാബ്ദങ്ങളായ ലക്ഷ്യം വെച്ചിരുന്ന ബംഗാൾ ഭരണം ഇത്തവണ ബിജെപി പിടിച്ചെടുക്കുമെന്നാണ് നിലവിലെ സൂചനകൾ വ്യക്തമാക്കുന്നത്. ബിജെപിയുടെ മുന്നേറ്റത്തിനു പിന്നിൽ ഹിന്ദു വോട്ടുകളുടെ വലിയ തോതിലുള്ള ഏകീകരണമാണെന്ന് ബിജെപി നേതാവ് സുവേന്ദു അധികാരി അവകാശപ്പെട്ടു. പരമ്പരാഗതമായി തൃണമൂൽ കോൺഗ്രസിനെ പിന്തുണച്ചിരുന്ന മുസ്ലിം വോട്ടുകളിൽ ഇത്തവണ വിള്ളലുണ്ടായതായും അദ്ദേഹം ചൂണ്ടിക്കാട്ടി.



മറ്റ് കക്ഷികളെ അപ്രസക്തരാക്കി ബംഗാളിൽ ബിജെപി-തൃണമൂൽ നേരിട്ടുള്ള ഏറ്റുമുട്ടലാണ് നടക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും താരത്തിളക്കമുള്ള മണ്ഡലമായ ഭവാനിപ്പൂരിൽ മുഖ്യമന്ത്രി മമതാ ബാനർജി രണ്ടാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടുവെന്നതാണ് ഏറ്റവും ശ്രദ്ധേയമായ വിവരം. മണ്ഡലത്തിൽ പ്രതിപക്ഷ നേതാവ് സുവേന്ദു അധികാരിയാണ് ബിജെപി സ്ഥാനാർത്ഥി. സുവേന്ദു അധികാരിയാണ് ആദ്യഘട്ട ഫലസൂചനകളിൽ മുന്നിട്ടുനിൽക്കുന്നത്.

സംസ്ഥാനത്ത് ബിജെപി കേവല ഭൂരിപക്ഷം നേടുമോയെന്നതാണ് രാജ്യം ഉറ്റുനോക്കുന്നത്. 293 സീറ്റുകളുള്ള ബംഗാൾ നിയമസഭയിൽ കേവലഭൂരിപക്ഷത്തിന് 147 സീറ്റുകൾ വേണം.



മമതാ ബാനർജി

നിലവിൽ 245 സീറ്റുകളിലാണ് വോട്ടെണ്ണൽ പുരോഗമിക്കുന്നത്. സംസ്ഥാനഭരണം പിടിക്കാനായാൽ ദേശീയതലത്തിൽ ബിജെപിക്ക് അത് നല്കുന്ന ആത്മവിശ്വാസം ചെറുതല്ല. എക്സിറ്റ്പോൾ ഫലങ്ങളും സംസ്ഥാനത്ത് ബിജെപിക്ക് മുൻതൂക്കം പ്രവചിച്ചിരുന്നു.

## അഭിമാന പോരാട്ടത്തിൽ ജയിച്ചുകയറി ടി.കെ. ഗോവിന്ദൻ

തളിപ്പറമ്പ്: സംസ്ഥാനമൊട്ടാകെ യുഡിഎഫ് തരംഗം ആഞ്ഞുവീശിയതോടെ കണ്ണൂരിൽ ഇടതുകോട്ടകൾ വിറച്ചുവീണു. തളിപ്പറമ്പിൽ പി.കെ. ശ്യാമളയെ സ്ഥാനാർത്ഥിയാക്കിയതിൽ പ്രതിഷേധിച്ച് പാർട്ടി വിട്ട ആളാണ് ജില്ലാ സെക്രട്ടേറിയറ്റ് അംഗം ടി.കെ. ഗോവിന്ദൻ. ഇതേ ഗോവിന്ദൻ തന്നെ ശ്യാമളയെ വീഴ്ത്തിയതോടെ സിപിഎം നേരിട്ടത് മണ്ഡലചരിത്രത്തിൽ ഇതുവരെ നേരിടാത്ത തോൽവി.

എം.വി. ഗോവിന്ദനും ശ്യാമളയ്ക്കുമെതിരെ കടുത്ത ആരോപണങ്ങളുന്നയിച്ചാണ് ടി.കെ. ഗോവിന്ദൻ പാർട്ടി വിടുന്ന കാര്യവും സ്ഥാനാർത്ഥിത്വവും പ്രഖ്യാപിച്ചത്. തളിപ്പറമ്പിലെ വിമതനീക്കം നിരീക്ഷിക്കുകയായിരുന്ന കോൺഗ്രസിന്റെ പിന്തുണ ഉറപ്പാക്കിയാണ് അദ്ദേഹം പാർട്ടിക്കെതിരെ രംഗത്തുവന്നത്. ദീർഘകാലം പാർട്ടിയുടെ തളിപ്പറമ്പ് മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ചുമതലക്കാരനായിരുന്ന ഗോവിന്ദന്റെ വിമതനീക്കം മണ്ഡലത്തിൽ മാത്രമല്ല ജില്ലയിൽ തന്നെ സിപിഎമ്മിനെ ഞെട്ടിച്ചു. തെരഞ്ഞെടുപ്പിലും ജയിച്ചുകയറിയതോടെ സിപിഎമ്മിനേറ്റത് കനത്ത പ്രഹരം.

8,787 വോട്ടുകളുടെ ലീഡാണ് യുഡിഎഫ് തളിപ്പറമ്പിൽനിന്ന് നേടിയത്. പി.കെ. ശ്യാമളയെ പരാജയപ്പെടുത്തി ടി.കെ. ഗോവിന്ദൻ അഭിമാന പോരാട്ടത്തിൽ ജയിച്ചുകയറി. യുഡിഎഫിന്റേത് ചരിത്രജയം. സിപിഎമ്മിനും പാർട്ടി സെക്രട്ടറിക്കും വൻ ക്ഷീണമാണ് മണ്ഡലത്തിലെ തോൽവി സൃഷ്ടിച്ചിരിക്കുന്നത്.



## ക്രൂസ് കപ്പലിൽ ഹാന്റാ വൈറസ്ബാധ; 3 മരണം

കേപ്ടൗൺ: അപൂർവമായ ഹാന്റാ വൈറസ് ബാധിച്ച് അറ്റ്ലാന്റിക് സമുദ്രത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ക്രൂസ് കപ്പലിലെ മൂന്നുപേർ മരിച്ചു. മരിച്ചവരിൽ വയോധിക ദമ്പതികളും ഉൾപ്പെടുന്നു. കൂടാതെ മൂന്നുപേർക്കു കൂടി രോഗബാധ സ്ഥിരീകരിച്ചതായി ലോകാരോഗ്യ സംഘടനയും ദക്ഷിണാഫ്രിക്കയുടെ ആരോഗ്യ വകുപ്പും അറിയിച്ചു. പരിശോധന തുടരുകയാണെന്നും ഒരാൾക്ക് വൈറസ് സ്ഥിരീകരിച്ചതായും വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. രോഗബാധ സംശയിക്കുന്ന ഒരാൾ ദക്ഷിണാഫ്രിക്കയിലെ ആശുപത്രിയിൽ ചികിത്സയിലാണ്. മറ്റു രണ്ടുപേരെയും കപ്പലിൽനിന്നും ആശുപത്രിയിലേക്കു മാറ്റുമെന്നും ലോകാരോഗ്യ സംഘടന അറിയിച്ചു. ഡച്ച് കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഈ കപ്പൽ ഇപ്പോൾ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്ത് കേപ് വെർഡെയ്ക്കു സമീപം നങ്കൂരമിട്ടിരിക്കുകയാണ്. പ്രാദേശിക പോലീസ് അടക്കമുള്ള അധികാരികൾ സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണ്. രോഗബാധയേറ്റവരിൽ രണ്ടുപേർ കപ്പൽ ജീവനക്കാരാണ്. എലികൾ പോലുള്ള ചെറുമൃഗങ്ങളിൽ കാണപ്പെടുന്ന വൈറസാണ് ഇത്. മനുഷ്യരിലേക്ക് പടർന്നാൽ പ്രത്യേക ചികിത്സ ഇല്ലെങ്കിലും തുടക്കത്തിൽ കണ്ടെത്തിയാൽ രോഗലക്ഷണക്കങ്ങൾക്കനുസരിച്ച് ചികിത്സ നല്കി രക്ഷപ്പെടുത്താൻ കഴിയും.

ആദ്യഘട്ടത്തിൽ പനി, തലവേദന, ശരീരവേദന, ഛർദ്ദി, വയറിളക്കം തുടങ്ങിയ ലക്ഷണങ്ങൾ കാണപ്പെടും. രോഗം ഗുരുതരമായാൽ ശ്വാസംമുട്ടൽ, നെഞ്ചുവേദന, വൃക്കയുടെ പ്രവർത്തനത്തിൽ തകരാറുകൾ എന്നിവയുണ്ടാകും.

## കേരള കോൺഗ്രസ്–എമ്മിന് തിരിച്ചടി

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ പുറത്തുവരുമ്പോൾ കേരള കോൺഗ്രസ്-എമ്മിന് കനത്ത തിരിച്ചടി. പാർട്ടിയുടെ ശക്തികേന്ദ്രങ്ങളിലിടക്കം മത്സരിച്ച 12 സീറ്റുകളിലും പരാജയപ്പെട്ടു. സംസ്ഥാനത്തുടനീളം ഭരണവിരുദ്ധ വികാരം ശക്തമാകുകയും യുഡിഎഫ് തരംഗം പ്രകടമാകുകയും ചെയ്തതോടെ അതിന്റെ ഏറ്റവും വലിയ ഇരയായി കേരള കോൺഗ്രസ് (എം) മാറിയിരിക്കുകയാണ്.

കേരളരാഷ്ട്രീയത്തിന്റെ ഹൃദയഭൂമിയായി അറിയപ്പെടുന്ന പാലായിൽ പാർട്ടി ചെയർമാൻ ജോസ് കെ. മാണി പരാജയപ്പെട്ടു. പാർട്ടിയിലെ രണ്ടാമനായ ജലവിഭവ വകുപ്പ്മന്ത്രി റോഷി അഗസ്റ്റിൻ ഇടുക്കിയിൽ പരാജയപ്പെട്ടു. കാഞ്ഞിരപ്പള്ളിയിൽ മുതിർന്ന നേതാവ് എൻ. ജയരാജിനെതിരെ കോൺഗ്രസിന്റെ റോണി കെ. ബേബി വിജയിച്ചു. പൂഞ്ഞാറിൽ സെബാസ്റ്റ്യൻ കുളത്തുങ്കലും പരാജയപ്പെട്ടു.

പി.ജെ. ജോസഫുമായുള്ള തർക്കത്തെ തുടർന്ന് യുഡിഎഫ് വിട്ട് എൽഡിഎഫിലെത്തിയ കേരള കോൺഗ്രസ്-എം 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും 2020-ലെ തദ്ദേശ തെരഞ്ഞെടുപ്പിലും കോട്ടയം ജില്ലയിൽ ഇടതുമുന്നണിക്ക് വലിയ മുന്നേറ്റം നേടിക്കൊടുത്തിരുന്നു. 2021-ൽ 12 സീറ്റിൽ മത്സരിച്ച പാർട്ടി അഞ്ച് സീറ്റിലാണ് ജയിച്ചത്. 2016-ൽ യുഡിഎഫിന്റെ ഭാഗമായും അഞ്ച് സീറ്റിലാണ് പാർട്ടി വിജയിച്ചത്.

തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുമ്പ് ഉയർന്നുകേട്ട മുന്നണിമാറ്റ വാർത്തകൾ തള്ളിക്കൊണ്ട് കേരള കോൺഗ്രസിനെ ഇടതുപക്ഷത്തു തന്നെ ചേർത്തു നിർത്തിയ ജോസ് കെ. മാണിക്കും പാർട്ടിക്കും ഇത് കഠിനസാഹചര്യമാണ്. മറുവശത്ത് കേരള കോൺഗ്രസ് ജോസഫ് വിഭാഗം ഏഴ് സീറ്റുകളിൽ മുന്നിട്ടു നിൽക്കുകയാണ്.

## പുതുപ്പള്ളി കീഴടക്കി ചാണ്ടി ഉമ്മൻ

കോട്ടയം: ഫ്ളെക്സ് ബോർഡുകളും ബാനറുകളും കൊട്ടിക്കലാശവും ഒഴിവാക്കി പ്രചാരണം നടത്തിയ പുതുപ്പള്ളിയിലെ യുഡിഎഫ് സ്ഥാനാർത്ഥി ചാണ്ടി ഉമ്മൻ 52907 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിച്ചു. ഉമ്മൻ ചാണ്ടിയുടെ റെക്കോർഡ് മറികടന്നു. കെ.എം. രാധാകൃഷ്ണനായിരുന്നു എൽഡിഎഫ് സ്ഥാനാർത്ഥി. ചാണ്ടി ഉമ്മന് 84031 വോട്ടുകൾ ലഭിച്ചപ്പോൾ കെ.എം. രാധാകൃഷ്ണന് 31124 വോട്ടുകളെ ലഭിച്ചുള്ളൂ.

“ജനങ്ങൾക്ക് എന്നെ അറിയാം. വെറുതെ ഫ്ളെക്സും ബാനറുകളും സ്ഥാപിച്ച് ധൂർത്ത് നടത്തേണ്ട കാര്യമില്ല–” എന്നായിരുന്നു ചാണ്ടി ഉമ്മന്റെ നിലപാട്. ബാനറുകൾക്കും ബോർഡുകൾക്കുമായി ചെലവഴിക്കുന്ന തുക പാവപ്പെട്ടവർക്കു വീട് വെച്ചു നല്കാൻ ഉപയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു. ചുവരെഴുത്തു മാത്രമാണ് ഉണ്ടായിരുന്നത്.


സൈക്കിളിൽ യാത്ര ചെയ്തായിരുന്നു ചാണ്ടി ഉമ്മന്റെ മണ്ഡല പര്യടനം. മണ്ഡലത്തിൽ പ്രചാരണത്തിനെത്തിയ രാഹുൽ ഗാന്ധിയുമൊത്ത് ചാണ്ടി ഉമ്മൻ സൈക്കിൾ റാലിയും സംഘടിപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായാണ് കൊട്ടിക്കലാശവും ഒഴിവാക്കിയത്.



# പയ്യന്നൂരിൽ സിപിഎമ്മിനെ വീഴ്ത്തി കുഞ്ഞികൃഷ്ണൻ

പയ്യന്നൂർ: ആഞ്ഞടിച്ച യുഡിഎഫ് തരംഗത്തിൽ കണ്ണൂരിലെ ഇടതുകോട്ടകൾ ഒന്നാകെ തകർന്നടിഞ്ഞു. ചരിത്രത്തിൽ ഇതുവരെ ഇതുപോലൊരു പരാജയം കണ്ണൂരിൽ സിപിഎം നേരിട്ടിട്ടില്ല. ഒരു കൊടുങ്കാറ്റിലും തകരില്ലെന്നുറപ്പിച്ച പയ്യന്നൂരിൽ സിപിഎം ഞെട്ടിവിറച്ചു. ഇടതുപക്ഷത്തിന്റെ ഉരുക്കുകോട്ടയിൽ സിപിഎമ്മിന് ഞെട്ടിക്കുന്ന തോൽവി. യുഡിഎഫ് തരംഗം ആഞ്ഞുവീശിയ ലോക്സഭാ തെരഞ്ഞെടുപ്പിൽ പോലും പതിനായിരത്തിന് മുകളിൽ എൽഡിഎഫിന് ലീഡ് സമ്മാനിച്ച മണ്ഡലം നിയമസഭയിൽ ഇളകി. യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ച സിപിഎം മുൻ ജില്ലാ കമ്മിറ്റിയംഗം വി. കുഞ്ഞികൃഷ്ണൻ സിപിഎം സ്ഥാനാർത്ഥി ടി.ഐ. മധുസൂദനനെ പരാജയപ്പെടുത്തി. 7487 വോട്ടുകൾക്കാണ് കുഞ്ഞികൃഷ്ണന്റെ ജയം.

വോട്ടെണ്ണലിന്റെ ആദ്യ റൗണ്ടുകളിൽ ടി.ഐ. മധുസൂദനനാണ് ലീഡെടുത്തത്. എന്നാൽ പ്രതീക്ഷിച്ച ലീഡ് സിപിഎമ്മിന് കിട്ടാത്തത് അടിയൊഴുക്കുകളുണ്ടെന്ന സൂചന നൽകി. ചെങ്കോട്ടകളായ കരിവെള്ളൂർ–പെരളം പഞ്ചായത്തിലെ വോട്ടാണ് ആദ്യ റൗണ്ടിൽ എണ്ണിത്തുടങ്ങിയത്. 2021 തെരഞ്ഞെടുപ്പിൽ 6200 വോട്ടിന്റെ ഭൂരിപക്ഷം എൽഡിഎഫിന് കിട്ടിയിടത്ത് ഇക്കുറി തപാൽ വോട്ടുൾപ്പെടെ 2408 വോട്ടിന്റെ ലീഡ് മാത്രമാണ് ടി.ഐ. മധുസൂദനന് കിട്ടിയത്. റൗണ്ടുകൾ പുരോഗമിക്കവേ മധുസൂദനന്റെ ലീഡ് കുറഞ്ഞുവന്നു. സിപിഎം കോട്ടകളിലടക്കം കുഞ്ഞികൃഷ്ണൻ വോട്ടുപിടിച്ചതോടെ മണ്ഡലത്തിൽ ഇഞ്ചോടിഞ്ച് മത്സരത്തിലേക്ക് കാര്യങ്ങൾ



മാറി.

ആദ്യ ഏഴുറൗണ്ടുകൾ വരെ ടി.ഐ. മധുസൂദനനാണ് ലീഡെടുത്തതെങ്കിൽ എട്ടാം റൗണ്ട് മുതൽ കുഞ്ഞികൃഷ്ണൻ ലീഡെടുത്തു. അതോടെ ഇടതുക്യാമ്പ് ഞെട്ടി. പിന്നീടങ്ങോട്ട് ഓരോ റൗണ്ട് കഴിയുമ്പോഴും കുഞ്ഞികൃഷ്ണൻ ലീഡ് നിലനിർത്തി. അതോടെ പയ്യന്നൂർ കൈവിടുമെന്ന ആശങ്ക ഇടതുക്യാമ്പിൽ പരന്നു. പതിന്നാലിൽ 12 റൗണ്ടുകൾ എണ്ണി കഴിയുമ്പോഴേക്കും 4752 വോട്ടുകളുടെ ലീഡ് കുഞ്ഞികൃഷ്ണൻ സമാഹരിച്ചതോടെ സിപിഎം തോൽവിയിലേക്ക് നീങ്ങി. പിന്നീടെണ്ണിയ രണ്ട് റൗണ്ടുകളിലും കുഞ്ഞികൃഷ്ണനെ മറികടക്കാൻ ടി.ഐ. മധുസൂദനനായില്ല. കുഞ്ഞികൃഷ്ണൻ ലീഡുയർത്തിയതോടെ മണ്ഡല ചരിത്രത്തിലെ ദയനീയ പരാജയങ്ങളിലൊന്ന് സിപിഎം നേരിട്ടു.

വി. കുഞ്ഞികൃഷ്ണൻ ഉന്നയിച്ച രക്തസാക്ഷി ഫണ്ട് തട്ടിപ്പ് ആരോപണമാണ് പയ്യന്നൂരിൽ സിപിഎമ്മിനെ പിടിച്ചുകുലുക്കിയത്. അതേ കുഞ്ഞികൃഷ്ണൻ യുഡിഎഫ് സ്വതന്ത്രനായി കളത്തിലിറങ്ങി പാർട്ടിയെ തോൽപ്പിച്ചതോടെ സിപിഎം നേരിട്ടത് ചരിത്രത്തിലിതുവരെ നേരിടാത്ത തോൽവി.

# ഡിജോ കാപ്പൻ അന്തരിച്ചു



കോട്ടയം: സാമൂഹിക പ്രവർത്തകനും ഉപഭോക്തൃ വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധനുമായ ഡിജോ കാപ്പൻ (69) അന്തരിച്ചു. കഴിഞ്ഞ ഒക്ടോബർ 16-ന് തിരുവനന്തപുരത്തെ ഫ്ലാറ്റിന്റെ മുകൾനിലയിലെ പാർക്കിങ് സ്ഥലത്തുനിന്ന് കാറിൽ പുറത്തേക്കിറങ്ങുന്നതിനിടെ ഉണ്ടായ അപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. സംസ്കാരം പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ പാലാക്കാട് ചെറുപുഷ്പം പള്ളിയിൽ നടത്തപ്പെട്ടു. 1988-ൽ സ്ഥാപിച്ച സെന്റർ ഫോർ കൺസ്യൂമർ എജ്യൂക്കേഷൻ വഴി ഉപഭോക്താക്കളുടെയും കർഷകരുടെയും അവകാശങ്ങൾക്കായി നടത്തിയ പോരാട്ടത്തിലൂടെയാണ് ഡിജോ കാപ്പൻ ശ്രദ്ധേയനായത്. വൈദ്യുതി നിരക്ക് വർദ്ധന, ബ്രഹ്മപുരം മാലിന്യ പ്ലാന്റ് ഉയർത്തുന്ന ഭീഷണികൾ, കൊച്ചി നഗരത്തിലെ മാലിന്യനീക്കം, റോഡിലെ പരസ്യബോർഡും യോഗങ്ങളും, റെയിൽവേ നിരക്ക് വർദ്ധന തുടങ്ങി ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ കോടതി ഇടപെടലുകളും അനുകൂല വിധികളും നേടാൻ ഡിജോയ്ക്കു സാധിച്ചു.

# അസാമിലും ബിജെപിക്ക് മിന്നും ജയം

ഗോഹട്ടി: അസമിൽ മൂന്നാം തവണയും ഹിമന്ത ബിശ്വ ശർമയുടെ നേതൃത്വത്തിലുള്ള ബിജെപി സർക്കാർ അധികാരത്തിലേക്ക്.

കേരളത്തിലും തമിഴ്നാട്ടിലും ബംഗാളിലും മുഖ്യമന്ത്രിമാർക്ക് കാലിടറിയപ്പോൾ ജലുക്ബാരി മണ്ഡലത്തിൽ 63029 വോട്ടുകളുടെ ലീഡോടെയാണ് ഹിമന്ത ബിശ്വ ശർമ വിജയം സ്വന്തമാക്കിയത്.

ആകെ 126 മണ്ഡലങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 64 സീറ്റുകളാണ് കേവലഭൂരിപക്ഷത്തിനു വേണ്ടത്. എന്നാൽ, ബിജെപിക്കു മാത്രം 81 സീറ്റുകളിൽ ലീഡുണ്ട്. 21 സീറ്റുകളിൽ മാത്രമാണ് കോൺഗ്രസിന് ലീഡുള്ളത്. സംസ്ഥാന കോൺഗ്രസ് അദ്ധ്യക്ഷൻ ഗൗരവ് ഗൊഗോയ് അടക്കമുള്ളവരെ തോല്പിച്ചതും ബിജെപിക്ക് നേട്ടമാണ്. നിയമസഭയിലെ കന്നിയങ്കത്തിലാണ് ഗൊഗോയ് പരാജയപ്പെട്ടത്. ജോർഹട്ട് ലോക്സഭാ മണ്ഡലത്തിലെ എംപി കൂടിയായ ഗൊഗോയ്ക്ക് 46257 വോട്ടുകളാണ് ലഭിച്ചത്.

# കെ.സി. വേണുഗോപാൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ

ന്യൂഡൽഹി: പാർലമെന്റിന്റെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അദ്ധ്യക്ഷനായി കോൺഗ്രസ് ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപി വീണ്ടും നിയമിതനായി. പബ്ലിക് അണ്ടർടേക്കിങ്സ് കമ്മിറ്റി അദ്ധ്യക്ഷനായി ബിജെപിയിലെ ബൈജയന്ത് പാണ്ഡയും എസ്റ്റിമേറ്റ്സ് കമ്മിറ്റി അദ്ധ്യക്ഷനായി ബിജെപിയിലെ സഞ്ജയ് ജയ്സ്വാളും വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

പട്ടികജാതി-വർഗ ക്ഷേമപാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനായി ബിജെപിയിലെ ഫഗ്ഗൻ സിങ് കുലസ്തെയെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഏപ്രിൽ 30-ന് കാലാവധി അവസാനിച്ചതോടെയാണ് ലോക്സഭാ സ്പീക്കർ ഓം ബിർള നാലുകമ്മിറ്റിയും പുനഃസംഘടിപ്പിച്ചത്.

# വീട്ടിൽ പോയി ചോദിക്കാൻ പറഞ്ഞവനോട് വീട്ടിൽ പോയി ഇരിക്കാൻ പറഞ്ഞു ജനങ്ങൾ



തിരുവനന്തപുരം: വീട്ടിൽ പോയി ചോദിക്കാൻ പറഞ്ഞവനോട്, ഇനി വീട്ടിൽ പോയി ഇരിക്കാൻ പറഞ്ഞു ജനങ്ങൾ... മുഖ്യമന്ത്രിയെ പരിഹസിച്ച് രാഹുൽ മാങ്കൂട്ടത്തിൽ. പോ മോനെ വിജയ എന്നല്ല, ഇറങ്ങി പോയ വിജയ... എന്ന് സമൂഹമാധ്യമത്തിൽ രാഹുൽ കുറിച്ചു.

കോന്നി തെരഞ്ഞെടുപ്പ് കൺവൻഷനിൽ മുഖ്യമന്ത്രിയുടെ പ്രസംഗത്തിനിടെ ചോദ്യം ചോദിക്കാൻ ശ്രമിച്ച ആളോട് ‘അത് വീട്ടിൽ പോയി ചോദിച്ചാൽ മതി’ എന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഇതു സൂചിപ്പിച്ചാണ് രാഹുലിന്റെ കുറിപ്പ്. സിഎമ്മേ ഒരു ചോദ്യം... എന്നു പറഞ്ഞ ആളിനോടായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

വോട്ടെണ്ണൽ പുരോഗമിക്കെ മുഖ്യമന്ത്രി പിണറായി വിജയനും മന്ത്രിമാരും പിന്നിലാണെന്ന വാർത്ത പുറത്തു വന്നപ്പോഴാണ് മുഖ്യമന്ത്രിയെ പരിഹസിച്ച് രാഹുൽ മാങ്കൂട്ടത്തിലിന്റെ പോസ്റ്റ്.

## എൽഡിഎഫ് ഭരണത്തിന് അന്ത്യം

(ഒന്നാം പേജിൽ നിന്നും)

ഇതോടെ ചരിത്രത്തിലാദ്യമായി മുസ്ലിം ലീഗിന് നിയമസഭയിൽ വനിതാപ്രാതിനിധ്യമായി.

64 സീറ്റുകളോടെ കോൺഗ്രസ് സമീപകാലത്തെ മികച്ച പ്രകടനം നടത്തി. 22 സീറ്റോടെ മുസ്ലിം ലീഗും വലിയ നേട്ടം സ്വന്തമാക്കി. പാലായിലടക്കം തോറ്റ് കേരള കോൺഗ്രസ് മാണിവിഭാഗം വട്ടപൂജ്യമായപ്പോൾ കേരള കോൺഗ്രസ് ജോസഫ് എട്ടിടത്ത് മത്സരിച്ച് ഏഴിടത്തും ജയിച്ച് വലിയ പ്രകടനം കാഴ്ചവെച്ചു. സിപിഐ 17 സീറ്റിൽനിന്ന് ഒമ്പതായി ചുരുങ്ങി. ആർഎസ്പി മൂന്നു സീറ്റും ഓരോ സീറ്റുവീതം നേടി കേരള കോൺഗ്രസ് ജേക്കബ്, സിഎംപി പാർട്ടിയും വീണ്ടും സാന്നിദ്ധ്യമറിയിച്ചു. ആർജെഡി കുത്തുപറമ്പിലും കെ.കെ. രമ വടകരയും പാലാ മാണി സി. കാപ്പനും നിലനിർത്തി.

ജി. സുധാകരനടക്കമുള്ള വിമതർ നേടിയ വിജയം സിപിഎമ്മിന് കനത്ത തിരിച്ചടിയായി. പാർട്ടി കോട്ടകളിലായിരുന്നു വിമതരുടെ വിജയം. അരനൂറ്റാണ്ടിനുശേഷം കാസർകോടും 20 വർഷത്തിനു ശേഷം കോഴിക്കോടും വിജയിക്കാനായെന്നതും കോൺഗ്രസിന് ഇരട്ടിമധുരമാണ്. ബിജെപി വീട്ടെത്തിയ സന്ദീപ് വാര്യർ തൃക്കരിപ്പൂരിലും ഉദുമയിൽ കെ. നീലകണ്ഠനും വിജയിച്ചുകയറി. കോഴിക്കോട്ട് അഞ്ചു സീറ്റുകളാണ് കോൺഗ്രസ് നേടിയത്. ജില്ലയിലെ 13-ൽ 12 സീറ്റുകളും യുഡിഎഫിന് നേടാനായി. 2021-ൽ 11-ഉം എൽഡിഎഫിനായിരുന്നു.

## ചരിത്രം കുറിച്ച് ഫാത്തിമ

(ഒന്നാം പേജിൽ നിന്നും)

അദ്ധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളുടെ സർപ്രൈസ് തീരുമാനങ്ങളിൽ ഒന്നായിരുന്നു. പേരാമ്പ്രയിൽ കരുത്തനായ ടി.പി. രാമകൃഷ്ണനെ വീഴ്ത്തിയതോടെ പുതുമുഖ തലമുറയുടെ പ്രതിനിധിയായ ഫാത്തിമയ്ക്ക് മന്ത്രിസഭയിലും ഇടം ലഭിക്കുമെന്ന പ്രതീക്ഷയാണ് അണികളിൽ പലർക്കുമുള്ളത്.

അതേസമയം യുഡിഎഫിലെ അസോഷ്യേറ്റ് അംഗമായ ആർഎംപിയിലെ കെ.കെ. രമ വടകരയിൽ മികച്ച ഭൂരിപക്ഷത്തോടെ രണ്ടാം ജയം കുറിച്ചതോടെ രമയ്ക്കു മന്ത്രിസഭയിൽ ഇടം ലഭിക്കാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 18
May 04, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം


അനീതിക്ക് ഇരയാകുന്നവനേക്കാൾ കൂടുതൽ അനീതി ചെയ്യുന്നവൻ സഹിക്കേണ്ടി വരുന്നു.

**പ്ലേറ്റോ**

കാര്യങ്ങളെ നന്മയോ തിന്മയോ ആക്കുന്നത് ചിന്തകളാണ്.

**ഷേക്സ്പിയർ**


SECURE YOUR FUTURE AND PREPARE YOUR FAMILY LEGACY
ESTATE PLANNING
Wills • Revocable Living Trust • Incapacity Planning
Signature Signing Systems
Estate Planning Services
(713) 487 7814
(248) 467 7937
www.signaturemobilenotarytx.com
signaturesignsystems@gmail.com
JOMS MATHEW CEP
Certified Estate planner
WE PROVIDE SERVICES IN ALL OVER AMERICA


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
Quiet and Safe Area
Near Shopping Centers and Major Towns/Attractions
3 hr to Kochin and Thiruvananthapuram Airport
3 AC Bedrooms (one of them is a loft bedroom)
Separate Studio for drivers
4 American-style Bathrooms
Surveillance camera
Car service/Chef/Security Personnel can be arranged
Weekly and Monthly stays can be arranged
If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## രാഷ്ട്രീയഭൂപടം മാറ്റുന്ന തെരഞ്ഞെടുപ്പ്

രാഷ്ട്രീയം ഇന്ന് ഒരു നിർണായക ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. തെരഞ്ഞെടുപ്പുകൾ മാത്രം രാഷ്ട്രീയത്തിന്റെ അളവുകോൽ ആയിരുന്ന കാലം പിന്നിലായി; ഇപ്പോൾ നയം, ഭരണക്ഷമത, ജനവിശ്വാസം എന്നിവയാണ് യഥാർത്ഥ പരീക്ഷണങ്ങൾ. ദേശീയ തലത്തിൽ, കേന്ദ്ര സർക്കാരിന്റെ ശക്തമായ നേതൃത്വവും അതിനോടുള്ള പിന്തുണയും വ്യക്തമാണ്. വികസന പദ്ധതികളും ദേശീയ സുരക്ഷയും മുൻനിർത്തിയുള്ള സമീപനം വലിയൊരു വിഭാഗത്തെ ആകർഷിക്കുന്നുണ്ട്. എന്നാൽ, അതേസമയം, കേന്ദ്ര - സംസ്ഥാന ബന്ധങ്ങളിൽ ഉരസലുകളും രാഷ്ട്രീയ വിവാദങ്ങളും വർധിക്കുന്നത് ശ്രദ്ധേയമാണ്. ഫെഡറൽ സംവിധാനത്തിന്റെ ആത്മാവിനെ സംരക്ഷിക്കേണ്ടത് ഇന്നത്തെ പ്രധാന വെല്ലുവിളിയാണ്.

കേരളത്തിൽ, പരമ്പരാഗതമായി ശക്തമായ രാഷ്ട്രീയ ബോധവൽക്കരണം നിലനിൽക്കുന്നു. ഇവിടെ വോട്ടർമാർ കൂടുതൽ വിവേചനബുദ്ധിയോടെയാണ് തീരുമാനങ്ങൾ എടുക്കുന്നത്. എന്നാൽ, ഭരണപരമായ കാര്യക്ഷമതയും സാമ്പത്തിക സ്ഥിരതയും സംബന്ധിച്ച ചോദ്യങ്ങൾ ഉയരുന്നുണ്ട്. കടബാധ്യതയും തൊഴിലവസരങ്ങളുടെ കുറവും സംസ്ഥാനത്തിന് മുന്നിലുള്ള വലിയ വെല്ലുവിളികളാണ്. ഇതിനിടയിൽ, രാഷ്ട്രീയ ചർച്ചകളുടെ നിലവാരം താഴ്ന്നുവരുന്നതും ആശങ്കാജനകമാണ്. വ്യക്തിപരമായ ആക്രമണങ്ങളും സോഷ്യൽ മീഡിയയിലെ വിഷവത്കരണവും യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കുന്നു. ജനങ്ങൾക്ക് ആവശ്യമായത് ആരോപണങ്ങളല്ല, പരിഹാരങ്ങളാണ്. ഇന്ന് രാഷ്ട്രീയ പാർട്ടികൾക്ക് മുന്നിലുള്ള പ്രധാന ഉത്തരവാദിത്വം വിശ്വാസം പുനഃസ്ഥാപിക്കുകയാണ്. വാഗ്ദാനങ്ങൾ നൽകുന്നത് എളുപ്പമാണ്; അവ നടപ്പിലാക്കുക എന്നതാണ് യഥാർത്ഥ പരീക്ഷണം. ഭരണത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കാതെ ജനവിശ്വാസം നിലനിർത്താനാകില്ല. കേരളവും ഭാരതവും രാഷ്ട്രീയപരമായി വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിച്ചാലും, ലക്ഷ്യം ഒന്ന് തന്നെ ആയിരിക്കണം - ജനങ്ങളുടെ ക്ഷേമവും രാജ്യത്തിന്റെ സമഗ്ര പുരോഗതിയും. അതിലേക്ക് എത്താൻ രാഷ്ട്രീയത്തിനുള്ള സമീപനം കൂടുതൽ പക്വവും ഉത്തരവാദിത്തപരവുമാകേണ്ട സമയം ഇതാണ്.

കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ യുഡിഎഫിന് ലഭിച്ച വിജയം ഒരു സാധാരണ രാഷ്ട്രീയ മാറ്റമല്ല, അത് ജനങ്ങളുടെ ആഴത്തിലുള്ള വികാരങ്ങളും പ്രതീക്ഷകളും പ്രതിഫലിപ്പിക്കുന്ന ശക്തമായ വിധിയാണ്. അധികാരത്തിന്റെ കൈമാറ്റം മാത്രമല്ല ഇവിടെ നടന്നത് - ഭരണത്തിന്റെ ദിശയും ശൈലിയും മാറണമെന്ന വ്യക്തമായ ആവശ്യം തന്നെയാണ് ഈ തെരഞ്ഞെടുപ്പ് ഫലം തുറന്നുപറയുന്നത്. ഈ വിജയം യുഡിഎഫിന് ഒരു അഭിമാന നിമിഷമാണ്. എന്നാൽ, അതിനേക്കാൾ വലിയതാണ് അതിനോടൊപ്പം വരുന്ന ഉത്തരവാദിത്വം. ഓരോ വോട്ടും ഒരു വിശ്വാസമാണ്; ഓരോ സീറ്റും ഒരു പ്രതീക്ഷയുടെ പ്രതീകമാണ്. ഈ വിശ്വാസവും പ്രതീക്ഷയും സംരക്ഷിക്കുക എന്നതാണ് ഇനി സർക്കാരിന്റെ പ്രഥമ കടമ. ജനവിധി എപ്പോഴും ഒരു സന്ദേശമാണ്. സാമ്പത്തിക പ്രതിസന്ധി, തൊഴിലവസരങ്ങളുടെ കുറവ്, ജീവിതച്ചെലവുകളുടെ വർധന, അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് - ഇവയെല്ലാം ജനങ്ങളുടെ പ്രശ്നങ്ങളാണ്. ഇവയ്ക്ക് വേഗത്തിലും ഫലപ്രദമായും പരിഹാരം കാണണമെന്ന ആഗ്രഹമാണ് വോട്ടർമാരെ ഈ തീരുമാനത്തിലേക്ക് നയിച്ചത്.

അതിനൊപ്പം, ഭരണത്തിലെ സുതാര്യതയും ഉത്തരവാദിത്വവും സംബന്ധിച്ച ആശങ്കകളും ഈ വിധിയിൽ പ്രതിഫലിക്കുന്നു. അധികാരം കേന്ദ്രീകരിക്കപ്പെടുന്നുവോ? പൊതുധനത്തിന്റെ ഉപയോഗം എത്രത്തോളം ഫലപ്രദമാണ്? നയങ്ങൾ ജനക്ഷേമത്തിന് അനുസൃതമാണോ? - ഇത്തരത്തിലുള്ള ചോദ്യങ്ങൾക്ക് മറുപടി തേടിയാണ് ജനങ്ങൾ വോട്ട് ചെയ്തത്. ഇപ്പോൾ അധികാരത്തിലെത്തുന്ന യുഡിഎഫിന് മുന്നിലുള്ള പ്രധാന വെല്ലുവിളി ഈ ചോദ്യങ്ങൾക്ക് പ്രവർത്തനത്തിലൂടെ മറുപടി നൽകുകയാണ്. വാഗ്ദാനങ്ങൾ നൽകുന്നത് എളുപ്പമാണ്; എന്നാൽ, അവ നടപ്പിലാക്കുന്നത് തന്നെയാണ് യഥാർത്ഥ ഭരണകലയെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

അതേസമയം, ഈ തെരഞ്ഞെടുപ്പ് ഫലം ദേശീയ രാഷ്ട്രീയത്തിലും പ്രതിഫലനം ഉണ്ടാക്കുന്നു. വിവിധ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രവണതകൾ രാജ്യത്തിന്റെ രാഷ്ട്രീയ ഭൂപടം മാറുന്നുവെന്ന് സൂചിപ്പിക്കുന്നു. തമിഴ്നാട്ടിൽ നടൻ വിജയ് നേതൃത്വം നൽകുന്ന ടി.വി.കെയുടെ മുന്നേറ്റം പുതിയ രാഷ്ട്രീയ സാധ്യതകളെ തുറന്നുകാട്ടുന്നു. പാരമ്പര്യ രാഷ്ട്രീയ ശക്തികൾക്ക് ഒരു വെല്ലുവിളിയായി ഉയരുന്ന ഈ മാറ്റം യുവജനങ്ങളുടെ ആകാംക്ഷയും പുതിയ രാഷ്ട്രീയ പ്രതീക്ഷകളും പ്രതിഫലിപ്പിക്കുന്നു.

പശ്ചിമ ബംഗാളിൽ, ദീർഘകാലമായി ശക്തമായ സ്ഥാനത്ത് തുടരുന്ന മമത ബാനർജിയെ നേരിട്ട് നേരിടുന്ന ബിജെപിയുടെ വിജയം ദേശീയതലത്തിൽ വലിയ രാഷ്ട്രീയ സന്ദേശമാണ്. ശക്തമായ പ്രാദേശിക നേതൃത്വത്തെ മറികടക്കാൻ കഴിയുന്ന ദേശീയ രാഷ്ട്രീയ ശക്തിയുടെ ഉയർച്ചയായി ഇതിനെ വിലയിരുത്തപ്പെടുന്നു. അസമിൽ ബിജെപിയുടെ വിജയം അവരുടെ ഭരണരീതിയോടുള്ള ജനങ്ങളുടെ വിശ്വാസത്തിന്റെ തെളിവായി കണക്കാക്കപ്പെടുന്നു. തുടർച്ചയായ ഭരണത്തിന് ജനങ്ങൾ നൽകുന്ന പിന്തുണ, സ്ഥിരതയും വികസനവും മുൻനിർത്തിയുള്ള രാഷ്ട്രീയത്തിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

കേരളത്തിന്റെ സാമൂഹിക - രാഷ്ട്രീയ പശ്ചാത്തലം പ്രത്യേകതയുള്ളതാണ്. ഇവിടെ വോട്ടർമാർ കൂടുതൽ ബോധവൽക്കരിച്ചവരാണ്. അതിനാൽ, ഭരണത്തിലെ ഓരോ തീരുമാനവും നിരീക്ഷിക്കപ്പെടും, വിലയിരുത്തപ്പെടും. സുതാര്യതയും തുറന്ന നിലപാടും മാത്രമേ ജനവിശ്വാസം നിലനിർത്താൻ സഹായിക്കൂ. അതേസമയം, പ്രതിപക്ഷത്തിന്റെ പങ്കും നിർണായകമാണ്. ശക്തമായ ജനാധിപത്യത്തിൽ ശക്തമായ പ്രതിപക്ഷം അനിവാര്യമാണ്. വിമർശനം നിർമാണാത്മകമായിരിക്കണം; തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യേണ്ടതാണ്. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ പൊതുചർച്ചകളുടെ നിലവാരം താഴ്ന്നുവരുന്നത് ആശങ്കാജനകമാണ്. സോഷ്യൽ മീഡിയയിലെ വിഷവത്കരണവും വ്യക്തിപരമായ ആക്രമണങ്ങളും യഥാർത്ഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കുന്നു. ജനങ്ങൾ പ്രതീക്ഷിക്കുന്നത് ആരോപണങ്ങളല്ല - ഫലപ്രദമായ ഭരണമാണ്.

ഈ തെരഞ്ഞെടുപ്പ് ഫലം മറ്റൊരു സത്യവും ഓർമ്മപ്പെടുത്തുന്നു - അധികാരം ശാശ്വതമല്ല. ജനങ്ങൾ അവരുടെ വിധി മാറ്റാൻ ഒരിക്കലും മടിക്കില്ല. അതിനാൽ, ഭരണകൂടം ഓരോ ദിവസവും പുതിയതായി ജനവിശ്വാസം നേടേണ്ടതാണ്. ഈ വിജയം ആഘോഷിക്കുമ്പോൾ മറക്കരുത് - ഇത് ഒരു തുടക്കമാണ്. ജനങ്ങൾ നൽകിയ ഈ അധികാരം ഒരു അവകാശമല്ല; അത് ഒരു കടമയാണ്. യുഡിഎഫിന് അഭിനന്ദനങ്ങൾ. എന്നാൽ, അതിനേക്കാൾ വലിയ ആശംസ - ജനവിധിയെ ആദരിക്കുന്ന, വിശ്വാസം കാത്തുസൂക്ഷിക്കുന്ന, ഉത്തരവാദിത്വപരമായ ഒരു ഭരണത്തിനായി. കേരളം കാത്തിരിക്കുന്നു - വാക്കുകൾക്കപ്പുറമുള്ള പ്രവർത്തനങ്ങൾക്കായി.

# മാധ്യമസ്വാതന്ത്ര്യത്തിൽ ഇന്ത്യ പിന്നിൽ

ന്യൂഡൽഹി: ലോക മാധ്യമസ്വാതന്ത്ര്യ സൂചികയിൽ 157-ാം സ്ഥാനത്തേക്ക് കൂപ്പുകുത്തി ഇന്ത്യ. 180 രാജ്യങ്ങളുടെ പട്ടികയിൽ കഴിഞ്ഞവർഷം 151-ാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യ ഈ വർഷത്തെ സൂചികയിൽ ആറു സ്ഥാനമാണ് താഴേക്കിറങ്ങിയത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യത്തു മാധ്യമസ്വാതന്ത്ര്യം പ്രതിസന്ധി നേരിടുകയാണെന്ന പരാമർശത്തോടെ പാരീസ് ആസ്ഥാനമായുള്ള 'റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ്' സംഘടനയാണ് സൂചിക പുറത്തുവിട്ടത്.

2014-ൽ നരേന്ദ്ര മോദി അധികാരമേറ്റതിനു പിന്നാലെ ഇന്ത്യൻ മാധ്യമങ്ങൾ അനൗദ്യോഗികമായ അടിയന്തരാവസ്ഥയിലേക്ക് പതിച്ചുവെന്നും ബിജെപിയും മാധ്യമങ്ങളെ നിയന്ത്രിക്കുന്ന വലിയ കുടുംബങ്ങളും തമ്മിൽ അതിശയകരമായ ഒരു സൗഹൃദം രൂപപ്പെട്ടുവെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.

25 വർഷത്തെ കാലയളവിനിടയിൽ ലോകത്തിലെ മാധ്യമസ്വാതന്ത്ര്യം അതിന്റെ ഏറ്റവും താഴത്തെ നിലയിലാണെന്ന് 2026-ലെ റിപ്പോർട്ടിൽ സംഘടന അടിവരയിടുന്നു. നോർവെ, നെതർലാൻഡ്സ്, എസ്തോണിയ എന്നീ രാജ്യങ്ങളാണ് മാധ്യമസ്വാതന്ത്ര്യ സൂചികയിൽ മുന്നിട്ടുനിൽക്കുന്നത്. രാജഭരണവും ഏകാധിപത്യവും ഭരണകൂടത്തെ നയിക്കുന്ന സൗദി അറേബ്യ, ഇറാൻ, ചൈന, ഉത്തരകൊറിയ, എരിത്രിയ എന്നീ രാജ്യങ്ങളാണ് 180 രാജ്യങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ളത്.

പാകിസ്ഥാൻ 153-ാം സ്ഥാനത്തുള്ളപ്പോൾ ഭൂട്ടാൻ 150-ാം സ്ഥാനത്തും നേപ്പാൾ 87-ാം സ്ഥാനത്തും ശ്രീലങ്ക 134-ാം സ്ഥാനത്തും ബംഗ്ലാദേശ് 152-ാം സ്ഥാനത്തുമാണുള്ളത്. എന്നാൽ മ്യാൻമർ (166), അഫ്ഗാനിസ്ഥാൻ (175), ചൈന (178) എന്നീ അയൽ രാജ്യങ്ങളിൽ മാധ്യമ സ്വാതന്ത്ര്യം ഇന്ത്യയിലേക്കാൾ താഴെയാണ്.

രാഷ്ട്രീയ സന്ദർഭങ്ങൾ, നിയമ ചട്ടക്കൂട്, സാമ്പത്തിക സന്ദർഭം, സാമൂഹിക-സാംസ്കാരിക സന്ദർഭം, സുരക്ഷ എന്നീ അഞ്ചു സൂചികകൾ ഉപയോഗിച്ചാണ് മാധ്യമസ്വാതന്ത്ര്യത്തെ വിലയിരുത്തിയിട്ടുള്ളത്. ഈ അഞ്ച് സൂചികകളിലും നരേന്ദ്ര മോദി സർക്കാരിനെ കുറ്റപ്പെടുത്തിക്കൊണ്ട് 'ഗോദി മാധ്യമങ്ങൾ' സമീപവർഷങ്ങളിൽ വർധിച്ചെന്നും 80 കോടി ഇന്ത്യക്കാരെങ്കിലും പിന്തുടരുന്ന 70-ലധികം മാധ്യമസ്ഥാപനങ്ങൾ പ്രധാനമന്ത്രിയുടെ അടുത്ത അനുയായിയും റിലയൻസ് ഇൻഡസ്ട്രീസ് തലവനുമായ മുകേഷ് അംബാനിക്കുണ്ടെന്നും റിപ്പോർട്ട് പരാമർശിക്കുന്നു.

പ്രധാനമന്ത്രി വാർത്താസമ്മേളനങ്ങൾ നടത്താറില്ലെന്നും അദ്ദേഹത്തെ അനുകൂലിക്കുന്ന തരത്തിൽ വാർത്തകൾ നൽകുന്ന മാധ്യമപ്രവർത്തകർക്കും യുട്യൂബർമാർക്കും മാത്രമേ അഭിമുഖങ്ങൾ നൽകാറുള്ളൂവെന്നും റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യയിൽ തീവ്രവാദവിരുദ്ധ നിയമം മാധ്യമപ്രവർത്തകർക്കെതിരെ വർധിച്ചതോതിൽ പ്രയോഗിക്കുന്നുണ്ടെന്നും 2023 ടെലികമ്യൂണിക്കേഷൻസ് നിയമം, 2023 ഐടി ഭേദഗതി നിയമം, 2023 ഡിജിറ്റൽ വ്യക്തിഗത ഡാറ്റ സംരക്ഷണ നിയമം തുടങ്ങിയ പുതിയ നിയമങ്ങൾ അവതരിപ്പിച്ചതിലൂടെ മാധ്യമങ്ങളെ നിയന്ത്രിക്കാൻ സർക്കാരിന് പ്രധാനമന്ത്രി അസാധാരണ അധികാരം നൽകിയെന്നും റിപ്പോർട്ട് പറയുന്നു.

ഇന്ത്യയിലെ മുഖ്യപ്രതിപക്ഷമായ കോൺഗ്രസും മറ്റു പ്രാദേശിക കക്ഷികളും പ്രതികാരനടപടിക്കും ഭീഷണിപ്പെടുത്തലിനുമായി മാധ്യമപ്രവർത്തകർക്കെതിരായ നിയമവ്യവസ്ഥകൾ ഉപയോഗിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിലുണ്ട്.

# ഇഡി അറസ്റ്റുകളുടെ എണ്ണം കുറഞ്ഞു; സ്വത്ത് കണ്ടുകെട്ടുന്നതിൽ കുതിപ്പ്

ന്യൂഡൽഹി: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇഡി) 2025-26 സാമ്പത്തികവർഷത്തെ വാർഷിക റിപ്പോർട്ട് പുറത്തുവിട്ടു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഇഡി നടത്തിയ അറസ്റ്റുകളിൽ കുറവുണ്ടായപ്പോൾ റെയ്ഡുകളിലും സ്വത്തു കണ്ടുകെട്ടലിലും റിക്കാർഡ് വർധനവാണ് ഉണ്ടായിരിക്കുന്നത്.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഇഡി ആകെ 156 പേരെയാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. 2024-25 വർഷത്തിൽ അറസ്റ്റിലായത് 214 പേരായിരുന്നു.

അറസ്റ്റുകളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ 27 ശതമാനം കുറവുണ്ടായെന്ന് വാർഷിക റിപ്പോർട്ട് വ്യക്തമാക്കുന്നു. കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷണങ്ങൾ നടത്തുന്നതിനാലാണിതെന്ന് ഇഡി റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

അതേസമയം, റെയ്ഡ്, സ്വത്തു കണ്ടുകെട്ടൽ എന്നിവയിൽ റിക്കാർഡ് വർധനയാണ് ഉണ്ടായതെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. 81422 കോടി രൂപയുടെ സ്വത്തുക്കളാണ് ഇക്കഴിഞ്ഞ വർഷം ഇഡി കണ്ടുകെട്ടിയത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 30,036 കോടി രൂപയുടെ സ്വത്തുക്കളാണ് കണ്ടുകെട്ടിയിരുന്നത്. ഇക്കൊല്ലം 171 ശതമാനത്തിന്റെ വർധന. കുറ്റവാളികളെ സാമ്പത്തികമായി തളർത്തുന്നതിനാണ് ഇഡി മുൻഗണന നൽകുന്നതെന്ന് റിപ്പോർട്ടിൽ പറയുന്നു.

2024-25 സാമ്പത്തികവർഷത്തിൽ 1491 റെയ്ഡുകൾ നടന്ന സ്ഥാനത്ത് 2025-26 സാമ്പത്തികവർഷത്തിൽ ഇത് 2892 ആയി ഉയർന്നു. കേസ് രജിസ്റ്റർ ചെയ്യുന്ന ഇസിഐആറുകളുടെ എണ്ണത്തിലും 39 ശതമാനം വർധനവുണ്ട്. കഴിഞ്ഞവർഷം 1080 പുതിയ കേസുകളാണ് രജിസ്റ്റർ ചെയ്തത്.

തട്ടിപ്പിനിരയായവർക്കും നിക്ഷേപകർക്കും ബാങ്കുകൾക്കും കണ്ടുകെട്ടിയ സ്വത്തുകൾ തിരികെ നൽകുന്നതിലും ഇഡി മികച്ചനേട്ടം കൈവരിച്ചു. 32678 കോടി രൂപയാണ് ഇക്കഴിഞ്ഞ വർഷം ഇഡി വീണ്ടെടുത്ത് നൽകിയത്.

15,000 കോടി വീണ്ടെടുക്കാനാണ് ഏജൻസി ലക്ഷ്യമിട്ടിരുന്നതെങ്കിലും അതിന്റെ ഇരട്ടിയിലധികം വീണ്ടെടുക്കാൻ കഴിഞ്ഞെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതിൽ പകുതിയോളം തുക പിഎസിഎൽ തട്ടിപ്പുകേസുമായി ബന്ധപ്പെട്ടതാണെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

കള്ളപ്പണം വെളുപ്പിക്കൽ കേസുകളുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളുടെ സഹായം തേടുന്ന കാര്യത്തിലും വർധനയുണ്ടായെന്ന് റിപ്പോർട്ടിൽ പറയുന്നു. ആകെ 353 നിയമസഹായ അഭ്യർത്ഥനകളാണ് വിവിധ രാജ്യങ്ങളിലായി നിലവിലുള്ളത്.

ഇതിൽ ഭൂരിഭാഗവും യുഎഇ, സിംഗപൂർ, യുകെ തുടങ്ങിയ രാജ്യങ്ങളിലാണെന്നും റിപ്പോർട്ടിൽ പറയുന്നു.

## ഗതാഗതക്കുരുക്കിൽ മൂന്നാർ ശ്വാസംമുട്ടുന്നു; സഞ്ചാരികൾ മടങ്ങുന്നു

മൂന്നാർ: ഗതാഗതക്കുരുക്കിൽ മുങ്ങി മൂന്നാറും പരിസരങ്ങളും. കഴിഞ്ഞ മൂന്നു ദിവസമായി മൂന്നാറിലും വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സഞ്ചാരികളുടെ വൻതിരക്കാണ് അനുഭവപ്പെടുന്നത്.

മദ്ധ്യവേനൽ അവധി ആരംഭിച്ചശേഷം ഏറ്റവുമധികം തിരക്ക് അനുഭവപ്പെട്ടത് കഴിഞ്ഞ മൂന്നു ദിവസങ്ങളിലാണ്. ആനച്ചാൽ, ആൽത്തറ, രണ്ടാംമൈൽ, പള്ളിവാസൽ, ഹെഡ്‌വർക്സ് ഡാം മുതൽ ആർഒ കവല, മാട്ടുപ്പെട്ടി, മറയൂർ റോഡ്, ഫ്ളവർ ഗാർഡൻ, കുണ്ടള, എക്കോ പോയിന്റ് എന്നിവിടങ്ങളിലാണ് ഏറ്റവുമധികം കുരുക്ക് അനുഭവപ്പെട്ടത്.

മൂന്നാർ ടൗണിൽ നിന്ന് ആനച്ചാൽ വരെയുള്ള 15 കിലോമീറ്റർ ദൂരം രണ്ട് മുതൽ മൂന്നര മണിക്കൂർ സമയമെടുത്താണ് വാഹനങ്ങൾ കടന്നുപോകുന്നത്. പാതയോരങ്ങളിലെ അനധികൃത പാർക്കിങ്, വഴിയോര കച്ചവടങ്ങൾ, ദേശീയ പാതയുടെ വീതികൂട്ടൽ തുടങ്ങിയവയാണ് കുരുക്ക് രൂക്ഷമാകാനുള്ള കാരണം.

പ്രധാന പോയിന്റുകളിൽ പോലീസിനെ നിയമിച്ചിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ്. മണിക്കൂറുകൾ കുരുക്കിൽപ്പെട്ടു കിടക്കുന്ന സഞ്ചാരികൾ ഭക്ഷണമോ വെള്ളമോ ലഭിക്കാതെ മടങ്ങുകയാണ്.


# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**




# മസ്തിഷ്കമരണ സ്ഥിരീകരണത്തിന് പുതിയ മാർഗങ്ങൾ തേടണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ബ്രെയിൻ ഡെത്ത് സ്ഥിരീകരണത്തിന് നിലവിലെ രീതികൾക്കു പകരം ശാസ്ത്രീയ മാർഗങ്ങൾ അന്വേഷിക്കേണ്ടതുണ്ടെന്ന് സുപ്രീം കോടതി. ഇതിനു വിദഗ്ധ സമിതി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിനു കോടതി നിർദേശം നൽകി. ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. ബ്രെയിൻ ഡെത്ത് പ്രഖ്യാപനം പലപ്പോഴും വിശ്വസനീയമല്ലാത്ത രീതികളുടെ അടിസ്ഥാനത്തിലാണു നടക്കുന്നതെന്നാരോപിച്ച് കേരളത്തിൽ നിന്നുള്ള ഡോ. എസ്. ഗണപതി സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു സുപ്രീംകോടതി.

രോഗിയെ നേരിട്ടു പരിശോധിക്കാതെയാണ് ചില സാഹചര്യങ്ങളിൽ ബ്രെയിൻ ഡെത്ത് പ്രഖ്യാപിക്കുന്നതെന്ന് ഹർജിക്കാരൻ ആരോപിച്ചു. അപ്നിയ ടെസ്റ്റ് പോലെ പൂർണമായും വിശ്വസനീയമല്ലാത്ത രീതികളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപനം നടത്തുന്നതും അപലപനീയമാണ്. ഒരു കേസിൽ രോഗിയെ നേരിട്ടു പരിശോധിക്കാതെ ബ്രെയിൻ ഡെത്ത് പ്രഖ്യാപിച്ചതായും അവയവദാനത്തിനു സമ്മതിച്ചാൽ ആശുപത്രി ചെലവുകൾ ഒഴിവാക്കി മൃതദേഹം കൊണ്ടുപോകാമെന്നു കുടുംബത്തോട് ആശുപത്രി അധികൃതർ നിർദേശിച്ചതായും അദ്ദേഹം ചൂണ്ടിക്കാട്ടി. അപ്നിയ ടെസ്റ്റിനു പകരം ബ്രെയിൻ ആൻജിയോഗ്രം, ഇഇജി (ഇലക്ട്രോ എൻസെഫലോഗ്രാം) എന്നിവ ഉപയോഗിക്കണമെന്നും ഹർജിക്കാരൻ നിർദേശിച്ചു. ബ്രെയിൻ ഡെത്ത് സംഭവിക്കുമ്പോൾ മസ്തിഷ്കത്തിലേക്കുള്ള രക്തവാഹനം നിലയ്ക്കുകയും കോശങ്ങൾ പ്രവർത്തനരഹിതമാവുകയും ചെയ്യുമെന്നും അദ്ദേഹം വിശദീകരിച്ചു.

നിലവിലെ നിയമപ്രകാരം ബ്രെയിൻ ഡെത്ത് സ്ഥിരീകരണത്തിന് സമിതി രൂപീരിച്ച് അപ്നിയ ടെസ്റ്റ് നടത്തേണ്ടതുണ്ടെന്നും അത് വീഡിയോ രേഖപ്പെടുത്തണമെന്നും കോടതി നിരീക്ഷിച്ചപ്പോൾ പ്രായോഗികമായി ഇത്തരം നടപടികൾ പാലിക്കപ്പെടുന്നില്ലെന്ന് ഹർജിക്കാർ മറുപടി നൽകി. ഇതേ തുടർന്നാണ് പിശോധനാ രീതികളുടെ വിശ്വാസ്യതയും സുരക്ഷയും വിലയിരുത്താൻ വിദഗ്ധ സമിതി രൂപീകരിക്കാൻ എഐഎംഎഎസിന് ബെഞ്ച് നിർദേശം നൽകിയത്.

ന്യൂറോളജി വിഭാഗം മേധാവിയുടെ നേതൃത്വത്തിലുള്ള സമിതിയിൽ മൂന്നു മുതൽ അഞ്ചു വരെ വിദഗ്ധരെ ഉൾപ്പെടുത്തണമെന്നാണ് നിർദേശം. സമിതിയുടെ റിപ്പോർട്ട് സീൽ ചെയ്ത കവറിൽ സമർപ്പിക്കണമെന്നും കേസ് ജൂലൈയിൽ വീണ്ടും പരിഗണിക്കുമെന്നും ബെഞ്ച് വ്യക്തമാക്കി.

# എണ്ണക്കിണറിൽനിന്ന് വൈദ്യുതി; മലയാളി ശാസ്ത്രജ്ഞന്റെ കണ്ടുപിടുത്തം

കോട്ടയം: ചൂടുകാലത്തൊരു ചൂട് കറന്റ് വാർത്ത. മദ്രാസ് ഐ.ഐ.ടിയിലെ മലയാളി ശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ ഭൗമതാപോർജത്തിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ആദ്യ ജിയോ തെർമൽ പ്ലാന്റ് ഗുജറാത്തിൽ സ്ഥാപിച്ചു. പരീക്ഷണങ്ങൾ വിജയമായതോടെ പൂർണതോതിലുള്ള പ്രവർത്തനം വൈകാതെ തുടങ്ങും. പൈലറ്റ് പദ്ധതിയാണ് സൂറത്തിനടുത്ത് അങ്കലേശ്വറിൽ നടപ്പാക്കുന്നത്.

ഉപയോഗശൂന്യമായ എണ്ണക്കിണറുകളിലെ താപം ഉപയോഗിച്ചാണ് വൈദ്യുതി ഉത്പാദനം. പദ്ധതിക്കുപിന്നിൽ ഐ.ഐ.ടി. ഗ്രീൻ ഹൈഡ്രജൻ ആൻഡ് ഹൈഡ്രോ കാർബൺസ് ടെക് കൺസോർഷ്യം ഫാക്കൽറ്റി കോ-ഓർഡിനേറ്ററും ഓഷ്യൻ എഞ്ചിനീയറിങ് വിഭാഗം പ്രൊഫസറുമായ തിരുവനന്തപുരം പാച്ചല്ലൂർ സ്വദേശി ഡോ. രാജേഷ് ആർ. നായരുടെ നേതൃത്വത്തിലുള്ള ശാസ്ത്രസംഘമാണ്. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയാണ് 15.5 കോടി ചെലവഴിച്ചുള്ള പദ്ധതി. ആവശ്യം കഴിഞ്ഞ് ഉപേക്ഷിച്ച എണ്ണ-പ്രകൃതിവാതക കിണറുകൾ പ്രയോജനപ്പെടുത്തിയാണ് പ്ലാന്റിന്റെ പ്രവർത്തനം. അങ്കലേശ്വറിൽ ഒ.എൻ.ജി.സിയുടെ കിണറിലാണ് പ്ലാന്റ്. ഉപേക്ഷിച്ച പ്രകൃതി വാതക-എണ്ണക്കിണറുകളിൽനിന്ന് 40 വർഷം വൈദ്യുതി ഉത്പാദിപ്പിക്കാനാകുമെന്ന് രാജേഷ് ആർ. നായർ പറഞ്ഞു.

എണ്ണക്കിണറിന്റെ ആഴം രണ്ടര കിലോമീറ്ററോളമാണ്. എണ്ണഖനനം ഉപേക്ഷിച്ചതിനാൽ വെള്ളമുണ്ട്. 130 ഡിഗ്രി ഭൗമതാപനിലയാണ് കിണറിൽ. വെള്ളംകടത്തിവിട്ട് നീരാവി ഉപരിതലത്തിലേക്കെത്തിച്ചാണ് വൈദ്യുതോത്പാദനം. സെക്കൻഡിൽ 450 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ 13,000-ലേറെ എണ്ണക്കിണറുകൾ ഉപയോഗശൂന്യമായുണ്ട്.



പാച്ചല്ലൂർ കളഭം വീട്ടിൽ പരേതനായ ജി. രാഘവൻനായരുടെയും ഫോർട്ട് ഹൈസ്കൂളിലെ റിട്ട. അദ്ധ്യാപിക എം. സുഗന്ധകുമാരിയുടെയും മകനാണ് രാജേഷ് ആർ. നായർ. ഭാര്യ കോട്ടയം നാഗമ്പടം ഗീതാഞ്ജലിയിൽ ലക്ഷ്മിപ്രിയ മേനോൻ, മദ്രാസ് ഐ.ഐ.ടി. കാമ്പസിലെ സ്റ്റാർട്ടപ്പ് ആയ സെംബ്ലൻസ് ഹൈഡ്രോകാർബൺസിന്റെ സി.ഇ.ഒ ആണ്.

# ആയുർവേദ ചികിത്സയ്ക്ക് സാങ്കേതിക വിദ്യയും

കോട്ടയം: ആയുർവേദ ചികിത്സയുടെ ഫലം കൃത്യമായി അറിയുന്നതിനും ഫലപ്രാപ്തി കൂട്ടുന്നതിനും സഹായിക്കുന്ന പുതിയ സാങ്കേതിക ഉപകരണം വികസിപ്പിച്ചു, കോട്ടയം വലവൂർ ഐഐഐടിയിലെ ചീഫ് ഇന്നൊവേഷൻ ഓഫീസർ കെ.ബി. അനുരൂപാണ് ഈ സാങ്കേതിക ഉപകരണങ്ങളുടെ ആശയം വികസിപ്പിച്ചത്. അഗ്നികർമ്മ (കിഴി) ചികിത്സ ചെയ്യുന്ന 'ശലാക', നസ്യം ചെയ്യുന്ന 'ഗോകർണ്ണ' എന്നീ ഉപകരണങ്ങൾക്കൊപ്പം ഇത് ഘടിപ്പിക്കാം. നസ്യചികിത്സയ്ക്കൊപ്പം ഉപയോഗിച്ചാൽ മരുന്നിന്റെ ചൂട്, അളവ് എന്നിവ രേഖപ്പെടുത്താം. ഈ ചികിത്സകളുടെ ഫലപ്രാപ്തി പലപ്പോഴും ചികിത്സ നടത്തുന്ന തെറാപ്പിസ്റ്റിന്റെ മികവിനും പരിചയസമ്പത്തിനും അനുസരിച്ച് മാറും.

ഓരോ രോഗിയുടെയും ശാരീരികാവസ്ഥയ്ക്കും ചികിത്സയ്ക്കും അനുസരിച്ച് സമ്മർദ്ദം, താപനില, സമയം എന്നിവ കൃത്യമായി നിയന്ത്രിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് ചികിത്സാ ഉപകരണങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന സാങ്കേതിക ഉപകരണത്തിന്റെ പ്രസക്തി.

ഉദാഹരണത്തിന് കിഴി ചികിത്സയ്ക്കുള്ള സംവിധാനത്തിനൊപ്പം ഇത് ഘടിപ്പിച്ചാൽ എത്ര സമ്മർദ്ദം നല്കി, ഏത് താപനിലയിൽ ചികിത്സ നടന്നു, ശരീരത്തിന്റെ ഏത് ഭാഗങ്ങളിൽ എത്രസമയം പ്രവർത്തിച്ചു തുടങ്ങിയ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്താം. ഈ വിവരശേഖരണം വഴി ഒരു തെറാപ്പിസ്റ്റിന്റെ പ്രവർത്തനക്ഷമത ശാസ്ത്രീയമായി വിലയിരുത്താം. ഒരു ചികിത്സയുടെ മുഴുവൻ പ്രക്രിയയും രേഖപ്പെടുത്തിയതിനാൽ, അതിലെ പിഴവുകൾ കണ്ടെത്താനും തിരുത്താനും എളുപ്പമാകും.

ഇന്റർനെറ്റ് ഓഫ് തിങ്ക്സ് അടിസ്ഥാനമാക്കിയാണ് ഉപകരണങ്ങൾ വികസിപ്പിച്ചതെന്ന് കെ.ബി. അനുരൂപ് പറഞ്ഞു. വൈദ്യരത്നം ആയുർവേദ ഗ്രൂപ്പ് ചെറുതുരുത്തിയിലെ നാഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പഞ്ചകർമ്മ, ന്യൂഡൽഹിയിലെ ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ, ജാംനഗറിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചിംഗ് ആൻഡ് റിസർച്ച് ഇൻ ആയുർവേദ എന്നിവയുമായി സഹകരിച്ച് ഐഐഐടി രജിസ്ട്രാർ ഡോ. എം. രാധാകൃഷ്ണന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. ഈ ഉപകരണങ്ങൾക്ക് പേറ്റന്റ് നേടാനുള്ള ശ്രമം പുരോഗമിക്കുന്നു.

ഡിസംബറിൽ ലോകാരോഗ്യ സംഘടനയുടെ ഹെൽത്ത് ഹെറിറ്റേജ് ഇന്നോവേഷൻ പ്രോഗ്രാമിൽ മികച്ച 21 ഗവേഷകരിൽ ഒരാളായി അനുരൂപിനെ തെരഞ്ഞെടുത്തിരുന്നു. എറണാകുളം വടക്കേക്കര തുരുത്തിപ്പുറം സ്വദേശിയായ അനുരൂപ് (36) കളത്തിൽ കെ.കെ. ഭരതന്റെയും പി.ആർ. ഉഷയുടെയും മകനാണ്. ഭാര്യ മഞ്ജു സുരേഷ്.






# റ്റാമ്പാ ക്നാനായ വിമൻസ് ഫോറം തിളക്കമാർന്ന ഉല്ലാസയാത്ര സംഘടിപ്പിച്ചു



**ജുബിയ പടിക്കപ്പറമ്പിൽ**

റ്റാമ്പാ: റ്റാമ്പാ കേന്ദ്രമായി പ്രവർത്തിക്കുന്ന ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ (KCCCF) പോഷകസംഘടനയായ വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ തിളക്കമാർന്ന ഒരു ഉല്ലാസയാത്ര സംഘടിപ്പിച്ചു. ഏപ്രിൽ മാസം 25-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് രണ്ട് ബസുകളിലായി നൂറിലധികം വനിതകൾ പങ്കെടുത്തത് ഏറ്റവും നയനാനന്ദകരമായിരുന്നു. എല്ലാം മറന്ന് ആടിപ്പാടി റ്റാമ്പായിലെ ക്നാനായ വനിതകൾ ആഘോഷത്തിമിർപ്പിന്റെ ഭാഗമായിത്തീർന്നു. കമ്യൂണിറ്റി സെന്ററിൽ നിന്ന് ഏകദേശം രണ്ട് മണിക്കൂർ ദൂരമുള്ള സരസോട്ടാക്ക് സൗത്തിലുള്ള പുന്റേകോഡായെ ലക്ഷ്യമാക്കിയുള്ള യാത്രയായിരുന്നു അത്. അവിടെയുള്ള പ്രസിദ്ധമായ ഫിഷർമെൻസ് വില്ലേജിലേക്കായിരുന്നു അവരുടെ യാത്ര.

അവിടെനിന്ന് ബോട്ട് യാത്ര ആരംഭിച്ചു. രണ്ട് നിലകളുള്ള ഒരു ബോട്ട് നിറയെ ക്നാനായ വനിതകൾ, ഗൾഫ് ഓഫ് മെക്സിക്കോയോട് ചേർന്നു കിടക്കുന്ന ചാർലറ്റ് ഹാർബറിലൂടെയുള്ള യാത്ര സന്തോഷകരമായതും ഉന്മേഷം പകരുന്നതുമായ ഒരു യാത്രയായിരുന്നു അത്. അമേരിക്കക്കാരനായ ക്യാപ്റ്റൻ വനിതകളോടൊപ്പം നൃത്തച്ചുവടുകൾ വെച്ചത് ഏറ്റവും ആനന്ദകരമായിരുന്നു. തിരിച്ചെത്തി ഫിഷർമാൻസ് വില്ലേജിലെ 'ദ ഐലൻഡ്സ്' എന്ന റെസ്റ്റോറന്റിൽ ഒരുക്കിയ രുചികരമായ ലഞ്ച് ഏവരും ആസ്വദിച്ചു. അതിനോടു ചേർന്നുള്ള ഷോപ്പിങ് മാളിൽ ഇന്നത്തെ തരംഗമായ റീൽസ് ഒരുക്കിയത് കാണികൾക്ക് ഹൃദ്യമായ ഒരു കാഴ്ചയായിരുന്നു.

തിരിച്ച് ആറു മണിയോടുകൂടി കമ്യൂണിറ്റി സെന്ററിൽ എത്തുകയും കാപ്പിയും പലഹാരങ്ങളോടു കൂടിയ ലഘുഭക്ഷണത്തോടുകൂടി പരിപാടികൾ അവസാനിച്ചു. പങ്കെടുത്തവർ വീണ്ടും ഉടൻതന്നെ അടുത്ത ഉല്ലാസയാത്ര സംഘടിപ്പിക്കണമെന്നു പറഞ്ഞപ്പോൾ ഏവരും ഈ യാത്ര ആസ്വദിച്ചു എന്ന് മനസ്സിലാക്കുവാൻ സാധിച്ചു.

കെ.സി.സി.സി.എഫ് പ്രസിഡണ്ട് ജയ്മോൾ മൂശാരിപറമ്പിൽ, നാഷണൽ വിമൻസ് ഫോറം ട്രഷറർ രേഷ്മ കൊച്ചുപുരയ്ക്കൽ എന്നിവരുടെ സാന്നിദ്ധ്യം ഈ യാത്രയ്ക്ക് മാറ്റുകൂട്ടി.

കെ.സി.സി.സി.എഫ് വിമൻസ് ഫോറം പ്രസിഡണ്ട് ജുബിയ പടിക്കപ്പറമ്പിൽ, വൈസ് പ്രസിഡണ്ട് ബ്രിജിറ്റ് കുളങ്ങര, സെക്രട്ടറി അലിയ കണ്ടാരപ്പള്ളിൽ, ട്രഷറർ സോണിയാ കൂമ്പക്കൽ, ജോയിന്റ് സെക്രട്ടറി ബിന്നി പുളിക്കത്തൊട്ടിയിൽ എന്നിവരുടെ നേതൃത്വത്തിലാണ് ഈ പരിപാടികൾ സംഘടിപ്പിച്ചത്.









# ഗംഗ എക്സ്പ്രസ് വേ ഇന്ത്യയ്ക്ക് സമർപ്പിച്ച് മോദി




ഗംഗ എക്സ്പ്രസ് വേ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുന്നു.

ലക്നൗ: ഉത്തർപ്രദേശിലെ ഏറ്റവും ദൈർഘ്യമേറിയ എക്സ്പ്രസ് വേയും ഇന്ത്യയിലെതന്നെ ഏറ്റവും വലിയ ഗ്രീൻഫീൽഡ് റോഡ് പദ്ധതികളിലൊന്നുമായ ഗംഗ എക്സ്പ്രസ് വേ പ്രധാനമന്ത്രി നരേന്ദ്ര മോദി ഏപ്രിൽ 29-ന് ബുധനാഴ്ച നാടിന് സമർപ്പിച്ചു. ഹർദോയ് ജില്ലയിൽ നടന്ന ചടങ്ങിൽ ഗവർണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർ പങ്കെടുത്തു. ആയിരത്തിലധികം വർഷങ്ങളായി ഗംഗ ഉത്തർപ്രദേശിന്റെ ജീവരേഖയായതുപോലെ സംസ്ഥാനത്തിന്റെ വികസനത്തിന് ഈ എക്സ്പ്രസ് വേ പുതിയ ജീവരേഖയാകുമെന്ന് പ്രധാനമന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു.

ഹർദോയിൽനിന്നുള്ള എക്സ്പ്രസ് വേയുടെ ഉദ്ഘാടനത്തോടെ സംസ്ഥാനത്തിന്റെ വികസനയാത്രയ്ക്ക് പുതിയ ഗതിവേഗം വരുമെന്ന് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എക്സിൽ കുറിച്ചു. എക്സ്പ്രസ് വേ സംസ്ഥാനത്തെ ഗ്രാമങ്ങളെയും കർഷകരെയും സംരംഭകരെയും യുവാക്കളെയും ബന്ധിപ്പിക്കുന്ന ഒരു ജീവൻരേഖയാണെന്നും യോഗി പ്രതികരിച്ചു. മീററ്റിനെ പ്രയാഗ്രാജുമായി ബന്ധിപ്പിക്കുന്ന എക്സ്പ്രസ് വേ യാഥാർത്ഥ്യമായതോടെ 600 കിലോമീറ്റർ പിന്നിടാനുള്ള യാത്രാസമയം ആറു മണിക്കൂറായി കുറയും. സംസ്ഥാനത്തെ പ്രധാനപ്പെട്ട നഗരങ്ങളെ ബന്ധിപ്പിക്കുന്ന എക്സ്പ്രസ് വേ ആറുവരിപ്പാതയായാണു വിഭാവനം ചെയ്തിരിക്കുന്നത്. ഭാവിയിൽ എട്ടുവരിയാകുന്ന രീതിയിലാണു ഡിസൈൻ. പരമാവധി വേഗം മണിക്കൂറിൽ 120 കിലോമീറ്ററാണ്. റിക്കാർഡ് വേഗത്തിലാണ് പാതയുടെ നിർമാണം പൂർത്തിയാക്കിയത്.

12 ജില്ലകളിലൂടെ കടന്നുപോയി മീററ്റിനെ പ്രയാഗ്രാജുമായി ബന്ധിപ്പിക്കുന്നതാണ് ഈ എക്സ്പ്രസ് വേ. മീററ്റ്, ഹപൂർ, ബുലന്ദ്ഷഹർ, അംറോഹ, സംഭാൽ, ബദായൂൻ, ഷാജഹാൻപൂർ, ഹർദോയ്, ഉന്നാവോ, റായ്ബറേലി, പ്രതാപ്ഗഡ്, പ്രയാഗ്രാജ് എന്നീ ജില്ലകളിലൂടെയാണ് എക്സ്പ്രസ് വേ കടന്നുപോകുന്നത്. 36,230 കോടി രൂപ ചെലവിലാണ് നിർമിച്ചിരിക്കുന്നത്.

പാത യാഥാർത്ഥ്യമായതോടെ വ്യവസായമേഖലയിൽ വൻ മുന്നേറ്റം ഉണ്ടാക്കാനാകുമെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ. റോഡിനോടു ചേർന്ന് 12 സംയോജിത മാനുഫാക്ചറിംഗ് ആൻഡ് ലോജിസ്റ്റിക്സ് ക്ലസ്റ്ററുകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ പദ്ധതിയിടുന്നുണ്ട്. ഇതിനായി ഏകദേശം 6507 ഏക്കർ ഭൂമി ഇതിനകം കണ്ടെത്തിക്കഴിഞ്ഞു. ഏകദേശം 47,000 കോടി രൂപയുടെ നിക്ഷേപത്തിനായി 987 നിർദേശങ്ങൾ ഇതിനകം ലഭിച്ചെന്ന് അധികൃതർ അറിയിച്ചു. വിമാനങ്ങൾക്ക് ഇറങ്ങാൻ സാധിക്കുന്ന രീതിയിൽ ഷാജഹാൻപുരിനു സമീപം 3.2 കിലോമീറ്റർ ദൈർഘ്യത്തിൽ റൺവേയും സജ്ജീകരിച്ചിട്ടുണ്ട്. ഇന്റലിജന്റ് ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം, സിസിടിവി കാമറകൾ, എമർജൻസി കോൾ ബോക്സുകൾ, പട്രോളിംഗ് യൂണിറ്റുകൾ എന്നിവ സുരക്ഷയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. എക്സ്പ്രസ് വേയുടെ നാലിൽ മൂന്നു ഭാഗങ്ങളും അദാനി ഗ്രൂപ്പാണ് നിർമിച്ചിരിക്കുന്നത്.

## ഇന്ത്യയിലെ വേനൽക്കാലം വർധിക്കുമെന്ന് മുന്നറിയിപ്പ്

ന്യൂഡൽഹി: അടുത്ത 20 വർഷത്തിനുള്ളിൽ ഇന്ത്യയിലെ വേനൽക്കാലം 40 ദിവസം വരെ വർധിക്കുമെന്ന് മുന്നറിയിപ്പ്. ഡൽഹി ആസ്ഥാനമായുള്ള പരിസ്ഥിതി സമിതിയായ കൗൺസിൽ ഫോർ എനർജി, എൻവയൺമെന്റ് ആൻഡ് വാട്ടർ (സീവ്) വികസിപ്പിച്ചെടുത്ത എഐ അധിഷ്ഠിത കാലാവസ്ഥാ ഇന്റലിജൻസ് പ്ലാറ്റ്ഫോമായ ക്ലൈമറ്റ് റെസിലിയൻസ് അനലിറ്റിക്സ് ആൻഡ് വിഷലൈസേഷൻ ഇന്റലിജൻസ് സിസ്റ്റത്തിന്റെ (ക്രാവിസ്) കണക്കുകൂട്ടലുകളെ അടിസ്ഥാനമാക്കിയാണ് മുന്നറിയിപ്പ്.

ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്, പൂണെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റിരിയോളജി, ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് ശേഖരിച്ച 40 വർഷത്തിലേറെയുള്ള വിവരങ്ങളും 2070 വരെയുള്ള കാലാവസ്ഥാ പ്രവചനങ്ങളും ഉപയോഗിച്ചാണ് എഐ പ്രവചനം.

1981-2010-ലെ കാലാവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ അടുത്ത രണ്ട് ദശകങ്ങളിൽ ഇന്ത്യയിൽ ഓരോ വർഷവും 15 മുതൽ 40 വരെ അസാധാരണമായ ചൂടുദിനങ്ങൾക്ക് സാധ്യതയുണ്ടെന്ന് ക്രാവിസ് പറയുന്നു. കേരളം, മഹാരാഷ്ട്ര, തെലങ്കാന, ആന്ധ്ര, കർണാടക, തമിഴ്നാട് എന്നിവയുൾപ്പെടെയുള്ള മധ്യ-ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാണ് വേനൽക്കാലം വർധിക്കാൻ സാധ്യത.

## വിദ്വേഷപ്രസംഗങ്ങൾ തടയാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ഇന്ത്യയിലുടനീളം വർധിച്ചുവരുന്ന വിദ്വേഷ പ്രസംഗങ്ങൾ തടയുന്നതിന് പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണെന്നും പ്രശ്നം അതു നടപ്പാക്കുന്നതിലെ പോരായ്മയാണെന്നും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

കുറ്റകൃത്യങ്ങൾ നിർവചിക്കുന്നതും നിയമനിർമാണം നടത്തുന്നതും പാർലമെന്റിന്റെയും നിയമസഭകളുടെയും അധികാരപരിധിയിൽ വരുന്ന കാര്യമാണ്. കോടതികൾക്കു നിയമത്തെ വ്യാഖ്യാനിക്കാനല്ലാതെ പുതിയ നിയമങ്ങൾ നിർമിക്കാൻ ബന്ധപ്പെട്ട സർക്കാരിനെ നിർബന്ധിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി. ബിഎൻഎസ്എസ് (ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത) പ്രകാരം കുറ്റകൃത്യങ്ങൾക്കെതിരെ നടപടിയെടുക്കാൻ വ്യക്തമായ സംവിധാനങ്ങൾ നിലവിലുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

2020 മുതൽ സമൂഹമാധ്യമങ്ങളിലൂടെയും മുഖ്യധാരാ മാധ്യമങ്ങളിലൂടെയും നടത്തിയ വിദ്വേഷ പ്രസംഗങ്ങളും പരാമർശങ്ങളുമായി ബന്ധപ്പെട്ട ഒരുകൂട്ടം ഹർജികളിലാണ് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. വിദ്വേഷ പ്രസംഗങ്ങൾക്കെതിരെ പരാതികൾക്കായി കാത്തുനിൽക്കാതെ പോലീസ് സ്വമേധയാ കേസെടുക്കണമെന്ന് 2023-ൽ സുപ്രീംകോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ഇതു കൃത്യമായി പാലിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടി കോടതിയലക്ഷ്യ ഹർജി നിലനിൽക്കെയാണു സുപ്രീംകോടതിയുടെ ഉത്തരവ്.

വിദ്വേഷ പ്രസംഗം തടയാൻ നിയമപരിഷ്കാരം ആവശ്യമാണോയെന്നും പരിശോധിക്കേണ്ടത് നിയമനിർമാണ സഭകളാണെന്ന് കോടതി പറഞ്ഞു. ഒരു പരാതിയിൽ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്യാത്തപക്ഷം പരാതിക്കാരൻ പോലീസ് സൂപ്രണ്ടിനെയോ മജിസ്ട്രേറ്റിനെയോ സമീപിക്കുന്നതിലൂടെ അന്വേഷണത്തിന് ഉത്തരവിടാൻ നിയമപരമായി സാധിക്കും.

മജിസ്ട്രേറ്റ് അന്വേഷണത്തിന് ഉത്തരവിടുന്നത് കോടതി നടപടികൾ ഔദ്യോഗികമായി തുടങ്ങുന്നതിന് തുല്യമല്ലെന്നും അതിനാൽ ഇതിനായി മുൻകൂർ അനുമതിയുടെ ആവശ്യമില്ലെന്നും കോടതി വ്യക്തമാക്കി.

## അതിജീവിതയുടെ ഗർഭച്ഛിദ്രം: നിയമ ഭേദഗതി വേണമെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ഗർഭച്ഛിദ്രം നടത്താൻ നിയമപരമായി നിശ്ചയിച്ച സമയപരിധി പീഡനത്തിന് ഇരയാക്കപ്പെടുന്ന പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ കാര്യത്തിൽ ഒഴിവാക്കണമെന്ന് സുപ്രീം കോടതി നിർദേശിച്ചു. ഇതിനായി നിയമ ഭേദഗതി കൊണ്ടുവരാൻ കേന്ദ്രസർക്കാരിനോടു നിർദേശിച്ചു. പീഡനത്തിന് ഇരയായ 15-കാരിയുടെ 30 ആഴ്ച പിന്നിട്ട ഗർഭം ഒഴിവാക്കാൻ അനുമതി നൽകിയ കോടതി വിധി നടപ്പാക്കാത്ത കേന്ദ്രസർക്കാരിനും ഡൽഹി എയിംസിനും എതിരേയുള്ള കോടതിയലക്ഷ്യ ഹർജി പരിഗണിക്കുമ്പോഴായിരുന്നു നിർദേശം. ഗർഭം തുടരണോ എന്നു തീരുമാനിക്കാനുള്ള അവകാശം പെൺകുട്ടിക്കാണെന്നും പ്രസവാനന്തരം കുട്ടിയെ ദത്തു നൽകാമെന്നതു പോലെയുള്ള ന്യായങ്ങളുടെ പേരിൽ ഗർഭച്ഛിദ്രം നിഷേധിക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി.






# ഡിജോ കാപ്പൻ: നഷ്ടമായത് കേരളത്തിലെ പൊതുരംഗത്തെ സജീവ സാന്നിദ്ധ്യത്തെ

പാലാ: ഉപഭോക്താക്കളുടെയും കർഷകരുടെയും അവകാശ സംരക്ഷണങ്ങൾക്കു വേണ്ടി കക്ഷിരാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ച് കേരളത്തിലെ പൊതുരംഗത്ത് സജീവ സാന്നിദ്ധ്യമായി പതിറ്റാണ്ടുകൾ നിറഞ്ഞുനിന്ന വ്യക്തിത്വമാണ് ഡിജോ കാപ്പൻ.

2025 ഒക്ടോബർ 16-ന് പുലർച്ചെ തിരുവനന്തപുരത്ത് വെച്ചുണ്ടായ കാറപകടത്തെ തുടർന്ന് വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. തുടർന്ന് നാട്ടിലേക്ക് കൊണ്ടുവന്ന് പാലായിലെ മാർ സ്ലീവാ ആശുപത്രിയിലായിരുന്നു അന്ത്യം.

പാലാ മീനച്ചിൽ പഞ്ചായത്തിൽ പാലാക്കാട് (ഇടമറ്റം) എന്ന ഗ്രാമത്തിൽ കാപ്പിൽ കുടുംബത്തിൽ പരേതനായ കെ.സി. ജോസഫിന്റെയും മേരി ജോസഫിന്റെയും മൂത്തപുത്രനായ ഡിജോ കാപ്പൻ വിദ്യാർത്ഥിരാഷ്ട്രീയത്തിലൂടെയാണ് പൊതുരംഗത്ത് എത്തുന്നത്.

ഇടമറ്റം കെ.റ്റി.ജെ.എം. സ്കൂളിൽ പഠിക്കുമ്പോൾ കേരള കോൺഗ്രസ് വിദ്യാർത്ഥി വിഭാഗമായ കെ.എസ്സി യൂണിറ്റ് പ്രസിഡണ്ടായിട്ടാണ് പൊതുപ്രവർത്തനം തുടങ്ങിയത്. സ്കൂൾ ലീഡറായും പാലാ സെന്റ് തോമസ് കോളജ് യൂണിയൻ ചെയർമാനായും തെരഞ്ഞെടുക്കപ്പെട്ടു. പാലാ കോളജിലും കളമശ്ശേരി രാജഗിരി കോളജിലും കേരള യൂണിവേഴ്സിറ്റി കാര്യവട്ടം കാമ്പസിലും നിന്ന് കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായിരുന്നു.

1982-ൽ കേരള യൂണിവേഴ്സിറ്റി യൂണിയൻ ജനറൽ സെക്രട്ടറിയായി. കേരള യൂണിവേഴ്സിറ്റിയിൽ അക്കാദമിക് കൗൺസിൽ, സെനറ്റ് എന്നിവയിലും മെംബറായിരുന്നു. എം.ജി. യൂണിവേഴ്സിറ്റിയിലും പത്ത് വർഷം സെനറ്റ് മെംബറായും പ്രവർത്തിച്ചു.

1983-85-ൽ കെ.എസ്.സി സംസ്ഥാന പ്രസിഡണ്ടും 1989-91-ൽ കേരള യൂത്ത്ഫ്രണ്ട് സംസ്ഥാന പ്രസിഡണ്ടുമായിരുന്നു. അധികാരരാഷ്ട്രീയത്തിന്റെ കളികളിൽ മനംമടുത്ത് പാർലമെന്ററി പദവികളിൽ താല്പര്യം പ്രകടിപ്പിക്കാതിരുന്ന ഡിജോ കാപ്പൻ 1998-ൽ സജീവരാഷ്ട്രീയം ഉപേക്ഷിച്ചു. തുടർന്ന് ഉപഭോക്താക്കളുടെയും കർഷകരുടെയും അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകി. സെന്റർ ഫോർ കൺസ്യൂമർ എഡ്യൂക്കേഷൻ എന്ന സംഘടനയുടെ മുഖ്യ



ചുമതലക്കാരിൽ ഒരാളായിരിക്കെ സുപ്രീംകോടതി, ഹൈക്കോടതി എന്നിവിടങ്ങളിൽ നല്കിയ പൊതുതാല്പര്യ ഹർജികളിലൂടെ രണ്ട് ഡസൻ കേസുകളിലെങ്കിലും പൊതുജനങ്ങൾക്ക് പ്രയോജനകരമായ വിധികൾ നേടിയെടുത്തു.

കെഎസ്ആർടിസിയുടെയും വൈദ്യുതി ബോർഡിന്റെയും പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കി മാറ്റുവാൻ നിരന്തരം പൊരുതി. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഉപഭോക്താക്കളുടെ പ്രതിനിധിയെന്ന നിലയിൽ ഡിജോ കാപ്പനെപ്പോലെ നിരന്തരം ഹാജരായിട്ടുള്ള മറ്റൊരാളില്ല.

പൊതുഗതാഗത സംരക്ഷണ സമിതി പ്രസിഡണ്ട്, ശബരി റെയിൽവേ സെൻട്രൽ ആക്ഷൻ കൗൺസിൽ പ്രസിഡണ്ട്, ഡെമോക്രാറ്റിക് ഹ്യൂമൻ റൈറ്റ്സ് ആൻഡ് എൻവയൺമെന്റ്, പ്രൊട്ടക്ഷൻ ഫോറം പ്രസിഡണ്ട് തുടങ്ങി നിരവധി രാഷ്ട്രീയേതര സംഘടനകളുടെ ചമുതലകൾ വഹിച്ച ഡി

**അഡ്വ. ഷിബു മണല**

ജോ കാപ്പൻ വിവിധ കർഷക സംഘടനകളുടെ നേതൃതല ഉത്തരവാദിത്തങ്ങൾ വഹിച്ചിരുന്നു.

പൊതുവിഷയങ്ങളിൽ ചാനൽ ചർച്ചകളിലെ സ്ഥിരം സാന്നിദ്ധ്യമായിരുന്നു. കക്ഷിരാഷ്ട്രീയത്തിനതീതമായി വിപുലമായ സൗഹൃദബന്ധത്തിനുടമയായ കാപ്പൻ സി.കെ. ജീവൻ സ്മാരക ട്രസ്റ്റിന്റെ സംഘാടകരിൽ ഒരാളായിരുന്നു.

നിരവധി പ്രമുഖ നേതാക്കളുടെ തെരഞ്ഞെടുപ്പു വിജയത്തിനു പിന്നിൽ ഡിജോ കാപ്പന്റെ നിശബ്ദപ്രവർത്തനങ്ങളും തന്ത്രങ്ങളും നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. രോഗാതുരനായിരിക്കെ മരണം മുന്നിൽക്കണ്ട പി.ടി. തോമസ് തന്റെ അന്ത്യകർമ്മങ്ങൾ എങ്ങനെ വേണമെന്ന് എഴുതി ഏല്പിച്ചിരുന്നത് ഡിജോ കാപ്പനെയായിരുന്നു.

മാതാവ് മേരി ജോസഫ് ഇടമറ്റത്തെ തറവാട്ടിൽ അനുജൻ സന്തോഷിനോടൊപ്പം താമസിക്കുന്നു. സഹോദരങ്ങൾ: സന്തോഷ് ജെയിംസ്, ഗ്ലോറി, പുഷ്പ, ടെസി, ഭാര്യ: ഡോ. മിനി കാപ്പൻ കേരള യൂണിവേഴ്സിറ്റിയിൽ പ്ലാനിംഗ് ഡയറക്ടറാണ്. മകൻ അശ്വിൻ ഡി. കാപ്പൻ (അയർലൻഡ്). മറിയറ്റ ഡി. കാപ്പൻ (ഇംഗ്ലീഷ് സാഹിത്യത്തിൽ ഗവേഷണ വിദ്യാർത്ഥി). എഡ്വിൻ ഡി. കാപ്പൻ (യുകെ). മരുമകൾ: അർഷ (അയർലൻഡ്).

## ഫോമാ കൺവൻഷൻ ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടി



ബേബി മണക്കുന്നേൽ



ബൈജു വർഗീസ്



സിജിൽ പാലക്കലോടി



ഷാലു പുന്നൂസ്



പോൾ പി. ജോസ്



അനുപമ കൃഷ്ണൻ

ഹൂസ്റ്റൺ: നിരവധി അംഗസംഘടനകളുടെ അഭ്യർത്ഥന മാനിച്ച് ഫോമായുടെ ഒൻപതാം ഫാമിലി കൺവൻഷൻ 2026-നുള്ള ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടിയെന്ന് പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു.

ഏർളി ബേർഡ് രജിസ്ട്രേഷൻ ഏപ്രിൽ 30-ന് അവസാനിച്ച സാഹചര്യത്തിൽ വിവിധ റീജിയനുകളിൽ ആവേ

**എ.എസ്. ശ്രീകുമാർ**

ശകരമായ കൺവൻഷൻ കിക്കോഫുകൾ നടക്കുന്നതിനാലും ഡെലിഗേറ്റ്സ് ലിസ്റ്റ് പബ്ലീഷ് ചെയ്യാത്തതിനാലും അംഗസംഘടനകൾക്കു പുറമെ ആർവിപി മാരുടെയും നാഷണൽ കമ്മിറ്റി മെംബർമാരുടെയും താല്പര്യാർത്ഥമാണ് ഏർളി ബേർഡ് രജിസ്ട്രേഷൻ മെയ് 31 വരെ നീട്ടാൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചതെന്ന് ബേബി മണിക്കുന്നേൽ വ്യക്തമാക്കി.

ഏർളി ബേർഡ് രജിസ്ട്രേഷന് ഇതുവരെ ആവേശകരമായ പങ്കാളിത്തമുണ്ടെന്നും ഇത് ഫോമായെ ജനങ്ങൾ നെഞ്ചിലേറ്റുന്നതിന്റെ തെളിവാണെന്നും ബേബി മണക്കുന്നേൽ പറഞ്ഞു. നൂറ് അംഗസംഘടനകൾ തികച്ച് റിക്കാർഡ് സ്ഥാപിച്ച ഫോമാ അതിന്റെ 9-ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശ്ശീല ഉയരുന്നത്. ജൂലൈ 30, 31, ഓഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻആർജി സ്റ്റേഡിയത്തിനു തൊട്ട് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ വിൻധം ഹൂസ്റ്റണിൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് സംഘാടകർ. ഫോമായുടെ ആദ്യപ്രസിഡണ്ട് ശശിധരൻ നായർ, പിന്നീട് സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ജോൺ ടൈറ്റസ്, ബേബി ഊരാളിൽ, ജോർജ് മാത്യു, ആനന്ദൻ നിരവേൽ, ബെന്നി വാച്ചാച്ചിറ, ഫിലിപ്പ് ചാമത്തിൽ, അനിയൻ ജോർജ്, ഡോ. ജേക്കബ് തോമസ് എന്നിവരെല്ലാം 9-ാം കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു. പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജന. സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈ. പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവർ ഫാമിലി കൺവൻഷൻ സംബന്ധിച്ച കമ്മിറ്റികളുടെ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കുന്നു. സുബിൻ കുമാരൻ ആണ് കൺവൻഷൻ ചെയർമാൻ.



# കൃപാഭിഷേകത്താൽ ഡാളസ് ഇടവകയിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം

**ജോക്കുട്ടി മേലേടത്ത്**

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക പള്ളി ഇടവകയിൽ ഇരുപത്തി ഒമ്പത് കുഞ്ഞുങ്ങളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണം ഏപ്രിൽ 25-ന് ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30-ന് നടത്തപ്പെട്ടു. ഒരു വർഷത്തെ ഒരുക്കങ്ങൾക്കും പ്രാർത്ഥനയ്ക്കും ശേഷം നടത്തപ്പെട്ട ദിവ്യകാരുണ്യ സ്വീകരണം കൃപാഭിഷേകത്തിന്റെ മുഹൂർത്തമായിരുന്നു. ലിയാ മാടപറമ്പത്ത്, നേത്തൻ മാടപറമ്പത്ത്, നിയ തടത്തിൽ, മിലാഹ് എട്ടുപറയിൽ, അലക്സീസ് ചെമ്മാച്ചേൽ, നിവാഹ് വിരുത്തിക്കുളങ്ങര, ക്ലെയർ അരിച്ചിറ, നീയൽ ചെമ്മാച്ചേൽ, കാതറിൻ സ്രാമ്പിച്ചിറ, എലിയറ്റ് മുടിക്കുന്നേൽ, സഞ്ജന കാവിൽ, ജോഷ്വാ പുത്തൻപറമ്പിൽ, ജോഷ്വാ ഏലൂർ, ജോർജ് കാരത്തുരുത്തേൽ, ജറമിയ ഓളിയിൽ, ഫെലിക്സ് കോയിത്തറ, അഷേർ തകടിയേൽ, ജെസിക്ക അറയ്ക്കപ്പറമ്പിൽ, സെയിറ കുടിലിൽ, എയ്ഡൻ പൗവ്വത്തേൽ, ആഡ്രൂ പച്ചിക്കര, മിലൻ വിരുത്തിക്കുളങ്ങര, ജെമി കുഴിപ്പിൽ, ഗ്രയിസ് അത്തിമറ്റത്തിൽ, നിയ വിശാഖന്തറ, ജോഷ്യാ കണ്ടത്തിൽ, ബെഞ്ചമിൻ പയ്യമ്പള്ളിൽ, മലിയ ചേന്നക്കാട്ട്, സെറീന ചാമക്കാല തുടങ്ങിയ കുട്ടികളാണ് പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചത്. ഇവരുടെ മാതാപിതാക്കളുടെ വിവിധ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ പ്രോഗ്രാമുകൾ നടത്തപ്പെട്ടു. ഈ വർഷത്തെ വിശുദ്ധ കുർബാന സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി റീമോഡലിങ് പൂർത്തിയാക്കിയ ചാപ്പലിന്റെ വെഞ്ചരിപ്പ് കർമ്മവും ഒപ്പം നടത്തപ്പെട്ടു. ചിക്കാഗോ രൂപതാബിഷപ് മാർ ജോയി ആലപ്പാട്ട് ഇന്നേ ദിവസത്തിന്റെ സന്ദേശം നല്കി. വിവിധ ഇടവകകളിൽ നിന്നും അനേകർ ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാൻ എത്തിയിരുന്നു.












# ഇന്ത്യയിൽ സ്വതന്ത്ര മാധ്യമപ്രവർത്തനം അപകടത്തിലെന്ന് ഖാർഗെ

ന്യൂഡൽഹി: ഇന്ത്യയിൽ മാധ്യമ സ്വാതന്ത്ര്യം അപകടത്തിലാണെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. ലോക പത്രസ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചു എക്സിൽ പങ്കുവെച്ച കുറിപ്പിൽ, ലോക മാധ്യമ സ്വാതന്ത്ര്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 157-ാം സ്ഥാനത്തേക്കു താഴ്ന്നതിന്റെ പശ്ചാത്തലത്തിലാണ് ഖാർഗെയുടെ വിമർശനം.

ഭരണകക്ഷിയായ ബിജെപിയെ രൂക്ഷമായി വിമർശിച്ച ഖാർഗെ, 2014-നും 2020-നുമിടയിൽ ഇന്ത്യയിൽ 135 മാധ്യമപ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെടുകയോ കസ്റ്റഡിയിലാക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടി. 2014-നും 2023-നുമിടയിൽ 36 മാധ്യമപ്രവർത്തകർ തടങ്കലിലാക്കപ്പെട്ടിട്ടുണ്ട്. നിരവധി മാധ്യമപ്രവർത്തകർക്കെതിരെ യുഎപിഎ പോലുള്ള കിരാതമായ നിയമങ്ങൾ ചുമത്തി കേസെടുത്തിട്ടുണ്ട്.

സ്വതന്ത്രമായ മാധ്യമമെന്നതു സർക്കാരിന്റെ ആഖ്യാനം വലുതാക്കാനോ അതിന്റെ പരാജയങ്ങൾ മറച്ചുവെക്കാനോ ഉള്ളതല്ല. മറിച്ച് അത് അധികാരത്തെ ചോദ്യം ചെയ്യാനും അധികാരപദവിയിലിരിക്കുന്നവരെ ഉത്തരവാദിത്വബോധമുള്ളവരാക്കാനും നിലനിൽക്കുന്നതാണ്. അധികാരവും ജനങ്ങളും തമ്മിലുള്ള ജനാധിപത്യ സന്തുലനം മാധ്യമങ്ങളാണു സംരക്ഷിക്കുന്നത്- ഖാർഗെ പറഞ്ഞു.

'മാധ്യമ സ്വാതന്ത്ര്യമെന്നത് വെറുമൊരു മുദ്രാവാക്യമല്ല, ജനാധിപത്യ പ്രക്രിയയുടെ അനിവാര്യമായ സവിശേഷതയാണ്' എന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകളും ഖാർഗെ പോസ്റ്റിൽ ഓർമിപ്പിച്ചു.



എന്നാൽ, ആ അനിവാര്യമായ സവിശേഷത ഇന്നത്തെ ഭരണകൂടത്തിനു കീഴിൽ ഗൗരവതരമായി വിട്ടുവീഴ്ച ചെയ്യപ്പെട്ടുവെന്ന് ഖാർഗെ ചൂണ്ടിക്കാട്ടി.

ന്യൂസ് റൂമുകളെ നിശബ്ദരാക്കാൻ നിയമപരമായ ചട്ടക്കൂടുകളെ സംഘപരിവാർ ആയുധങ്ങളാക്കി. അപകീർത്തി നിയമങ്ങൾ, ദേശീയ സുരക്ഷാവ്യവസ്ഥകൾ, വ്യാപകമായ ക്രിമിനൽ നിയമങ്ങൾ എന്നിവ നീതിയുടെ ഉപകരണങ്ങളായല്ല, പക്ഷേ ഭീഷണിയുടെ ഉപകരണങ്ങളായി ഉപയോഗിച്ചു.

നിലവിലുള്ള നിയന്ത്രണങ്ങളിൽ മതിവരാതെ പൂർണ ആധിപത്യം നേടാൻ സമൂഹമാധ്യമങ്ങളെയും നിലവിൽ നിശബ്ദരാക്കാൻ ശ്രമിക്കുകയാണ്. ബിജെപിയുടെയും ആർഎസ്എസിന്റെയും സന്ദേശം വ്യക്തമാണ്. അതു സ്വതന്ത്ര മാധ്യമപ്രവർത്തനം ശിക്ഷിക്കപ്പെടുമെന്നുള്ളതും അനുസരണത്തിനു പ്രതിഫലം ലഭിക്കുമെന്നതുമാണ്- ഖാർഗെ പറഞ്ഞു.

പൊതുതാത്പര്യാർഥം അഴിമതിക്കെതിരെ റിപ്പോർട്ടിംഗ് നടത്തിയതിന് ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, ഉത്തരാഖണ്ഡ്, ഹരിയാന എന്നിവിടങ്ങളിൽ കൊല്ലപ്പെട്ട മാധ്യമപ്രവർത്തകരുടെ പേരുകളും ഖാർഗെ പോസ്റ്റിൽ സൂചിപ്പിച്ചിട്ടുണ്ട്.

# 'മോദിയുടെ നേതൃപാടവം' ഇനി സിലബസിൽ

അഹമ്മദാബാദ്: വഡോദര എം.എസ്. സർവകലാശാലയുടെ എം.എ. സോഷ്യോളജി സിലബസിൽ 'മോദി തത്ത്വ' എന്ന പേരിൽ മോദിയുടെ നേതൃപാടവം പഠിപ്പിക്കും. ആർ.എസ്.എസിന്റെ സംഘടനാ സ്വാധീനവും പാഠ്യവിഷയമാക്കിയിട്ടുണ്ട്. ജൂണിൽ ആരംഭിക്കുന്ന അധ്യയനവർഷത്തിലാണ് ഇവ സിലബസിന്റെ ഭാഗമാക്കിയത്.

'ദേശസ്നേഹത്തിന്റെ സാമൂഹിക ശാസ്ത്രം' എന്ന ഭാഗത്തിലാണ് മോദി തത്ത്വം പഠിപ്പിക്കുന്നത്. സോഷ്യോളജിസ്റ്റായ മാക്സ് വെബ്ബറുടെ 'ആകർഷണീയമായ നേതൃത്വം' എന്ന ആശയത്തിന്റെ വെളിച്ചത്തിലാണ് നരേന്ദ്രമോദിയെപ്പറ്റി പഠിപ്പിക്കുന്നതെന്ന് കോഴ്സ് തയ്യാറാക്കിയ സോഷ്യോളജി വിഭാഗം മേധാവി ഡോ. വീരേന്ദ്ര സിങ് പറഞ്ഞു.

"ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നേതൃത്വത്തെപ്പറ്റി ചർച്ചചെയ്യുമ്പോൾ മോദിയെ ഒഴിവാക്കാനാകില്ല. അദ്ദേഹം നീണ്ടകാലം നിലനിൽക്കുന്ന ഒരു ഘടകവുമായിരിക്കും. ഗാന്ധിജിയിലും മാർട്ടിൻ ലൂഥർ കിങ്ങിലും മാക്സ് വെബ്ബർ കണ്ടെത്തിയ കാന്തശക്തിയുള്ള നേതൃപാടവം മോദിയിലും കാണുന്നു. നോട്ട് അസാധുവാക്കൽ, ഡിജിറ്റൽ, ഫാസ് ടാഗ്, ജലശക്തി മന്ത്രാലയം തുടങ്ങിയവ ജനങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കുന്ന നേതാവിന്റെ ഇടപെടലുകളുടെ തെളിവാണ്" - സർക്കാർ പദ്ധതികളുടെ നിർവഹണത്തിന്റെ മേൽനോട്ടച്ചുമതലയുള്ള നീതി ആയോഗ് പ്രോജക്ട് അംഗം കൂടിയായ വീരേന്ദ്ര സിങ് വ്യക്തമാക്കി.

സയാജിറാവു ഗയ്ക്വാദ്, ശിവജി, അംബേദ്കർ തുടങ്ങിയവരെപ്പറ്റിയും പഠിപ്പിക്കുന്നുണ്ടെന്ന് വകുപ്പ് മേധാവി അറിയിച്ചു.

# മൂവാറ്റുപുഴ പാലം പൈതൃക പട്ടികയിലേക്ക്

മൂവാറ്റുപുഴ: ഏഷ്യയിലെ ആദ്യത്തെ കോൺക്രീറ്റ് പാലമെന്ന ഖ്യാതിയുള്ള 1914-ൽ നിർമിച്ച മൂവാറ്റുപുഴ പഴയ പാലം, കേവലമൊരു യാത്രാമാർഗം മാത്രമല്ല. മറിച്ച് നൂറ്റാണ്ടിന്റെ എഞ്ചിനീയറിങ് വിസ്മയമാണ്. ഈ ചരിത്ര സ്മാരകത്തെ സംരക്ഷിക്കാനും ദേശീയ, രാജ്യാന്തര തലത്തിൽ ശ്രദ്ധേയമായ പൈതൃക കേന്ദ്രമാക്കാനും സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ സഹകരണം ലഭ്യമാക്കാൻ നഗരസഭ തയാറെടുക്കുന്നു. ഇക്കാര്യം ആവശ്യപ്പെട്ട് നഗരസഭാധ്യക്ഷയ്ക്ക് ലഭിച്ച നിവേദനത്തെ തുടർന്നാണ് നഗരസഭ പ്രാരംഭ നടപടികളിലേക്കു കടക്കുന്നത്.



പാലത്തെ സംരക്ഷിക്കുന്നതിനുള്ള ആദ്യ നിയമപരമായ നടപടി നഗരസഭ കൗൺസിൽ പ്രമേയത്തിലൂടെ ഇതിനെ ഒരു മുനിസിപ്പൽ പൈതൃക നിർമിതിയായി പ്രഖ്യാപിക്കുകയെന്നതാണ്. ഇത് പാലത്തിൽ വരുത്താവുന്ന അശ്രദ്ധമായ നിർമാണങ്ങളും മാറ്റങ്ങളും തടയാനും കൃത്യമായ സംരക്ഷണ ചട്ടക്കൂട് ഉണ്ടാക്കാനും സഹായിക്കും. 1914-ലെ നിർമാണം, ശ്രീമൂലം തിരുനാൾ രാമവർമയുടെ പങ്ക്, ആർച്ച് ബ്രിജ് ഡിസൈൻ, പാലത്തിന്റെ ബലം തെളിയിക്കാൻ ആനകളെ കയറ്റി നടത്തിയ പരിശോധന തുടങ്ങിയ ചരിത്രരേഖകൾ അടക്കം എഞ്ചിനീയറിങ് കോളജുകളുമായും ചരിത്രകാരന്മാരുമായും ചേർന്ന് ലഭ്യമായ ചരിത്രരേഖകൾ ശേഖരിക്കാൻ കഴിഞ്ഞാൽ പൈതൃക പദവി ലഭിക്കുന്നതിനുള്ള അടിസ്ഥാന രേഖയാകും.

പാലത്തിന്റെ ചരിത്രവും പ്രാധാന്യവും വിവരിക്കുന്ന ഉന്നത നിലവാരമുള്ള ഇൻഫർമേഷൻ ബോർഡുകളും ക്യൂആർ കോഡുകളും സ്ഥാപിക്കണം. പാലത്തിലൂടെ കടന്നുപോകുന്നവർക്ക് അതിന്റെ വിസ്മയകരമായ ചരിത്രം മനസ്സിലാക്കാൻ ഇത് സഹായിക്കും. പാലത്തിന്റെ തനിമ നിലനിർത്തുന്ന വെളിച്ചസംവിധാനം, പുഴയോരത്തെ നടപ്പാത വികസനം എന്നിവ നടപ്പാക്കണം. 110 വർഷം പഴക്കമുള്ള പാലത്തിന്റെ ആയുസ്സ് വർധിപ്പിക്കാൻ ഭാരവാഹനങ്ങളെ നിയന്ത്രിക്കുകയും സന്ദർശകർക്കായി ഒരു പൈതൃക നടപ്പാതയായി ഇതിനെ ഭാഗികമായി മാറ്റുകയും ചെയ്യാം.

പാലത്തിന്റെ പൈതൃകപദവിക്കും വിനോദ സഞ്ചാര സാധ്യതകൾ വർധിപ്പിക്കുന്നതിനുമായി പൊതുജനങ്ങളെ കൂടി ഉൾപ്പെടുത്തി ജനകീയ ക്യാമ്പെയ്ൻ സംഘടിപ്പിക്കണം. നഗരസഭ തയാറാക്കുന്ന റിപ്പോർട്ടുകൾ സംസ്ഥാന പുരാവസ്തു വകുപ്പിനും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയ്ക്കും സമർപ്പിക്കുന്നതിലൂടെ സംസ്ഥാന, ദേശീയ പൈതൃക പദവികൾ നേടിയെടുക്കാം. ഇത് ഭാവിയിൽ യുനെസ്കോയുടെ താൽക്കാലിക പട്ടികയിൽ പോലും ഇടംപിടിക്കാൻ വഴിയൊരുക്കും. മൂവാറ്റുപുഴ നഗരസഭ ഇതിനുള്ള നടപടികൾ ഉടൻ ആരംഭിക്കണമെന്ന ആവശ്യം ശക്തമായതോടെയാണു നഗരസഭ ചെയർപേഴ്സൺ ജോയ്സ് മേരി ആന്റണിയുടെ നേതൃത്വത്തിൽ ചർച്ചകൾ ആരംഭിച്ചിരിക്കുന്നത്.

# രണ്ടു വൈദികർക്ക് മാർപാപ്പയുടെ പേപ്പൽ ബഹുമതി; നാല് പേർക്ക് ഷെവലിയർ പദവി

തൃശൂർ: തൃശൂർ അതിരൂപതയിലെ രണ്ടു വൈദികർക്ക് മാർപാപ്പയുടെ പ്രത്യേക ബഹുമതിയും നാലുപേർക്കു ഷെവലിയർ പദവിയും. ബസിലിക്ക റെക്ടർ ഫാ. തോമസ് കാക്കശേരി, കത്തീഡ്രൽ വികാരി ഫാ. ജോസ് വല്ലൂരാൻ എന്നിവരാണ് മാർപാപ്പയുടെ പേപ്പൽ ബഹുമതികൾക്ക് (പ്രോ എക്ലസിയ എത്ത് പൊന്തിഫിച്ചേ) അർഹരായത്.

ഡേവിസ് എടക്കളത്തൂർ, പ്രഫ. കെ.എം. ഫ്രാൻസിസ്, അഡ്വ. ബിജു കുണ്ടുകുളം (മൂവരും ഓർഡർ ഓഫ് സെന്റ് ഗ്രിഗറി ദി ഗ്രേറ്റ് ഷെവലിയർ), ഡോ. മേരി റെജീന (ഓർഡർ ഓഫ് സെന്റ് ഗ്രിഗറി ദി ഗ്രേറ്റ് ദാമ) എന്നിവരാണ് ഷെവലിയർ ബഹുമതിക്ക് അർഹരായതെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അറിയിച്ചു. പേപ്പൽ ബഹുമതികൾ അതിരൂപതയുടെ 139-ാം വാർഷികദിനത്തിൽ വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഫൊറോന പള്ളിയിൽ 20-ന് ഉച്ചകഴിഞ്ഞ് 3.30-നു നടക്കുന്ന ചടങ്ങിൽ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ നൽകും. ഷെവലിയർ സിറിൾ ജോൺ മുഖ്യാതിഥിയാകും. അന്നേദിവസം ഉച്ചകഴിഞ്ഞ് 2.30-നു മാർ ആൻഡ്രൂസ് താഴത്തിന്റെ മുഖ്യകാർമികത്വത്തിൽ സമൂഹബലിയും പൊതുസമ്മേളനവും ഉണ്ടായിരിക്കും. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, മാർ ബോസ്കോ പുത്തൂർ എന്നിവർ സന്നിഹിതരാകും. ചടങ്ങിന്റെ ഭാഗമായി ഏർപ്പെടുത്തിയ അതിരൂപതാദിന അവാർഡുകൾ ബ്രദർ ജോസ് ചുങ്കത്ത് എംഎംബി, സാന്റി ഏബ്രഹാം വടയാറ്റുകുഴി എന്നിവർക്കു സമ്മാനിക്കും.

പത്രസമ്മേളനത്തിൽ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, മോൺ. ജോസ് കോനിക്കര, മോൺ. ജെയ്സൺ കൂനംപ്ലാക്കൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോഷി വടക്കൻ തുടങ്ങിയവർ പങ്കെടുത്തു.

# വിഐപി ഡ്യൂട്ടിയിലുള്ള മെഡിക്കൽ ഓഫീസർമാർക്ക് സമ്മർദം പാടില്ല: മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: വിഐപി ഡ്യൂട്ടിക്കു നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർമാർക്ക് സമ്മർദമില്ലാതെ ജോലി നിർവഹിക്കാനായി പോലീസ് സ്പെഷ്യൽ ബ്രാഞ്ച് മനുഷ്യാവകാശ കമ്മീഷനു സമർപ്പിച്ച ശിപാർശകൾ ഉൾപ്പെടുത്തി സർക്കാർ മാർഗനിർദേശം പുറത്തിറക്കണമെന്ന് കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്.

പൊതുഭരണ വകുപ്പിനും ആരോഗ്യവകുപ്പിനുമാണ് കമ്മീഷൻ നിർദേശം നൽകിയത്. വിഐപിമാരുടെ മെഡിക്കൽ ടീമിൽ നിയോഗിക്കപ്പെടുന്ന മെഡിക്കൽ ഓഫീസർമാർ അനുഭവിക്കുന്ന മനുഷ്യാവകാശലംഘനങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഗവ. മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

സ്പെഷ്യൽ ബ്രാഞ്ച് കമ്മീഷനിൽ സമർപ്പിച്ച ശിപാർശകൾ നടപ്പാക്കണമെന്ന് ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശിച്ചു.

വി.ഐ.പി ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് പൊതുഭരണവകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ സ്പെഷ്യൽ ബ്രാഞ്ച് നൽകിയ ശിപാർശകൾകൂടി ഉൾപ്പെടുത്തി പുതുക്കണമെന്ന് കെ.ജി.എം.ഒ.എ. സംസ്ഥാന പ്രസിഡണ്ട് ഡോ. ടി.എൻ. സുരേഷ്, ജനറൽ സെക്രട്ടറി ഡോ. പി.കെ. സുനിൽ എന്നിവർ നൽകിയ പരാതിയിൽ പറഞ്ഞു.

# ഫിലാഡൽഫിയ സഭയുടെ പുതിയ ആരാധനാലയ സമർപ്പണ ശുശ്രൂഷ നടന്നു

സാം മാത്യു

ഡാളസ്: ഡാളസ് മെട്രോപ്ലെക്സിൽ ദൈവകൃപയുടെയും വിശ്വസ്തതയുടെയും മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുന്ന ഫിലാഡൽഫിയ സഭ റോളറ്റിൽ പുതുതായി വാങ്ങിയ ആരാധനാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നടന്നു. ഏപ്രിൽ 25-ന് ശനിയാഴ്ച സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ പി.സി. ജേക്കബ് സമർപ്പണ പ്രാർത്ഥനയും ഉദ്ഘാടനവും നിർവഹിച്ചു. ദൈവമഹത്വത്തിനായി പ്രാർത്ഥനാപൂർവം സമർപ്പിച്ച പ്രസ്തുത ആലയം ദൈവമഹത്വത്തിന്റെ വാസസ്ഥലം ആയിരിക്കുമ്പോൾ തന്നെ വിശ്വാസിസമൂഹത്തിന്റെ ഐക്യതയുടെയും ഒപ്പം ദൈവിക വിടുതലുകളുടെയും അത്ഭുതങ്ങളുടെയും ഉണർവ്വിന്റെയും സമന്വയ കേന്ദ്രമായിരിക്കും എന്ന് തന്റെ സമർപ്പണ ശുശ്രൂഷാ സന്ദേശത്തിൽ അദ്ദേഹം പ്രസ്താവിച്ചു. ഗാർലൻഡ് നഗരത്തിൽ ഏതാനും കുടുംബങ്ങളുമായി 1996-ൽ സ്ഥാപിതമായ ഫിലാഡൽഫിയ സഭ മുപ്പതു വർഷത്തെ യാത്രയ്ക്കിടയിൽ വലിയ വളർച്ചയാണ് കൈവരിച്ചത്.



നാളിതുവരെ ദൈവത്തിന്റെ അചഞ്ചലമായ വിശ്വസ്തതയും കരുതലും അനുഭവിക്കുവാൻ കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. സഭയുടെ മുൻ ശുശ്രൂഷകന്മാരായിരുന്ന പാസ്റ്റർമാരായ സാമുവേൽ ഐസക്, ജോസഫ് ഡാനിയൽ, തോമസ് ജോർജ്, ഷിബു സാമുവൽ എന്നിവർ സഭയുമായി ബന്ധപ്പെട്ട ഗതകാല സ്മരണകളും ആശംസകളും ചടങ്ങിൽ പങ്കിട്ടു. ഡാളസ് മെട്രോപ്ലെക്സിലും ഒക്കലഹോമയിൽ നിന്നുമുള്ള നിരവധി പാസ്റ്റർമാരും വിശ്വാസികളും ആഘോഷത്തിൽ പങ്കുചേർന്നു. റോളറ്റ് സിറ്റി മേയർ ജെഫ് വിൻഗെറ്റും പ്രത്യേക ക്ഷണിതാവായി എത്തിയിരുന്നു. 30 വർഷം പിന്നിടുന്ന ദൈവസഭയ്ക്ക് ഇപ്പോൾ പാസ്റ്റർ പി.സി. ജേക്കബ് (ലീഡ് പാസ്റ്റർ), ബ്രദർ ജോർജ് ആര്യപള്ളിൽ (സെക്രട്ടറി), ബ്രദർ ഫെർഗുസൺ ജോൺ (ട്രഷറർ), ബ്രദർ ലിയോൺ തരകൻ (യൂത്ത് ഡയറക്ടർ), സിസ്റ്റർ ഷീബ തോമസ്






(സിസ്റ്റേഴ്സ് കോ-ഓർഡിനേറ്റർ) എന്നിവർ നേതൃത്വം നല്കുന്നു. ആരാധന, കൂട്ടായ്മ, സുവിശേഷവൽക്കരണം എന്നീ ദൗത്യങ്ങളിൽ സഭ തുടർന്നും പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുമെന്ന് നേതൃത്വം അറിയിച്ചു.

# 'ഡാഡി മമ്മി കൂൾ' വിസ്മയ കൂട്ടായ്മ ഒരുക്കി ഡാളസ് സീനിയർ മിനിസ്ട്രി

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്ക ഇടവക സീനിയർ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ഡാഡി മമ്മി കൂൾ' ത്രിദിന ക്യാമ്പ് സംഘടിപ്പിച്ചു. റ്റാങ്കിൽവുഡ് റിസോർട്ടിൽ വെച്ച് നടത്തിയ മൂന്നു ദിവസത്തെ ഒത്തുചേരൽ വിവിധ പരിപാടികളാൽ ഏറെ വ്യത്യസ്തവും പുതുമനിറഞ്ഞതുമായിരുന്നു. വികാരി ഫാ. ബിൻസ് ചേത്തലിന്റെ നിറസാന്നിദ്ധ്യം മൂന്നു ദിവസത്തെ കൂട്ടായ്മയ്ക്ക് മിഴിവേകി. സിസ്റ്റേഴ്സ് പ്രോഗ്രാമുകൾക്ക് നേതൃത്വം

ജോക്കുട്ടി മേലേടത്ത്

നല്കി. സീനിയർ മിനിസ്ട്രി പ്രസിഡണ്ട് തിയോഫിൽ ചാമക്കാലയിലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ ഏറെ കൃത്യതയോടും കാര്യക്ഷമമായും പരിപാടികൾ ക്രോഡീകരിച്ചു. ഒന്നിച്ചുള്ള പ്രാർത്ഥനയും ഉല്ലാസവും താമസവും പുത്തൻ ഉണർവേകാൻ സഹായിച്ചു. വ്യത്യസ്തമായ പരിപാടികളാൽ ഡാളസ് ക്രിസ്തുരാജ സീനിയർ മിനിസ്ട്രി വ്യത്യസ്തമായി പ്രവർത്തിക്കുന്നു.








കേരളാ എക്സ്പ്രസ് KERALA EXPRESS വഴിവിളക്കുകൾ 10

# ഭാസ്കരൻ നായർ

**ക്ർ**...ക്ക്ർ.... നാലുമണിക്ക് ചായക്കൊപ്പം കഴിക്കാൻ കിട്ടിയ റസ്ക് നടുവേ മുറിച്ച ശബ്ദം. ഓർമ്മകൾ ഇരമ്പിയെത്തി. റസ്ക് എന്നോ പനിയപ്പം എന്നോ ഒക്കെ വിളിക്കുന്ന പലഹാരം പണ്ട് വീട്ടിൽ സ്ഥിരമായി വാങ്ങിയിരുന്നു. മറ്റ് നാലുമണി പലഹാരങ്ങൾ ഒന്നുമില്ലാതിരുന്ന ഒരുപാടു വൈകുന്നേരങ്ങളിൽ ഞങ്ങളെ തുണച്ച റസ്ക് ഞങ്ങൾ പലപ്പോഴും വാങ്ങിയിരുന്നത് കുറിച്ചിത്താനം കവലയുടെ ഒത്ത നടുക്ക് സ്ഥിതിചെയ്തിരുന്ന സൂര്യ ബേക്കറിയിൽ നിന്നായിരുന്നു. സൂര്യ ടെക്സ്റ്റൈൽസ്, സൂര്യ ബേക്കേഴ്സ്, സൂര്യ സ്റ്റേഷനറി സ്റ്റോഴ്സ്- മൂന്നു മുത്തുകൾ നിരത്തിയ നെക്ലേയ്സ് പോലെ കുറിച്ചിത്താനം കവലയെ മനോഹരിയാക്കിക്കൊണ്ട് നിലകൊണ്ട ഈ വ്യാപാരസ്ഥാപനങ്ങൾ ഭാസ്കരൻ നായരുടെയും രണ്ട് ആൺമക്കളുടേയും ആയിരുന്നു. തിക്കുറിശ്ശിയുടെയും ശങ്കരാടിയുടെയും ഒരു സങ്കര രൂപമായിരുന്നു ഭാസ്കരൻ നായർ. പൊക്കം കുറഞ്ഞ, കട്ടിക്കണ്ണട വെച്ച, തുടുത്ത കവിളുകൾ ഉണ്ടായിരുന്ന ഭാസ്കരൻ നായർ. വെള്ള മുണ്ടും വെള്ള ഷർട്ടും ആയിരുന്നു എപ്പോഴും അയാളുടെ വേഷം. കഷണ്ടി കയറിയ തലയിൽ, അവശേഷിച്ചിരുന്ന ഏതാനും നീണ്ട നരച്ച മുടിയിഴകളെ വൃത്തിയായി അയാൾ എപ്പോഴും ചീകി ഒതുക്കിയിരുന്നു. ഒരു നാട്ടിൻപുറത്തെ ജൗളിക്കടയിൽ സാധാരണ കിട്ടിയിരുന്ന തോർത്ത്, ലുങ്കി, കൈലി, നൈറ്റി, അണ്ടർവെയർ തുടങ്ങിയ അവശ്യ ജൗളിത്തരങ്ങൾ മാത്രമായിരുന്നു സൂര്യ ടെക്സ്റ്റൈൽസിൽ ലഭ്യമായിരുന്നത്. 70 വയസ്സിനു മുകളിൽ പ്രായമുണ്ടായിരുന്ന ജൗളിക്കട ഉടമ ഭാസ്കരൻ നായർ, ഫാഷൻ ഡിസൈനിങ് എന്ന വിപുല ശാഖയുടെ സാധ്യതകൾ ഒന്നും തന്നെ ഉപയോഗപ്പെടുത്താത്ത, പതിവു ശൈലിയിലുള്ള തുണിത്തരങ്ങൾ മാത്രം വിറ്റിരുന്ന ഒരു കച്ചവടക്കാരൻ ആയിരുന്നു. എങ്കിലും അയാൾക്ക് സ്ഥിരം കസ്റ്റമേഴ്സ് ആയി കുറച്ച് അധികം ആളുകൾ ഉണ്ടായിരുന്നു. പുതിയതായി കസ്റ്റമേഴ്സിനെ ആരെയും ആകർഷിച്ചില്ലെങ്കിലും ഫാഷൻ സെൻസ് അധികമൊന്നും കടന്നാക്രമിച്ചിട്ടില്ലാത്ത, സ്ഥിരം കസ്റ്റമേഴ്സിനെ ഒരു പരിധിവരെ പിടിച്ചു നിർത്താൻ ഭാസ്കരൻ നായർക്കു സാധിച്ചിരുന്നു. അസംഖ്യം അവസരങ്ങളിൽ ആ കടയുടെ മുന്നിലൂടെ നടന്നിട്ടുണ്ടെങ്കിലും അപ്പച്ചനോടൊപ്പം ഒന്നോ രണ്ടോ തവണ, അതും അപ്പച്ചന്റെ സഹായിയായി, മാത്രമാണ് ആ കടയിൽ കയറിയിട്ടുള്ളത്. പിന്നെയുള്ളത് സൂര്യ സ്റ്റോഴ്സ് ആണ്. സ്റ്റേഷനറി കട (മുറുക്കാൻ കടകൾ മൂന്നോ നാലോ എണ്ണം ഉണ്ടെങ്കിലും) എന്ന വിളിക്ക് അർഹതയുള്ള ആ കവലയിലെ ഒരേയൊരു കട. ബുക്ക്, പേന, പേപ്പർ, ഫോട്ടോസ്റ്റാറ്റ് തുടങ്ങിയ ആവശ്യങ്ങൾക്ക് ഒക്കെയായി ഞങ്ങളുടെ നാട്ടുകാർ മുഴുവൻ ആശ്രയിച്ചിരുന്ന സൂര്യ സ്റ്റോഴ്സ്. ഭാസ്കരൻ നായരുടെ മൂത്ത മകനായ കുട്ടൻ ചേട്ടനാണ് ആ കട നടത്തിയിരുന്നത്. മൂന്നാമത്തെ കടയായ സൂര്യ ബേക്കറി. അതായിരുന്നു ഞങ്ങളുടെ ഇഷ്ട താവളം. അധികം മോഡേൺ ആയിട്ടുള്ള പലഹാരങ്ങളൊന്നും- ഡോനട്ടോ, പേസ്ട്രിയോ, ജാം റോളോ ഒന്നും ആ കടയിൽ ഒരിക്കലും ഉണ്ടായിരുന്നില്ലെങ്കിലും ഞങ്ങളുടെ ബാല്യകാല കൊതികളെ കുറെയൊക്കെ തൃപ്തിപ്പെടുത്താൻ സൂര്യ ബേക്കറിക്ക് ആയിരുന്നു. ബിസ്കറ്റ്, ബ്രഡ്, റസ്ക്, പലതരം മിഠായികൾ, ലഡു, ജിലേബി, സോഡാ നാരങ്ങാവെള്ളം, മിക്സ്ചർ, മുറുക്ക്- തുടങ്ങി ഞങ്ങളെ പ്രലോഭിച്ചിരുന്ന ഒരുപാട് ഇനം സാധനങ്ങൾ അവിടെ ലഭ്യമായിരുന്നു. ഭാസ്കരൻ നായരുടെ രണ്ടാമത്തെ മകനായ ജ്യോതിചേട്ടൻ ആയിരുന്നു സൂര്യ ബേക്കേഴ്സ് നടത്തിയിരുന്നത്. ഈ മൂന്ന് കടകളും അടുത്തടുത്ത് സ്ഥിതിചെയ്തിരുന്നതിനാലും, സൂര്യ ടെക്സ്റ്റൈൽസിൽ വലിയ തിരക്കില്ലാതിരുന്നതിനാലും ഭാസ്കരൻ നായർ പലപ്പോഴും മറ്റു രണ്ടു കടകളിലും അത്യാവശ്യം സന്ദർഭങ്ങളിൽ സഹായിയായി എത്തിയിരുന്നു. (കുട്ടൻ ചേട്ടനോ ജ്യോതി ചേട്ടനോ ഒക്കെ ഊണു കഴിക്കാനോ മറ്റോ പുറത്തേക്ക് പോകുമ്പോൾ). ഭാസ്കരൻ നായർ ബേക്കറിയിൽ നിൽക്കുന്ന സമയങ്ങളിൽ ഞങ്ങൾ ആ കടയിൽ കയറാതെ ഒഴിവാകാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സ്വർണ്ണം തൂക്കുന്നതിലും കണിശതയോടെയാണ് അയാൾ ബേക്കറി സാധനങ്ങൾ തൂക്കിയിരുന്നത് എന്ന കാരണം കൊണ്ടാണത്. വളരെ സാവധാനത്തിലാണ് സാധനങ്ങൾ എടുത്തിരുന്നത് എന്നത്ത് മാത്രമല്ല, പൈസ മൂന്നോ നാലോ തവണ എണ്ണിത്തിട്ടപ്പെടുത്തിയ ശേഷം മാത്രമേ ഞങ്ങളെ കടയിൽനിന്നും പോകാൻ അനുവദിക്കൂ എന്ന കാരണം കൊണ്ടും ഞങ്ങൾക്ക് ഭാസ്കരൻ നായരോട് ഒരു താല്പര്യക്കുറവ് ഉണ്ടായിരുന്നു. സാധാരണ ബേക്കറിയിൽ ചെലവാക്കേണ്ടി വരുന്ന സമയത്തിന്റെ ഇരട്ടിയോ അതിലധികമോ സമയം പലപ്പോഴും ഭാസ്കരൻ നായർ ഉള്ള പക്ഷം നമ്മൾ ബേക്കറിയിൽ ചെലവാക്കേണ്ടി വരുന്നു. മിക്സ്ചറോ, റസ്കോ വാങ്ങേണ്ടി വരുന്ന അവസരങ്ങളാണ് ഞങ്ങൾ ഏറ്റവും ബുദ്ധിമുട്ടുക. ഇന്നത്തെപ്പോലെ പായ്ക്കറ്റിൽ അല്ല, തൂക്കിയാണ് സാധനങ്ങൾ അന്ന് തന്നിരുന്നത്- പ്രത്യേകിച്ച് മിക്സ്ചറും റസ്കും. ഒരു മില്ലിഗ്രാം തൂക്കം കൂടാനോ കുറയാനോ അയാൾ സമ്മതിക്കുമായിരുന്നില്ല. 500 ഗ്രാം മിക്സ്ചർ അതുകൊണ്ടുതന്നെ ഒരിക്കലും 499 ഗ്രാമോ 501 ഗ്രാമോ ആയില്ല. തൂക്കം ശരിയാവുന്നതുവരെ മിക്സ്ചറിലെ കോല്, ഉണ്ട, കടല, കറിവേപ്പില എന്നിവയൊക്കെ അങ്ങോട്ടുമിങ്ങോട്ടും ഇട്ടുകൊണ്ടേയിരിക്കും. റസ്കാണ് വാങ്ങുന്നതെങ്കിൽ അളവ് കൃത്യമാക്കുന്ന കലാപരിപാടി കുറെ നേരം കൂടി നീളും. ഒരു റസ്ക് നടുവേ ഒടിക്കുക, വീണ്ടും മുറിക്കുക, വീണ്ടും മുറിക്കുക- അങ്ങനെയങ്ങനെ അളവ് കൃത്യമാകുന്നതു വരെ പല വലിപ്പത്തിലും രൂപത്തിലുമുള്ള റസ്ക് കഷണങ്ങൾ പലകുറി അങ്ങോട്ടും ഇങ്ങോട്ടും ഇടുകയും എടുക്കുകയും ചെയ്തുകൊണ്ടേയിരിക്കും. അവസാനം ഒരു ജിഗ്സോ പസിൽ ശരിയാവുന്നതു പോലെ അളവ് ശരിയായി കഴിഞ്ഞാൽ തികഞ്ഞ സംതൃപ്തിയോടെ ഞങ്ങളെ നോക്കി ചിരിച്ചുകൊണ്ട് അത് പത്രക്കടലാസിൽ പൊതിഞ്ഞു തരും. പിന്നീട് പൈസ മൂന്നോ നാലോ ആവർത്തി എണ്ണിത്തിട്ടപ്പെടുത്തണം. സമയം നഷ്ടമാകുന്നതിന്റെ അസ്വസ്ഥതയോടെ ഞങ്ങൾ പലപ്പോഴും മനസ്സിൽ വിചാരിക്കും "എന്തൊരു പിശുക്ക് ആണിത്." മറ്റെന്തിനേക്കാളും അധികമായി പിശുക്കിനോട് ചേർത്താണ് ഞങ്ങൾ ആ കാലയളവിൽ ഭാസ്കരൻ നായരെ കണ്ടിരുന്നത്. അതുകൊണ്ടുതന്നെ എന്തെങ്കിലും നിവൃത്തിയുണ്ടെങ്കിൽ ഞങ്ങൾ അയാളെ ഒഴിവാക്കുക തന്നെ ചെയ്തു. ലോകോത്തര പിശുക്കനാണ് ഭാസ്കരൻ നായർ എന്ന ധാരണയോടെ ബസ് സ്റ്റോപ്പിൽ നിന്ന ഒരു ദിവസം, ജ്യോതിചേട്ടൻ കടയിൽ ഇല്ലായിരുന്നതുകൊണ്ട് തന്നെ ബേക്കറിയിൽ അന്ന് നിന്നിരുന്നത് ഭാസ്കരൻ നായർ ആയിരുന്നു. ബേക്കറിയുടെ നേരെ എതിർവശത്തുള്ള ബസ് സ്റ്റോപ്പിൽ നിന്നിരുന്നതുകൊണ്ടുതന്നെ കടയിലെ കാഴ്ച വളരെ കൃത്യം ആയിരുന്നു. മുഷിഞ്ഞ വേഷത്തിൽ, വളരെ ക്ഷീണിതയായ ഒരു സ്ത്രീ വന്ന് കയ്യിലിരുന്ന അഞ്ചുരൂപകൊടുത്തിട്ട് ഭാസ്കരൻ നായരോട് കഴിക്കാൻ എന്തെങ്കിലും തരാൻ ആവശ്യപ്പെട്ടു. ആ സാധു സ്ത്രീയോട് ഭാസ്കരൻ നായർ കൂടുതൽ എന്തെങ്കിലും ചോദിച്ചതായി തോന്നിയില്ല. ആ സ്ത്രീയുടെ വയറു നിറയെ കഴിക്കാൻ പറ്റുന്ന വിധത്തിൽ ബേക്കറിയിൽ ഉണ്ടായിരുന്ന കുറേ അധികം സാധനങ്ങൾ അയാൾ ഒരു പാത്രത്തിൽ അവർക്ക് നൽകി. തീർച്ചയായും അതിന് അഞ്ച് രൂപ ആയിരുന്നില്ല മൂല്യം. അയാൾ നൽകിയ ആഹാരം അവർ ആർത്തിയോടെ കഴിക്കുന്നത് കണ്ട അയാൾ സംതൃപ്തിയോടെ ചിരിച്ചിട്ട് ഒരു സോഡാ നാരങ്ങാ വെള്ളം കൂടി ആ സ്ത്രീക്ക് കൊടുത്തു. ആ നാരങ്ങാവെള്ളവും കുടിച്ച് കൈകൂപ്പി ഹൃദയംകൊണ്ട് അയാൾക്ക് നന്ദി പറഞ്ഞ് ആ സ്ത്രീ പോകുന്നത് കണ്ടപ്പോൾ എന്റെ മനസ്സ് വല്ലാതെ അസ്വസ്ഥമായി. ദൈവമേ ഈ മനുഷ്യനെയാണല്ലോ പിശുക്കൻ എന്ന് ഇത്രനാളും മനസ്സിൽ കരുതിയത്. അല്ലെങ്കിലും മറ്റൊരാളെ വിധിക്കാൻ നമുക്ക് എന്ത് അധികാരം? എന്ത് അവകാശം?



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# റിസറക്ഷൻ ഹോസ്പിറ്റൽ ഫോർമെർ തെറാപ്പിസ്റ്റ് സിസിലി വെട്ടത്തിന് യാത്രയയപ്പ് നല്കി



ബിജു മുണ്ടക്കൽ

ചിക്കാഗോ: അമിത റിസറക്ഷൻ ഹോസ്പിറ്റൽ ഫോർമെർ റെസ്പിറേറ്ററി തെറാപ്പിസ്റ്റ് സിസിലി വെട്ടത്തിന് സഹപ്രവർത്തകർ യാത്രയയപ്പ് നല്കി. 25 വർഷം ടാൽകോട്ട് റിസറക്ഷൻ ഹോസ്പിറ്റലിൽ റെസ്പിറേറ്ററി തെറാപ്പിസ്റ്റ് ആയി പ്രവർത്തിച്ച ശേഷം ഈയിടെ വിരമിച്ച സിസിലി വെട്ടത്തിന് സഹപ്രവർത്തകരും സുഹൃത്തുക്കളും ചേർന്ന് സ്നേഹോഷ്മളമായ യാത്രയയപ്പ് നല്കി.


ഏപ്രിൽ 24-ന് വെള്ളിയാഴ്ച മോർട്ടൻഗ്രോവ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ ചേർന്ന യാത്രയയപ്പ് സമ്മേളനത്തിൽ ബിജു മുണ്ടക്കൽ അവതാരകനായിരുന്നു. കോ-ഓർഡിനേറ്റർമാരായ സണ്ണി സ്കറിയ, വിജയൻ വിൻസെന്റ്, ഫിലിപ്പ് സ്റ്റീഫൻ, ജോമോൻ മാത്യു, ജയ്മോൾ ചെറിയാൻ എന്നിവർ സംസാരിച്ചു. സിസിലി വെട്ടത്തിന് യാത്രയയപ്പ് നല്കിയതോടൊപ്പം മുൻപ് വിരമിച്ച സൈമൺ ചക്കാലപ്പടവിൽ, ജോയ് നെല്ലാമറ്റം, സിറിയക് ഏബ്രഹാം, മറിയാമ്മ തോമസ്, രാമചന്ദ്രൻ എന്നിവരെയും ആദരിച്ചു.

ചിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട് ജെസ്സി റിൻസി, കോ-ഓർഡിനേറ്റർമാരായ സണ്ണി സ്കറിയ, വിജയൻ വിൻസന്റ്, ഫിലിപ്പ് സ്റ്റീഫൻ, ബിജു മുണ്ടക്കൽ, ജോമോൻ മാത്യു, ജയ്മോൾ ചെറിയാൻ എന്നിവർ ചേർന്ന് സിസിലി വെട്ടത്തെയും മറ്റ് വിരമിച്ചവരെയും ഫലകം നല്കി ആദരിച്ചു.

# കേരളസമാജം പ്രവർത്തനോദ്ഘാടനവും ഈസ്റ്റർ-വിഷു ആഘോഷവും മെയ് 9-ന്; ഡോ. രാജു നാരായണസ്വാമി മുഖ്യാതിഥി

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: അമേരിക്കയിലെ ഏറ്റവും ആദ്യ സംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ അൻപത്തിനാലാമത് വാർഷിക പ്രവർത്തനോദ്ഘാടനവും ഈസ്റ്റർ-വിഷു ആഘോഷവും മെയ് 9-ന് ശനിയാഴ്ച വൈകിട്ട് 6-ന് എൽമോണ്ടിലെ സെന്റ് വിൻസന്റ് ഡി പോൾ മലങ്കര കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വെ




ച്ച് (1500 DePaul Street, Elmont, Ny 11003) നടത്തപ്പെടുന്നു. കേരളാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജു നാരായണ സ്വാമി ഐഎഎസ് ചടങ്ങിൽ മുഖ്യാതിഥിയായിരിക്കും. ഉദ്ഘാടനച്ചടങ്ങുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങളെല്ലാം പുരോഗമിച്ചുവരുന്നുവെന്ന് സമാജം പ്രസിഡണ്ട് ഹേമചന്ദ്രൻ ലോങ് ഐലൻഡിൽ പ്രസ്താവിച്ചു.

ചങ്ങനാശേരി സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ നിന്നും 1983-ൽ ഒന്നാം റാങ്കോടെ എസ്എസ്എൽസി പാസ്സായി. പിന്നീട് ചങ്ങനാശേരി എസ്ബി കോളജിൽനിന്നും പ്രീഡിഗ്രി പരീക്ഷയിൽ ഒന്നാംറാങ്ക് കരസ്ഥമാക്കി. മദ്രാസ് ഐഐടിയിൽ നിന്നും കംപ്യൂട്ടർ സയൻസ് എൻജിനീയറിങ്ങിൽ വീണ്ടും ഒന്നാംറാങ്ക് നേടി. 1991-ൽ ഓൾ ഇന്ത്യാ സിവിൽ സർവീസ് പരീക്ഷയിൽ അടുത്ത ഒന്നാംറാങ്കും കവർന്നെടുത്ത് കേരളാ ഗവൺമെന്റിൽ പ്രിൻസിപ്പൽ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന അതുല്യ പ്രതിഭയാണ് സമാജത്തിന്റെ പരിപാടിയിൽ മുഖ്യാതിഥിയായി എത്തുന്ന ഡോ. രാജു നാരായണസ്വാമി. 2011-ൽ അമൃത യൂണിവേഴ്സിറ്റിയിൽ നിന്ന് പൊളിറ്റിക്കൽ സയൻസിലും 2022-ൽ ഗുജറാത്ത് നാഷണൽ ലോ യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമത്തിലും രണ്ട് പിഎച്ച്.ഡി ഡോക്ടറേറ്റ് നേടിയ വ്യക്തിയാണ് ഡോ. രാജു നാരായണ സ്വാമി. രാജ്യത്തെ കാർന്നു തിന്നുന്ന അഴിമതിക്കെതിരെ നിരന്തരം നിലപാടുകൾ കൈക്കൊള്ളുന്ന ഡോ. സ്വാമി രാഷ്ട്രീയ മേലാളന്മാരുടെ ഇംഗിതം അനുസരിച്ചു പ്രവർത്തിക്കാത്തതിനാൽ 34 വർഷത്തെ സേവനത്തിനുള്ളിൽ 32 ട്രാൻസ്ഫറുകൾക്ക് ഇരയായി. തൃശൂർ, ഇടുക്കി എന്നീ ജില്ലകളിലെ കളക്ടർ എന്ന പദവിയിൽ അദ്ദേഹം വരുത്തിയ പരിഷ്കാരങ്ങൾ ഇന്നും ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടവയാണ്.

കേരളാ സമാജത്തിന്റെ അമ്പത്തിനാല് വർഷത്തെ പ്രവർത്തനങ്ങളിൽ ചരിത്രമുഹൂർത്തമായി മാറുന്ന ചടങ്ങാണ് ഈ വർഷം സംഘടിപ്പിക്കുന്ന പ്രവർത്തനോദ്ഘാടനവും ഈസ്റ്റർ-വിഷു ആഘോഷവുമെന്ന് സമാജം പ്രസിഡണ്ടും ലോങ് ഐലൻഡിലെ പ്രമുഖ വ്യാപാര സ്ഥാപനമായ മഹാരാജാ സൂപ്പർ മാർക്കറ്റിന്റെ പാർട്ണറുമായ ഹേമചന്ദ്രൻ പെരിയൽ ന്യൂഹൈഡ് പാർക്കിൽ പ്രസ്താവിച്ചു. കേരളാ സമാജത്തിന്റെ പരിപാടിയിൽ പങ്കെടുക്കുന്നതിനു മാത്രമായി മൂന്നു ദിവസത്തേക്ക് ന്യൂയോർക്കിൽ എത്തിച്ചേരുന്ന ഡോ. രാജു നാരായണ സ്വാമിയുടെ മലയാള പ്രഭാഷണം ശ്രവിക്കുന്നതിനായി ധാരാളം പേർ ആകാംക്ഷാഭരിതരായി കാത്തിരിക്കുകയാണെന്ന് ഹേമചന്ദ്രൻ പ്രത്യാശ പ്രകടിപ്പിച്ചു.

പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ വൈസ് പ്രസിഡണ്ട് ഷാജി വർഗീസ്, സെക്രട്ടറി മാത്യുക്കുട്ടി ഈശോ, ട്രഷറർ വിനോദ് കെയാർക്കെ ജോയിന്റ് സെക്രട്ടറി ജോസി സ്കറിയ, ജോയിന്റ് ട്രഷറർ മാമ്മൻ ഏബ്രഹാം എന്നിവർ കാര്യപരിപാടി ക്രമീകരണങ്ങളിൽ ശ്രദ്ധ ചെലുത്തുന്നു. ട്രസ്റ്റീ ബോർഡ് ചെയർമാൻ വർഗീസ് കെ. ജോസഫ്, ട്രസ്റ്റീ ബോർഡ് അംഗങ്ങളായ പോൾ പി. ജോസ്, ഫിലിപ്പോസ് കെ. ജോസഫ്, സിബി ഡേവിഡ്, സജി ഏബ്രഹാം എന്നിവർ പരിപാടിയുടെ വൻ വിജയത്തിനായി പ്രവർത്തിക്കുന്നു. മറ്റ് കമ്മിറ്റി അംഗങ്ങളായ ലീലാ മാരേട്ട്, ഷാജു സാം, വർഗീസ് പോത്താനിക്കാട്, ബെന്നി ഇട്ടീര, സജി തോമസ്, പ്രകാശ് തോമസ്, ജോർജ് തോമസ്, ഏലിയാമ്മ അപ്പുക്കുട്ടൻ, സുനിൽ ചാക്കോ എന്നിവരും വിവിധ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ആഘോഷച്ചടങ്ങിന്റെ വിജയത്തിനായി അക്ഷീണം പ്രവർത്തിക്കുന്നു.




മെയ് 9-ന് ശനിയാഴ്ച വൈകിട്ട് 6-ന് എൽമോണ്ടിൽ നടക്കുന്ന കേരളാ സമാജത്തിന്റെ പ്രവർത്തനോദ്ഘാടനത്തിൽ പങ്കെടുക്കാനും മുഖ്യാതിഥി ഡോ. രാജു നാരായണ സ്വാമി ഐഎഎസിന്റെ മാസ്മരിക പ്രഭാഷണം കേൾക്കുന്നതിനും ഏവരെയും ക്ഷണിക്കുന്നു എന്ന് സമാജം സെക്രട്ടറി മാത്യുക്കുട്ടിയും ട്രഷറർ വിനോദും സംയുക്തമായി പറഞ്ഞു. പരിപാടിയോടനുബന്ധിച്ച് നടത്തപ്പെടുന്ന നൃത്ത-കലാ പരിപാടികളും ലൈവ് ഓർക്കെസ്ട്രായോടു കൂടിയ ഗാനമേളയും വിഭവസമൃദ്ധമായ ഡിന്നറും ആസ്വദിക്കുന്നതിന് ഏവരും എത്തിച്ചേരണമെന്ന് ഇരുവരും ചേർന്ന് പ്രസ്താവിച്ചു. പ്രവേശനം പാസ്സ് മൂലം നിയന്ത്രിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഹേമചന്ദ്രൻ (516) 366 9262, മാത്യുക്കുട്ടി ഈശോ 516 455 8596, വിനോദ് കെയാർക്കെ 516 633 5208.

## ചിക്കാഗോ പിസിനാക് സുവനിയർ രചനകൾ ക്ഷണിക്കുന്നു

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: ജൂലൈ ആദ്യവാരം ചിക്കാഗോയിൽ നടക്കുന്ന നാല്പതാമത് പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന സുവനിയറിലേക്ക് രചനകൾ ക്ഷണിക്കുന്നു. രണ്ടു പേജിൽ കവിയാത്ത രചനകൾ എഴുത്തുകാരന്റെ സ്വന്തമായിരിക്കണം. വെബ്സൈറ്റ് ഉൾപ്പെടെയുള്ള മറ്റ് മാധ്യമങ്ങളിൽ നിന്ന് പകർത്തിയെടുത്തവ സ്വീകാര്യമല്ല. പിസിനാക്കിന്റെ കഴിഞ്ഞ നാല് പതിറ്റാണ്ടുകളിലെ ചരിത്രവും സമകാലിക വെല്ലുവിളികളും ചർച്ചയ്ക്ക് വിധേയമാക്കും. നോർത്ത് അമേരിക്ക



റവ. തോമസ് മുല്ലക്കൽ



കുര്യൻ ഫിലിപ്പ്

യിലെ പ്രഗത്ഭരായ മാധ്യമപ്രവർത്തകരും സാഹിത്യകാരന്മാരും ഉൾപ്പെടുന്ന പത്രാധിപ സമിതിയാണ് സുവനിയറിന്റെ മേൽനോട്ടം വഹിക്കുന്നത്. റവ. തോമസ് മുല്ലയ്ക്കൽ ചീഫ് എഡിറ്ററും കുര്യൻ ഫിലിപ്പ് പബ്ലീഷറും ആയ പ്രസിദ്ധീകരണ സമിതിയെ പിസി നാക്കിന്റെ നാഷണൽ കമ്മിറ്റി നിയോഗിച്ചു. ചരിത്രരചനയ്ക്ക് സഹായകമാകുന്ന ഫോട്ടോകളും വാർത്തകളും മറ്റിതര കൃതികളും മെയ് 20-നകം SOUVENIRPCNAK2026@GMAIL.COM എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് തോമസ് മുല്ലക്കൽ (214 223 1194), കുര്യൻ ഫിലിപ്പ് (847 912 5578).

## ലക്ഷ്മിക്കുട്ടി നായർ അന്തരിച്ചു

ഹൂസ്റ്റൺ: ഞങ്ങളുടെ പ്രിയപ്പെട്ടതും പ്രമുഖവുമായ സമൂഹാംഗങ്ങളിൽ ഒരാളായ ലക്ഷ്മിക്കുട്ടി നായർ അന്തരിച്ചു എന്ന വാർത്ത നിങ്ങളെ അറിയിക്കുന്നതിൽ ഞങ്ങൾ അതിയായി ഖേദിക്കുന്നു. ഈ ദുഷ്കരമായ സമയത്ത് അവരുടെ കുടുംബത്തിന് ഞങ്ങളുടെ അഗാധമായ അനുശോചനം അറിയിക്കുന്നു. കരുണ, സേവനം, പയനിയറിംഗ് മനോഭാവം എന്നിവയാൽ നിർവചിക്കപ്പെട്ടതായിരുന്നു ലക്ഷ്മിക്കുട്ടിയുടെ യാത്ര.

ഇന്ത്യയിൽ ജനിച്ച് വിദ്യാഭ്യാസം നേടിയ അവർ ബാംഗ്ലൂരിലെ നേഴ്സിംഗ് കോളജിൽ നിന്ന് പ്രൊഫഷണൽ പരിശീലനം പൂർത്തിയാക്കി. ബാംഗ്ലൂരിലെ വിക്ടോറിയ ഹോസ്പിറ്റലിൽ തന്റെ വിശിഷ്ടമായ കരിയർ ആരംഭിച്ചു. അവിടെ അവർ ഏകദേശം ഏഴു വർഷത്തോളം സേവനമനുഷ്ഠിച്ചു.

തുടർന്ന് 1975-ൽ അമേരിക്കയിലേക്ക് കുടിയേറി. ഒക്കലഹോമയിൽ എത്തിയശേഷം അവർ ആദ്യം സെന്റ് ആന്റണി ഹോസ്പിറ്റലിൽ രണ്ട് വർഷം ജോലി ചെയ്തു. തുടർന്ന് ഇന്റഗ്രിസ് ഹെൽത്ത് സെന്ററിൽ തന്റെ പ്രൊഫഷണൽ ഹോം കണ്ടെത്തി.

ഇന്റഗ്രിസിൽ രജിസ്റ്റർ ചെയ്ത നേഴ്സായി 35 വർഷക്കാലം സമർപ്പിതമായി പ്രവർത്തിച്ച അവർ രോഗികൾക്കുള്ള വൈദഗ്ദ്ധ്യത്തിനും അചഞ്ചലമായ പരിചരണത്തിനും പേരുകേട്ട ആരോഗ്യ സംരക്ഷണ സമൂഹത്തിന്റെ നെടുംതൂണായി മാറി. അവരുടെ മികവും പ്രതിബദ്ധതയും പലപ്പോഴും ആദരിക്കപ്പെട്ടു. കാരണം അവരുടെ ദീർഘകാല സേവനകാലത്ത് നിരവധി അവാർഡുകളും അഭിനന്ദനങ്ങളും അവർക്ക് ലഭിച്ചിട്ടുണ്ട്. ഭർത്താവ് കൃഷ്ണൻ നായർ, മക്കളായ സുജിത്ത്, ദീപ, പ്രശാന്ത് മരുമക്കൾ ഫാത്തിമ, ഷാനൻ, പേരക്കുട്ടികൾ എന്നിവർ അവരുടെ കുടുംബത്തിൽ ജീവിച്ചിരിക്കുന്നു.



ലക്ഷ്മിക്കുട്ടി നായരുടെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെയെന്നും ദുഃഖിതരായ അവരുടെ കുടുംബത്തിനും സുഹൃത്തുക്കൾക്കും ദൈവം ശക്തിയും സമാധാനവും നല്കട്ടെയെന്നും ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

**വാർത്ത: ശങ്കരൻകുട്ടി, ഹൂസ്റ്റൺ**

# ജോമി ജോസ് കൈപ്പാറേട്ട് രചനയും സംവിധാനവും നിർവ്വഹിച്ച 'കരുതൽ' സിനിമയ്ക്ക് കേരളാ ഫിലിം ക്രിട്ടിക്സ് അവാർഡ്

ജോസ് കണിയാലി

കോട്ടയം: ഡ്രീംസ് ഓൺ സ്ക്രീൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രശാന്ത് മുരളിയെ നായകനാക്കി നവാഗതനായ സംവിധായകൻ ജോമി ജോസ് കൈപ്പാറേട്ട് രചനയും സംവിധാനവും നിർവ്വഹിച്ച ഏറ്റവും പുതിയ ചിത്രം 'കരുതലി'ന് സാമൂഹിക പ്രസക്തിയുള്ള ഏറ്റവും മികച്ച ചിത്രത്തിനുള്ള കേരള ഫിലിം ക്രിട്ടിക്സിന്റെ 2025-ലെ അവാർഡ്. പ്രഥമ സംവിധാന സംരംഭത്തിലൂടെ മലയാള സിനിമയിൽ സ്വന്തം മേൽവിലാസം എഴുതി ചേർത്തിരിക്കുന്ന ജോമി ജോസിന് ഈ അംഗീകാരത്തിളക്കം വിലമതിക്കാനാവാത്തതാണ്. ധാരാളം പ്രേക്ഷകപ്രശംസ ലഭിച്ച കരുതൽ, കഴിഞ്ഞ ഫെബ്രുവരി ആറിനാണ് കേരളത്തിന് പുറമെ യു.എസ്, അയർലൻഡ് എന്നിവിടങ്ങളിലായി പ്രദർശനത്തിനെത്തിയത്. കേരളത്തിലെ വിവിധ പ്രദേശങ്ങൾ കൂടാതെ അമേരിക്ക & അയർലൻഡ് എന്നീ രാജ്യങ്ങളിലുമായാണ് ചിത്രീകരണം പൂർത്തിയാക്കിയത്.




സമകാലിക സംഭവങ്ങളെ കോർത്തിണക്കിയ കരുതൽ, ആഖ്യാനത്തിലെയും അവതരണത്തിലെയും പുതുമകൊണ്ട് ആരാധകരുടെ ആദരവ് നേടുമ്പോഴും തന്റെ പ്രഥമ സംവിധാന സംരംഭത്തിന് തന്നെ ഇത്ര വലിയൊരു അവാർഡ് ലഭിച്ചതിന്റെ ആഹ്ലാദം സംവിധായകനായ ജോമി ജോസ് മറച്ചുവെയ്ക്കുന്നില്ല. ഹ്രസ്വ ചിത്രങ്ങൾ ചെയ്തുണ്ടാക്കിയ അനുഭവസമ്പത്ത് മാത്രം കൈമുതലായുള്ള ജോമിക്ക് സ്വന്തം സുഹൃത്തുക്കളും വീട്ടുകാരും നൽകിയ ധൈര്യമാണ് കരുതൽ സിനിമ ചെയ്യാൻ കരുത്ത് പകർന്നത്. ജീവിതസായാഹ്നത്തിൽ അച്ഛനമ്മമാർ മക്കളുടെ സാന്നിധ്യം കൊതിക്കുന്നതിലെ വേദന തിരിച്ചറിഞ്ഞതായിരുന്നു ചിത്രം ചെയ്യാൻ തനിക്ക് പ്രേരണയായതെന്നും തുടക്കക്കാരനായ ജോമി പറയുന്നു.

പ്രശസ്ത ഛായാഗ്രാഹകനായ സാബു ജെയിംസാണ് തിരക്കഥ, സംഭാഷണം & ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്. നായകൻ പ്രശാന്ത് മുരളിയെക്കൂടാതെ കോട്ടയം രമേശ്, സിബി തോമസ്, സുനിൽ സുഖദ, ഐശ്വര്യ നന്ദൻ, സ്റ്റീഫൻ ചെട്ടിക്കൻ, റോബിൻ സ്റ്റീഫൻ, മോളി പയസ്, ഷീജോ പഴയമ്പള്ളിൽ, ആർ.ജെ സുരാജ്, ജോ സ്റ്റീഫൻ, മാത്യു മാപ്പിളേട്ട്, ജോസ് കൈപ്പാറേട്ട്, ടോമി ജോസഫ്, റിജേഷ്, അനിൽ ചേരിയിൽ, വിനോദ് ചേരിയിൽ, ജിസ്ന ബാസ്റ്റിൻ, ഷെറിൻ സാം, രശ്മി തോമസ്, ശാന്തമ്മ ഫിലിപ്പ്, സ്മിത ലൂക്ക്, ബിജിമോൾ സണ്ണി, നയന മിഥുൻ, സരിത തോമസ്, അൻവി റെജി, ദിയ തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ എത്തുന്നു. എഡിറ്റിങ്-സന്ദീപ് ബി.ജി.എം-അനിറ്റ് പി.ജോയ്, സംഗീത സംവിധായൻ-ജോൺസൺ മങ്ങഴ, ഷൈജു കേളന്തറ, ജോസ് കൈപ്പാറേട്ട് & സ്മിസ് എന്നിവരുടെ വരികൾക്ക് പ്രസീത ചാലക്കുടി, കെസ്റ്റർ, പ്രദീപ് പള്ളുരുത്തി, ബിന്ദുജ പ്രേം& സ്മിസ് എന്നിവരാണ് പാടിയിരിക്കുന്നത്.






എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സഞ്ജു സൈമൺ മാക്കിൽ, കോ പ്രൊഡ്യൂസേഴ്സ് -മാത്യു മാപ്പിളേട്ട്, ശാലിൻ ഷീജോ കുര്യൻ പഴയംപള്ളിയിൽ, ടോമി ജോസഫ് & ജോ സ്റ്റീഫൻ, പ്രൊഡക്ഷൻ കൺട്രോളർ സ്റ്റീഫൻ ചെട്ടിക്കൻ, കലാസംവിധാനം-റോബിൻ സ്റ്റീഫൻ, കോ-ഓർഡിനേറ്റർ-ബൈലോൺ എബ്രഹാം, ചമയം-പുനലൂർ രവി & അനൂപ്, മ്യൂസിക് പ്രൊഡക്ഷൻ- റോഷൻ മാത്യു, പി.ആർ.ഒ എസ്. ദിനേശ്, ഡിജിറ്റൽ പി.ആർ.ഒ മനു ശിവൻ. ഉടൻ തന്നെ ചിത്രം യു.കെയിലും റിലീസ് ചെയ്തതിനു ശേഷം ഒ.റ്റി.റ്റി യിലും റിലീസ് ആകുമെന്ന് കരുതലിന്റെ അണിയറ പ്രവർത്തകർ അറിയിച്ചു.

# മലയാളി റെസ്പിറേറ്ററി കെയർ അസോസിയേഷന് ISRC അവാർഡ്

ബിജു മുണ്ടക്കൽ

ഡൊണേഴ്സ് ഗ്രോവ്: അമേരിക്കൻ അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (AARC) ന്റെ ഇല്ലിനോയിസ് സൊസൈറ്റി ഓഫ് റെസ്പിറേറ്ററി കെയർ (ISRC) ചാപ്റ്റർ ഡൊണേഴ്സ് ഗ്രോവ് ചിക്കാഗോയിൽ വെച്ച് നടത്തപ്പെട്ട 58-ാമത് കോൺഫറൻസിൽ റെസ്പിറേറ്ററി തെറാപ്പി മേഖലയിലെ കഴിഞ്ഞ 25 വർഷത്തെ സ്തുത്യർഹമായ പ്രവർത്തനത്തിന് മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ MARC-നെ ആദരിച്ചു. വാർഷിക കോൺഫറൻസിനോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിൽ ISRC പ്രസിഡണ്ട് ജീന ഹൂട്സ് അവാർഡ് നല്കി. MARC-നെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് ടോം ജോസ് അവാർഡ് ഏറ്റുവാങ്ങി. MARC എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ സമയ ജോർജ്, റോണഷ് മാത്യു, ബിൻസി ഏലിയാസ്, ട്രീസ ഷെയ്, വിജയ് വിൻസെന്റ്, ബെൻസി ബെനഡിക്ട്, റോയ് ജോസഫ്, സനീഷ് ജോർജ്, ജോർജ് പ്ലാമൂട്ടിൽ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ISRC പ്രവർത്തനങ്ങൾക്ക് MARC നല്കുന്ന പിന്തുണ ചടങ്ങിൽ പ്രത്യേകം പരാമർശിച്ചു. നിലവിൽ MARC എക്സിക്യൂട്ടീവ് അംഗം സനീഷ് ജോർജ് ICRC മീഡിയ & മെംബർഷിപ്പ് കമ്മിറ്റിയിൽ പ്രവർത്തിച്ചുവരുന്നു.

സിൽവർ ജൂബിലി ആഘോഷിക്കുന്ന MARC-ന് ലഭിക്കുന്ന രണ്ടാമത്തെ പുരസ്കാരമാണിത്. മുൻപ് മലയാളത്തിലെ പ്രമുഖ ദൃശ്യമാധ്യമമായ ഏഷ്യാനെറ്റിന്റെ കോവിഡ് 'വാരിയർ അവാർഡ്' MARC-ന് ലഭിച്ചിരുന്നു. MARC-ന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിൽ നിർമ്മിച്ചു നല്കുന്ന ഭവനങ്ങളുടെ പണി പൂർത്തിയായി. ഇതിനോടകം കുടുംബങ്ങൾക്ക് താങ്ങായി മാറുവാൻ MARC-ന് സാധിച്ചു. സിൽവർ ജൂബിലിയുടെ ഭാഗമായി ക്രമീകരിക്കുന്ന ഹെൽത്ത് ഫെയറിന്റെ ക്രമീകരണങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുന്ന ജൂബിലി സുവനീറിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപന മീറ്റിംഗിൽ പ്രകാശനം ചെയ്യുന്ന പ്രസ്തുത സുവനീറിൽ കലാസൃഷ്ടികൾ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് marcsouvenir2025@gmail.com എന്ന ഇ-മെയിലിലേക്ക് തങ്ങളുടെ രചനകൾ അയയ്ക്കാവുന്നതാണ്. സ്കറിയാക്കുട്ടി തോമസ് ജനറൽ കൺവീനറായി സിൽവർ ജൂബിലി ആഘോഷ ക്രമീകരണങ്ങൾ നടന്നുവരുന്നതായി ഭാരവാഹികൾ അറിയിച്ചു.





# നാൽപത് വർഷങ്ങൾക്ക് ശേഷം ആ അവിസ്മരണീയ കൂടിക്കാഴ്ച

കേരളാ എക്സ്പ്രസ് വാരാന്ത്യം




ലേഖനം



അനിൽ പെണ്ണുക്കര

മലയാള സിനിമയുടെ സുവർണ്ണകാലത്തെ ഓർമ്മിപ്പിക്കുന്ന ഹൃദയസ്പർശിയായ ഒരു വാർത്തയാണ് ഇപ്പോൾ സമൂഹമാധ്യമങ്ങളിൽ നിറയുന്നത്. 1986-ൽ പുറത്തിറങ്ങിയ 'ഒന്നു മുതൽ പൂജ്യം വരെ' എന്ന ക്ലാസിക് ചിത്രത്തിലെ നായിക ആശ ജയറാമും മലയാളത്തിന്റെ പ്രിയനടൻ മോഹൻലാലും തമ്മിലുള്ള കൂടിക്കാഴ്ചയാണിത്. അമേരിക്കയിൽ വെച്ച് നടന്ന ഈ അപൂർവ്വ നിമിഷത്തിന്റെ ദൃശ്യങ്ങൾ സംവിധായകൻ അജിത്ത് അയ്യമ്പിള്ളിയാണ് പങ്കുവെച്ചത്. നാല് പതിറ്റാണ്ടിന് ശേഷമുള്ള ഈ കണ്ടുമുട്ടൽ സിനിമാ പ്രേമികൾക്കിടയിൽ വലിയ തരംഗമാണ് സൃഷ്ടിച്ചിരിക്കുന്നത്.



**ടെലിഫോൺ അങ്കിളും അലീനയും കൈമാറുന്ന ഗൃഹാതുരത്വം**

രഘുനാഥ് പാലേരിയുടെ സംവിധാനത്തിൽ പിറന്ന 'ഒന്നു മുതൽ പൂജ്യം വരെ' മലയാളത്തിലെ ഏറ്റവും പരീക്ഷണാത്മകമായ ചിത്രങ്ങളിൽ ഒന്നാണ്. ചിത്രത്തിന്റെ ഭൂരിഭാഗം സമയത്തും മോഹൻലാൽ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നില്ല എന്നത് ഈ സിനിമയുടെ വലിയൊരു പ്രത്യേകതയായിരുന്നു. വെറുമൊരു ശബ്ദത്തിലൂടെ മാത്രം ടെലിഫോൺ അങ്കിൾ എന്ന കഥാപാത്രമായി വന്ന് മലയാളികളുടെ മനസ്സ് കീഴടക്കിയ ലാലേട്ടന്റെ ആ പ്രകടനം ഇന്നും സിനിമാ ചരിത്രത്തിലെ വലിയൊരു വിസ്മയമായി തുടരുന്നു.

വിഭാര്യയായ അലീന എന്ന അമ്മയുടെ വേഷത്തിൽ ആശ ജയറാം തന്റെ അരങ്ങേറ്റ ചിത്രം തന്നെ അവിസ്മരണീയമാക്കി. ഏകാന്തത അനുഭവിക്കുന്ന ദീപമോൾ എന്ന കൊച്ചു പെൺകുട്ടിയും അവളുടെ അമ്മയും അജ്ഞാതനായ ഒരു വ്യക്തിയുമായി ഫോണിലൂടെ വളർത്തിയെടുക്കുന്ന ആത്മബന്ധമാണ് സിനിമയുടെ ഇതിവൃത്തം. ഔസേപ്പച്ചന്റെ ഈണത്തിൽ പിറന്ന ചിത്രത്തിലെ ഗാനങ്ങൾ ഇന്നും മലയാളികളുടെ പ്രിയപ്പെട്ടവയാണ്.

**ചരിത്രം കുറിച്ച നിമിഷം**

സിനിമയിൽ ശബ്ദത്തിലൂടെ മാത്രം അലീനയുടെ ജീവിതത്തിലേക്ക് കടന്നുവന്ന ലാലേട്ടൻ, 40 വർഷങ്ങൾക്ക് ശേഷം വിദേശ മണ്ണിൽവെച്ച് ആശയെ നേരിട്ട് കണ്ടപ്പോൾ അത് ആരാധകർക്ക് വലിയൊരു വിരുന്നായി മാറി. 'തനിയാവർത്തനം', 'ഇസബെല്ല' തുടങ്ങിയ ശ്രദ്ധേയമായ ചിത്രങ്ങളിൽ അഭിനയിച്ച ശേഷം ആശ ജയറാം സിനിമയിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നു. ആരാധകരുടെ കൈയടികളോടെ ചരിത്രമായി മാറിയ മറ്റൊരു മുഹൂർത്തം എന്നാണ് ഈ കൂടിക്കാഴ്ചയെ സോഷ്യൽ മീഡിയ വിശേഷിപ്പിച്ചത്.

80-കളിലെ മലയാള സിനിമയുടെ ലാളിത്യവും വൈകാരികതയും ഈ ചിത്രം വീണ്ടും ഓർമ്മിപ്പിക്കുന്നു. ഇത്രയും വർഷങ്ങൾക്ക് ശേഷവും ആ കഥാപാത്രങ്ങളെയും അഭിനേതാക്കളെയും മലയാളി നെഞ്ചേറ്റുന്നു എന്നത് സിനിമയുടെ കരുത്താണ് വിളിച്ചോതുന്നത്. കേരള സ്റ്റേറ്റ്







അവാർഡുകൾ ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയ ഈ ചിത്രം ഇന്നും മലയാളിയുടെ സിനിമാ കാഴ്ചകളിൽ ഒരു വസന്തമായി നിലനിൽക്കുന്നു.


# ഇണ

കഥ



രാജു കാഞ്ഞിരങ്ങാട്

വിവാഹം കഴിച്ചു കൊണ്ടുവന്ന അന്നു മുതൽ അയാൾ അവളോട് ഒരു ഇരയെപ്പോലെയാണ് പെരുമാറിയിരുന്നത് . എന്നിട്ടും; പരാതിയോ, പരിഭവമോ, ദേഷ്യമോ, പ്രതികാരമോ അവളിൽ ഉണ്ടായിരുന്നില്ല! അയാളുടെ എല്ലാ ചെയ്തികളും സഹിച്ചു കൊണ്ടു നിൽക്കുമ്പോഴും ഇണയോടുള്ള അവളുടെസ്നേഹത്തിന് ഒട്ടും കുറവു വന്നില്ല.



# പ്രകൃതിയെ തൊട്ടറിഞ്ഞ സ്തപതിയും ടോണി ജോസഫും!

വാരാന്ത്യം





ഫീച്ചർ

**അനിൽ പെണ്ണുക്കര**

ഹൃദയത്തെയും മനസ്സിനെയും പിടിച്ചെടുക്കുന്ന സവിശേഷമായ ഒന്നിനെ നിർമ്മിച്ചെടുക്കുക എന്നതാണ് ഒരു വാസ്തുശില്പിയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ വെല്ലുവിളി. രണ്ടു പതിറ്റാണ്ടുകൾക്ക് മുമ്പ് ആ വെല്ലുവിളി ഏറ്റെടുത്ത് ഭൂമിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ലോകപ്രശസ്തനായ വാസ്തുശില്പിയാണ് ടോണി ജോസഫ്. ശില്പകലയിൽ സൃഷ്ടിപരമായ ദർശനവും മൂല്യബോധവും ചേർത്തുനിർത്തുന്ന ഒരു വ്യക്തിയാണ് അദ്ദേഹം. അതുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനങ്ങളിലും ആ ഗുണഗണങ്ങൾ നമുക്ക് എടുത്തുകാണാൻ സാധിക്കും. ആധുനിക സാഹചര്യത്തിൽ പാരമ്പര്യത്തെ വ്യാഖ്യാനിക്കുക എന്നതാണ് അദ്ദേഹത്തിന്റെ വാസ്തുവിദ്യയുടെ ഏറ്റവും വലിയ സവിശേഷത. ആ സവിശേഷതയെ ആധാരമാക്കി കൊണ്ട് ടോണി ജോസഫ് സ്ഥാപിച്ച 'സ്തപതി' ലോക ജനശ്രദ്ധ പിടിച്ചു പറ്റുകയും സജീവമായ പ്രവർത്തനങ്ങളിലൂടെ ഇപ്പോൾ 35 വർഷം പിന്നിടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ടോണി ജോസഫ് ശ്രദ്ധേയനാകുന്നത് വയനാട് ദുരന്തത്തിൽ അകപ്പെട്ടവർക്ക് മുസ്ലിം ലീഗ് നിർമ്മിച്ചു നൽകിയ വീടുകളുടെ നിർമ്മാണ ചുമതല ഏറ്റെടുത്തുതിലൂടെയാണ്. പ്രതിഫലം വാങ്ങാതെ ഒരു വലിയ ഉദ്യമം ഏറ്റെടുത്ത് വിജയിപ്പിക്കുന്ന അദ്ദേഹത്തിന്റെ ജീവിത വഴിയിലൂടെ ഒരു യാത്ര

1980-കളിലാണ് ടോണി വാസ്തുവിദ്യ പിന്തുടരാൻ തീരുമാനിക്കുന്നത്. ഒരു ശാസ്ത്ര വിദ്യാർത്ഥിയും കലയെ സ്നേഹിക്കുന്ന വ്യക്തിയുമായതിനാൽ അദ്ദേഹം അന്ന്തൊട്ടേ വാസ്തുവിദ്യയെ വളരെയധികം ബഹുമാനിച്ചിരുന്നു. മണിപ്പാലിൽ നിന്ന് പഠനം പൂർത്തിയാക്കിയ ശേഷം, സതീഷ് ഗുജ്റാൾ, പാട്രിക് മൊണ്ടീറോ തുടങ്ങിയ മാസ്റ്റേഴ്സിനൊപ്പം പ്രവർത്തിച്ചുകൊണ്ട് അദ്ദേഹം തന്റെ അനുഭവപരിജ്ഞാനം വികസിപ്പിച്ചെടുത്തു. പിന്നീട് അമേരിക്കയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയപ്പോൾ, പ്രശസ്ത അമേരിക്കൻ വാസ്തുശില്പിയായ ചാൾസ് മൂറിന്റെ പ്രാദേശിക ഡിസൈൻ തത്വങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു.

അങ്ങനെ, 1989 ൽ അദ്ദേഹം 'സ്തപതി' ആരംഭിക്കാനായി നാട്ടിൽ തിരിച്ചെത്തി.

കുമരകം ലേക്ക് റിസോർട്ട്, വയനാട്ടിലെ വൈത്തിരി റിസോർട്ട് തുടങ്ങിയ പദ്ധതികൾ അദ്ദേഹം ആവിഷ്കരിച്ചു, അവ ഇപ്പോഴും ഈ മേഖലയിലെ ഏറ്റവും മികച്ച വെൽനസ് ഇടങ്ങളായി കണക്കാക്കപ്പെടുന്നു. ദക്ഷിണേന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഗോപുരമായ 40 നിലകളുള്ള ചോയ്സ് പാരഡൈസ് എന്ന അദ്ദേഹത്തിന്റെ ഏറ്റവും പുതിയ സൃഷ്ടിയിലൂടെ അദ്ദേഹം വീണ്ടും ആരാധകരുടെ ശ്രദ്ധ പിടിച്ചുപറ്റി. സംസ്ഥാനത്തെ നൂതനമായ പ്രവർത്തനങ്ങൾക്ക് ശേഷം, അദ്ദേഹത്തിന്റെ സ്ഥാപനം അന്താരാഷ്ട്ര തലങ്ങളിലേക്ക് മാറി. സീഷെൽസിലെ മനോഹരമായ കാപ്റ്റേൺ റിസോർട്ടും റൗണ്ട് ഐലൻഡ് റിസോർട്ടും അദ്ദേഹം രൂപകൽപ്പന ചെയ്തു. ഗോവയിലെ ആലില ദിവ, ഗുജറാത്തിലെ മധുബൻ റിസോർട്ട്, മഹാബലിപുരത്തെ റാഡിസൺ ടെമ്പിൾ ബേ റിസോർട്ട് എന്നിവ ഇന്ത്യയിലെ അദ്ദേഹത്തിന്റെ സമീപകാല പദ്ധതികളിൽ ചിലതാണ്.

കെട്ടിടങ്ങൾ പണിയുന്നതിലുപരി ജീവിതശൈലികൾ രൂപപ്പെടുത്തുന്നതാണ് യഥാർത്ഥ സൃഷ്ടിയെന്ന് അദ്ദേഹത്തിന്റെ ഈ വാസ്തുവിദ്യകളെല്ലാം തന്നെ നമ്മെ ഓർമ്മപ്പെടുത്തുന്നു. പ്രകൃതിയെയും മനുഷ്യരെയും ഒരുമിപ്പിക്കുന്ന അദ്ദേഹത്തിന്റെ സമീപനം, ഇന്നത്തെ ഈ വികസന കാലഘട്ടത്തിൽ ഏറെ പ്രസക്തമാണ്. ഓരോ പ്രോജക്റ്റിലും "ഭൂമിയെ ശ്രദ്ധിക്കുക" എന്ന തത്വമാണ് അദ്ദേഹം നടപ്പിലാക്കുന്നത്. ഉയരങ്ങളിലേക്ക് കുതിച്ചുയരുന്ന ഏത് കെട്ടിടങ്ങളിലും മനുഷ്യസ്പർശവും പരിസ്ഥിതിബോധവും നഷ്ടപ്പെടരുതെന്ന സന്ദേശത്തെ അദ്ദേഹം മുറുകെപ്പിടിക്കുന്നു. വാസ്തുവിദ്യയെ ഒരു കലയും ഉത്തരവാദിത്വവുമെന്ന നിലയിൽ കാണുന്ന അദ്ദേഹത്തിന്റെ ചിന്തകൾ പുതിയ തലമുറക്ക് ഏറെ പ്രചോദനമാകുന്നു. അതുകൊണ്ട് തന്നെ, ടോണി ജോസഫ് സൃഷ്ടിക്കുന്നത് കെട്ടിടങ്ങൾ മാത്രമല്ല, കാലത്തെ അതിജീവിക്കുന്ന അനുഭവങ്ങളാണ്.

# ആനന്ദാനുഭൂതിയുടെ മാലപ്പടക്കങ്ങൾ

**വി. ഷിനിലാൽ**

വളരെ യാദൃച്ഛികമായിട്ടാണ് ഈ മനുഷ്യനെ പരിചയപ്പെടുന്നത്. വർക്കലക്ക് പോകാൻ തമ്പാനൂർ സ്റ്റേഷനിൽ നിൽക്കുകയായിരുന്നു Todd Calfin. USA ക്കാരൻ. പത്ത് ദിവസം കൂടി ഇവിടെ ഉണ്ടാവും. ടൂറിസ്റ്റുകളോട് സാധാരണയുള്ള ചോദ്യോത്തരങ്ങൾ.

എന്താണ് ജോലി? വീട്ടിൽ ആരൊക്കെയുണ്ട്? എന്നിങ്ങനെയുള്ള ചുഴിഞ്ഞു കയറ്റങ്ങൾ ഇവർ ഇഷ്ടപ്പെടുന്നില്ല, എന്നതുകൊണ്ട് അങ്ങോട്ടൊന്നും കടന്നില്ല. ഭക്ഷണം, കാലാവസ്ഥ, കേരള താലിമീൽസ്, പാലക് പനീർ ഇങ്ങനെ കൊച്ച് കൊച്ച് കാര്യങ്ങൾ. സദായുള്ള അയാളുടെ പ്രസന്നതയും ലാളിത്യവും ഞാൻ നിരീക്ഷിക്കുന്നുമുണ്ട്. Toddy എന്ന് വിളിച്ച് കൂട്ടുകാർ തന്നെ കളിയാക്കുമെന്നും പറഞ്ഞ് ചിരി.



എന്നിട്ട് കൈയിലുള്ള ചെറിയ സഞ്ചികാണിച്ചു കൊണ്ട് പറഞ്ഞു: 'ഇതാ, ഈ സഞ്ചിയും അതിനുള്ളിൽ കൊള്ളുന്ന സാധനങ്ങളും കൊണ്ട് മാത്രമാണ് എന്റെ യാത്ര.' ഞാൻ സഞ്ചിയിലേക്ക് നോക്കി. ഒരു ബോട്ടിൽ വെള്ളം. പിന്നെ എന്തൊക്കെയോ.

അപ്പോൾ എനിക്ക് ചോദിക്കാതിരിക്കാനായില്ല: താങ്കൾ ആരാണ്?

'ഞാനൊരു റൈറ്ററാണ്. ട്രാവലറാണ്. ഓടക്കുഴൽ വാദകനാണ്. ഓരോ നിമിഷത്തിലും ആനന്ദം തിരയുന്നവനാണ്.' അവൻ പറഞ്ഞു. അത്ഭുതത്തോടെ ഞാനവന്റെ പേര് ഗൂഗിളിൽ തിരഞ്ഞു. The keys to the palace of bliss എന്ന അവന്റെ പുസ്തകത്തിന്റെ കവർ കണ്ടു. BLISS എന്ന വാക്ക് ഉള്ളിൽ കൊണ്ടു നടക്കുന്ന ഒരുവനാണ് ഞാൻ, എന്ന് അവനോട് ഞാനും പറഞ്ഞു.

അമിതദുരയില്ലാത്ത മനുഷ്യന് ആനന്ദാനുഭൂതികളുടെ മാലപ്പടക്കങ്ങൾ ജീവിതത്തിൽ ഉടനീളം ലഭിച്ചു കൊണ്ടിരിക്കുമെന്ന് അവൻ പറഞ്ഞു. എനിക്കപ്പോൾ ആ മനുഷ്യനെ കെട്ടിപ്പിടിക്കണം എന്നു തോന്നി.

'ഞാനും ഒരു റൈറ്ററാണ്.' ഞാൻ പറഞ്ഞു. എന്നിട്ട് ഗൂഗിളിൽ എന്നെത്തന്നെ തിരഞ്ഞ് അയാൾക്ക് കാണിച്ചു കൊടുത്തു. മലയാളം ഒന്നും മനസ്സിലാകുന്നില്ല എന്നയാൾ പറഞ്ഞു. എന്നെ വായിക്കാൻ വേണ്ടി വെള്ളക്കാർ മലയാളം പഠിക്കുന്ന ഒരു കാലം വരും എന്ന് കുമാരനാശാന്റെ ആത്മവിശ്വാസത്തോടെ ഞാൻ പറഞ്ഞു. അപ്പോൾ Todd എഴുന്നേറ്റ് എന്നെ കെട്ടിപ്പിടിച്ചു. ചിരിച്ചു. Bliss എന്ന ഒരു നിമിഷം.

അയാൾക്ക് വാട്സാപ്പില്ല, ഇൻസ്റ്റയില്ല. സോഷ്യൽ മീഡിയ ജീവിതമില്ല. ആകെയുള്ള ജി.മെയിൽ പറഞ്ഞു തന്നു. അപ്പോൾ മാത്രം എനിക്ക് സെൽഫി എടുക്കണമെന്ന് തോന്നി.

അപ്പോഴേക്കും ഐലൻഡ് എക്സ്പ്രസ് വന്നു. ഞങ്ങൾ മുഷ്ടി ചുരുട്ടി പരസ്പരം ഇടിച്ച് യാത്ര പറഞ്ഞ് പിരിയുകയും ചെയ്തു.

# യോർക്ക്ടൗൺ ഹൈറ്റ്സ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് യോർക്ക്ടൗൺ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം. 2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താവിഷയം.

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജോൺ താരവേലിൽ, റിംഗിൾ ബിജു, ഡോ. റെബേക്ക പോത്തൻ, പ്രേംസി ജോൺ, ഈതൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ സെക്രട്ടറി സക്കറിയ ബാബു, ട്രഷറർ ബാബു ജോർജ്, ഭദ്രാസന അസംബ്ലി അംഗങ്ങളായ കുര്യൻ പള്ളിയങ്കൽ, ജോർജുകുട്ടി മാത്യു, മലങ്കര അസോസിയേഷൻ അംഗങ്ങളായ വർഗീസ് മാമ്പള്ളിൽ, സാജൻ മാത്യു എന്നിവരും സന്നിഹിതരായിരുന്നു. ഇടവക വികാരി ഫാ. നൈനാൻ ടി. ഈശോ ഇടവക കമ്മിറ്റിയോടൊപ്പം കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു.

ഡോ. റെബേക്ക പോത്തൻ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെക്കുകയും ചെയ്തു.

ജോൺ താമരവേലിൽ കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളേയും പ്രത്യേകിച്ച് ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിച്ചു. ഈതൻ കുട്ടുമാത കോൺഫറൻസ് ടീമിനെ പരിചയപ്പെടുത്തുകയും ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താവിഷയം, കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെ. തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

ഡോ. റെബേക്ക പോത്തൻ ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ആവശ്യപ്പെടുകയും സ്പോൺസർഷിപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ നല്കുകയും ചെയ്തു. രജിസ്ട്രേഷൻ, സൈറ്റ് & സൗണ്ട് ഷോയെക്കുറിച്ചുള്ള വിവരങ്ങൾ റിംഗിൾ ബിജു നല്കി. പ്രേംസി ജോൺ റാഫിളിനെക്കുറിച്ച് സംസാരിക്കുകയും അംഗങ്ങളെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

കോൺഫറൻസിന്റെ വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ച ജോൺ താമരവേലിൽ ഇടവക വികാരിക്കും ഇടവകാംഗങ്ങൾക്കും ഊഷ്മളമായ സ്വാഗതത്തിനും പിന്തുണയ്ക്കും നന്ദി അറിയിച്ചു.

ദേവാലയ വികാരി ഫാ. നൈനാൻ ടി. ഈശോ രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക് https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

**ജിനേഷ് തമ്പി**





# ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ചിൽഡ്രൻസ് ഡേ ആഘോഷിച്ചു

ന്യൂയോർക്ക്: ജാക്സൺ ഹൈറ്റ്സ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയിൽ ഈ വർഷത്തെ ചിൽഡ്രൻസ് ഡേ പരിപാടി വികാരി റവ.ഫാ. ജോൺ തോമസ് ആലുമ്മൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

എംജിഒസിഎസ്എംഎൽ ഡൽഹി, കോട്ടയം, അടൂർ എന്നിവിടങ്ങളിൽ നേതൃത്വം നല്കിയ റവ.ഫാ. കെ. ജി. അലക്സാണ്ടർ മുഖ്യപ്രഭാഷണം നടത്തുകയും ഈ വർഷത്തെ സന്ദേശമായി തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്ന ഗാനം കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്തു.

യോഗത്തിന് ഇടവക സെക്രട്ടറി ഗീവർഗീസ് ജേക്കബ് സ്വാഗതവും സൺഡേസ്കൂൾ വൈസ് പ്രിൻസിപ്പൽ ശില്പ തര്യൻ കൃതജ്ഞതയും പറഞ്ഞു. സ്റ്റീഫൻ തര്യൻ മാസ്റ്റർ ഓഫ് സെറിമണിയായിരുന്നു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു.

ഇടവകയിൽ ആരാധനയ്ക്കുശേഷം സൺഡേസ്കൂൾ കുട്ടികൾക്ക് വളരെക്കുറച്ച് സമയം മാത്രം ലഭിക്കുന്ന സാഹചര്യത്തിൽ ഈ മാസം ആദ്യം മുതൽ എല്ലാ ശനിയാഴ്ചകളിലും വൈകിട്ട് 9 മണി മുതൽ 10 മണി വരെ സൂമിലൂടെ സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കൾക്ക് വേണ്ടി പ്രത്യേക ക്ലാസ് ക്രമീകരിച്ചിട്ടുണ്ട് എന്ന് സൺഡേസ്കൂൾ പ്രിൻസിപ്പൽ ബിജി വർഗീസ് അറിയിച്ചു.

ഫ്ളോറിഡയിൽ നിന്നുള്ള ഫാ. ഡോ. ജേക്കബ് മാത്യു ഈ ക്ലാസുകൾ നയിക്കുന്നതാണ്. അനുദിന ജീവിതത്തിൽ ഓർത്തഡോക്സ് വിശ്വാസത്തിൽ വേരൂന്നിയ ക്രിസ്താഷ്ഠിത തലമുറ എന്നതാണ് വിഷയം.

മാതാപിതാക്കൾക്കും കുട്ടികൾക്കും വിശ്വാസകാര്യങ്ങളിലുള്ള സംശയങ്ങൾക്ക് നിവാരണം ഉണ്ടാക്കുവാൻ ഇത് സഹായിക്കും.







# അമേരിക്കൻ അതിഭദ്രാസന ഫാമിലി കോൺഫറൻസിന്റെ കിക്കോഫ് ഡാളസ് സെന്റ് മേരീസ് പള്ളിയിൽ

ഡാളസ്: ഈ വരുന്ന ജൂലൈ മാസം 22-ാം തീയതി മുതൽ 25-ാം തീയതി വരെ അമേരിക്കൻ അതിഭദ്രാസന ആസ്ഥാനത്ത് (236 Old Tappan Rd, Old Tappan, NJ)വച്ച് നടക്കുന്ന യാക്കോബായ സുറിയാനി സഭയുടെ അമേരിക്കൻ അതിഭദ്രാസനത്തിന്റെ 37-ാമത് യൂത്ത് ആൻഡ് ഫാമിലി കോൺഫറൻസിന്റെ ടെക്സസ് റീജിയന്റെ

**വർഗീസ് പാലമലയിൽ**

കിക്കോഫ് ഏപ്രിൽ 26-ന് ഞായറാഴ്ച വിശുദ്ധ കുർബ്ബാനാനന്തരം ഡാളസ് സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് പള്ളിയിൽവച്ച് നടന്നു. കിക്കോഫിന്റെ ഉദ്ഘാടനം അമേരിക്കൻ അതിഭദ്രാസന സെക്രട്ടറിയും, സെന്റ് മേരീസ് പള്ളി വികാരിയുമായ റവ.ഫാ. പോൾ തോട്ടക്കാട്ട്







നിർവഹിച്ചു. ഡാളസ് മേഖലയിലുള്ള വിവിധ പള്ളികളിൽ നിന്നും ധാരാളം പേർ ഈയവസരത്തിൽ രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് ഭദ്രാസന സെക്രട്ടറിയെ ഏല്പിച്ചു.

തദവസരത്തിൽ ഡാളസ് സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ വികാരി റവ.ഫാ. ബേസിൽ എബ്രഹാം ഫാമിലി കോൺഫറൻസിന്റെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെപ്പറ്റിയും സംസാരിച്ചു. അനിത ലിജോ തദവസരത്തിൽ ആശംസ പ്രസംഗം നടത്തി. റവ. ഫാ. വർഗീസ് മാലിയിൽ, ഭദ്രാസന കൗൺസിൽ അംഗം അലക്സ് ജോർജ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

സെന്റ് മേരീസ് പള്ളി വൈസ് പ്രസിഡണ്ട് റിജു വിരിപ്പിൽ കിക്കോഫിൽ പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി.

# ന്യൂയോർക്ക് ഫ്രാങ്ക്ളിൻ സ്ക്വയർ സെന്റ് സ്റ്റീഫൻസ് ദേവാലയത്തിൽ ഫാമിലി & യൂത്ത് കോൺഫറൻസ് കിക്കോഫ്

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ഫ്രാങ്ക്ളിൻ സ്ക്വയർ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. "കൃപയുടെ പാത്രങ്ങൾ" എന്നതാണ് ചിന്താ വിഷയം.

**ജിനേഷ് തമ്പി**

കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ദേവാലയത്തിൽ ജോൺ താമരവേലിൽ, ബോബി ജോൺ, മാത്യു വർഗീസ്, മാത്യു ജോഷ്വ, പ്രേംസി ജോൺ, ആഞ്ചലീന ജോഷ്വ, സിനി മാത്യു, ഐറിൻ പോൾ, ഈതൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ഇടവക വികാരി ഫാ.ഡോ. സി.കെ രാജൻ കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു. കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവകാംഗങ്ങളെയും അച്ചൻ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനു നന്ദി പറയുകയും ചെയ്തു.

ജോൺ താമരവേലിൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിന്റെ ഉദ്ദേശ്യത്തെയും ദൗത്യത്തെയും കുറിച്ചുള്ള വിശദാംശങ്ങൾ നൽകുകയും ചെയ്തു. ഐറിൻ പോൾ ഈ വർഷത്തെ കോൺഫറൻസിന്റെ ചിന്താ വിഷയം. കോൺഫറൻസ് തീയതി, സമയം, സ്ഥലം, പ്രഭാഷകർ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കു വെച്ചു.

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ.ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് കോൺഫറൻസിലെ പ്രധാന പ്രഭാഷകർ.

ഭദ്രാസന കൗൺസിൽ അംഗം ബോബി ജോൺ കോൺഫറൻസിന് ലഭിക്കുന്ന ശക്തമായ പിന്തുണയെയും സമർപ്പണത്തെയും കുറിച്ച് സംസാരിച്ചു. കൂടാതെ ഭദ്രാസന കൗൺസിൽ കോൺഫറസിന് നൽകുന്ന പങ്കാളിത്തത്തിന്റെയും പിന്തുണയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു. സ്പോൺസർഷിപ്പ് അവസരങ്ങളെയും ഭക്ഷണ ക്രമീകരണങ്ങളെയും കുറിച്ച് മാത്യു വർഗീസ് സംസാരിച്ചു. കോൺഫറൻസ് രജിസ്ട്രേഷനെക്കുറിച്ചും മുൻ വർഷത്തെ അപേക്ഷിച്ചു രജിസ്ട്രേഷൻ നിരക്കുകളിലെ കുറവിനെ കുറിച്ചു ആഞ്ചലീന ജോഷ്വ പറഞ്ഞു. പ്രേംസി ജോൺ റാഫിളിനെ കുറിച്ച് സംസാരിക്കുകയും, അംഗങ്ങളെ കോൺഫറൻസിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈതൻ കൂട്ടുമാത ഇടവകാംഗങ്ങളോട് സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ആവശ്യപ്പെടുകയും, സ്പോൺസർഷിപ്പിനെ കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ചെയ്തു. മുൻ കോൺഫറൻസ് ട്രഷററായ മാത്യു ജോഷ്വ കോൺഫറൻസ് ടീമിനുമൊപ്പം സ്വന്തം ഇടവകയിൽ നടന്ന കിക്കോഫ് പ്രോഗ്രാമിൽ പങ്കെടുത്തു.





കൂടുതൽ വിവരങ്ങൾക്കായി https//fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക.

ഫാ.അലക്സ് ജെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ): 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി): 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ): 917-533-3566

KERALA EXPRESS പ്രവാസി താളുകൾ

# ട്രാവൻകൂർ ഫൗണ്ടേഷന്റെ സേവനങ്ങൾ മഹത്തരം: ഡോ. സിറിയക് തോമസ്

**പൊന്നി ജോസഫ്**

കറുകച്ചാൽ: ട്രാവൻകൂർ ഫൗണ്ടേഷന്റെ സേവനങ്ങൾ മഹത്തരവും മാതൃകാപരവുമെന്ന് മുൻ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും മുൻ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗവുമായ ഡോ. സിറിയക് തോമസ് അഭിപ്രായപ്പെട്ടു. വിഷുദിനാഘോഷങ്ങളുടെ ഭാഗമായി കറുകച്ചാൽ ട്രാവൻകൂർ ഫൗണ്ടേഷൻ സംഘടിപ്പിച്ച വിഷു സാംസ്കാരിക സായാഹ്നം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ട്രാവൻകൂർ ഫൗണ്ടേഷന്റെ വിഷുദിനാഘോഷ പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ടെന്നും റിട്ടയർമെന്റ് ജീവിതത്തിൽ പ്രവാസ ലോകത്ത് നിന്ന് തിരികെ എത്തിയവർക്കും മികച്ച റിട്ടയർമെന്റ് ജീവിതം ആഗ്രഹിക്കുന്നവർക്കും ഗുണം ചെയ്യുന്ന ഇത്തരം സംരംഭങ്ങൾ മികച്ച രീതിയിൽ മുന്നോട്ടു പോകട്ടെ എന്നും അദ്ദേഹം പറഞ്ഞു. ഒരാൾ ജീവിച്ചു വന്ന സാഹചര്യം മറ്റൊരിടത്ത് അതിമനോഹരമായി പുനഃസൃഷ്ടിക്കുക എന്നത് ചെറിയ കാര്യമല്ല. തന്നെയുമല്ല വയസാകുമ്പോഴേക്കും പലർക്കുമുണ്ടാകുന്ന പല പ്രശ്നങ്ങളും തിരിച്ചറിയുകയും അതിനനുസരിച്ച് അവയ്ക്ക് കൃത്യമായ ഉത്തരം കണ്ടെത്തുകയും ചെയ്യുക എന്നതും പ്രധാനമാണ്. ട്രാവൻകൂർ ഫൗണ്ടേഷൻ അത് കൃത്യമായി ചെയ്യുന്നതിൽ ഇതിന് പിന്നിൽ പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കുകയും ചെയ്യുന്നു. വിഷുക്കാലത്തിന്റെ നന്മയും സന്തോഷവും ആഘോഷിച്ചവർക്ക് അത് ഒരിക്കൽ കൂടി ആസ്വാദ്യകരമാക്കാൻ ഒരു സാംസ്കാരിക സായാഹ്നം ഒരുക്കുക വഴി ഈ സ്ഥാപനം അതിന്റെ ഔന്നത്യം ഒരിക്കൽകൂടി വിളിച്ചു പറയുകയും ചെയ്യുന്നു. അദ്ദേഹം കൂട്ടി ചേർത്തു. ഉദ്ഘാടന ചടങ്ങിനു ശേഷം ട്രാവൻകൂർ ഫൗണ്ടേഷനിലെ സ്റ്റാഫുകളും അവിടുത്തെ അംഗങ്ങളും ചേർന്ന് വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. ട്രാവൻകൂർ ഫൗണ്ടേഷന്റെ ചെയർമാൻ ജിജി ഫിലിപ്പ്, ഫൗണ്ടേഷൻ വൈസ് ചെയർമാൻ ജോയി കുറ്റ്യാനി, ടെർക്ക പ്രോഗ്രാം ഓഫീസർ മാത്യു കെ. വർഗീസ്, ജീരിയാട്രിക് സോഷ്യൽ വർക്കർ-മെറീന ബിജു, അലീഷ കുറ്റ്യാനി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.




2009 സെപ്റ്റംബർ 17-ാം തീയതിയാണ് ട്രാവൻകൂർ ഫൗണ്ടേഷൻ നിലവിൽ വരുന്നത്. വിദേശരാജ്യങ്ങളിലും മറ്റും റിട്ടയറായ മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായ പരിചരണം നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ പ്രാഥമിക ഉദ്ദേശം. വാർദ്ധക്യകാലത്ത് മാതാപിതാക്കൾക്ക് അഭിമാനത്തോടെയും ആരോഗ്യത്തോടെയുമുള്ള ജീവിതനിലവാരം ഉറപ്പുവരുത്തുക എന്ന വ്യക്തമായ കാഴ്ചപ്പാടാണ് ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്നത്. ഇന്ത്യയിലെ ആദ്യ അക്രഡിറ്റഡ് വയോജന സദനമെന്ന പേര് ഇന്ന് ട്രാവൻകൂർ ഫൗണ്ടേഷന്റെ പേരിലാണ്. എം.എസ് (ക്ലിനിക്കൽ സ്പെഷ്യാലിറ്റി ഇൻ ഏജിംഗ്), എം. ഫിൽ (ജെറന്റോളജിയിൽ ഗൈഡൻസും കൗൺസിലിംഗും), ജെറന്റോളജിയിൽ പിഎച്ച്.ഡി എന്നിവ നേടിയ ഡോ. രേണു ഏബ്രഹാം വർഗീസ് ആണ് ഫൗണ്ടേഷന്റെ ചെയർപേഴ്സൺ.

ഒരു റെസിഡന്റിന് രണ്ട് പരിചാരകർ എന്ന കണക്കിൽ 130 ആളുകൾക്ക് 200-ൽപ്പരം ജീവനക്കാർ ഈ സ്ഥാപനത്തിൽ പരിചരണത്തിനായുണ്ട്. കൂടാതെ വയോജന പരിപാലനത്തിന് അനുയോജ്യമായ പതിനാലോളം ഡിപ്പാർട്ടുമെന്റുകളും ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയിലൊന്നാണ്. ട്രാവൻകൂർ ഫൗണ്ടേഷൻ സിഇഒ ജിജി ഫിലിപ്പിന്റെ സൗമ്യമായ നേതൃത്വം ഈ സ്ഥാപനത്തിലെത്തുന്ന ഓരോ വ്യക്തികൾക്കും മതിപ്പുളവാക്കുന്നു. സമൂഹത്തിലെ പ്രശസ്തരായ നിരവധി വ്യക്തികൾ വിവിധ പ്രോഗ്രാമുകൾക്കും സന്ദർശകരുമായി ട്രാവൻകൂർ ഫൗണ്ടേഷനിൽ എത്താറുണ്ട്. നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായ ട്രാവൻകൂർ ഫൗണ്ടേഷൻ ഈ രംഗത്ത് ഒരു ലോകമാതൃകയായി മാറിയിരിക്കുന്നു.

# മാതാപിതാക്കളുടെ സംരക്ഷണത്തിൽ നിയമം ഇടപെടുമ്പോൾ



**ഡോ. മാത്യു ജോയിസ്**
**ലാസ് വേഗാസ്**

### ശമ്പളത്തിൽ ഒരു വിഹിതം: ഹൃദയത്തിൽ ഒരു ബാധ്യതയാകുമോ?

ഒരിക്കൽ നമ്മെ കൈപിടിച്ചു നടക്കാൻ പഠിപ്പിച്ച കൈകൾ, ഇന്ന് വിറയലോടെ ഒരു പിന്തുണ തേടുമ്പോൾ ആ കൈകൾ പിടിക്കേണ്ടത് മക്കളല്ലേ?

എന്നാൽ ജീവിതത്തിന്റെ തിരക്കിലും സ്വാർത്ഥതയുടെ ചെറുവളയങ്ങളിലും കുടുങ്ങിക്കിടക്കുന്ന ഇന്നത്തെ സമൂഹത്തിൽ, പല മാതാപിതാക്കളും അവഗണനയുടെ നിശ്ശബ്ദ വേദന അനുഭവിക്കുന്നു. ഈ യാഥാർത്ഥ്യത്തെ നേരിട്ട് കാണാൻ ധൈര്യപ്പെട്ടിരിക്കുകയാണ് തെലങ്കാന സർക്കാർ, ഒരു ശക്തമായ ഒരു പക്ഷേ കഠിനമായ നിയമ നടപടിയിലൂടെ.

### നിയമം: ഉത്തരവാദിത്തത്തിന് ഒരു ഔദ്യോഗിക മുഖം

പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ഇനി ഒരു പുതിയ ചുമതല കൂടി മാതാപിതാക്കളെ സംരക്ഷിക്കുമെന്ന് എഴുതി നൽകേണ്ട ബാധ്യത. അത് പാലിക്കാത്ത പക്ഷം? ശമ്പളത്തിൽ നിന്ന് 10 മുതൽ 15 ശതമാനം വരെ തുക നേരിട്ട് മാതാപിതാക്കളുടെ അക്കൗണ്ടിലേക്ക് മാറ്റിവെക്കും. ചില സാഹചര്യങ്ങളിൽ പ്രതിമാസം 10000 രൂപ വരെ നൽകും.

ഇത് വെറും സാമ്പത്തിക ഇടപെടലല്ല.

ഇത് ഒരു ചോദ്യമാണ്- സ്നേഹം പോലും നിയമം കൊണ്ട് ഉറപ്പാക്കേണ്ട അവസ്ഥയിലാണോ നമ്മൾ എത്തിയത്?

### അസമിൽ നിന്നുള്ള പാഠം

2017-ൽ അസം പ്രണം എന്ന നിയമം കൊണ്ടുവന്നപ്പോൾ പലരും അതിനെ അതിശയത്തോടെ നോക്കി. ഇന്ന് തെലങ്കാന അതേ വഴിയിലൂടെ നടക്കുമ്പോൾ അത് ഒരു സൂചനയാണ്; കുടുംബബന്ധങ്ങൾ ക്ഷയിക്കുമ്പോൾ, സമൂഹം തന്നെ ഇടപെടേണ്ടിവരും.

### കേരളത്തിന്റെ മിണ്ടാതിരിപ്പ്

കേരളത്തിലും ഇതുപോലൊരു ആശയം ചർച്ചയായി. പക്ഷേ, ഫയലുകളിൽ ഉറങ്ങിയ ആ ചിന്ത ഇന്നും യാഥാർത്ഥ്യമാകാതെ കിടക്കുന്നു. പ്രശ്നം ഇല്ലാത്തതിനാലാണോ? അല്ലെങ്കിൽ പ്രശ്നത്തെ നേരിടാൻ മടിക്കുന്നതിനാലോ?

### നിയമം vs സ്നേഹം

മാതാപിതാക്കളെ നോക്കുന്നത് ഒരിക്കലും ഒരു നിർബന്ധിത ചുമതല ആയിരിക്കേണ്ടതില്ല. അത് സ്വാഭാവികമായ സ്നേഹത്തിന്റെ പ്രവാഹമാകണം. പക്ഷേ, ആ പ്രവാഹം തടസ്സപ്പെടുമ്പോൾ നിയമം ഒരു വഴിത്തിരിവായി മാറുന്നു. ഒരു വശത്ത് ഈ നിയമം വയോജനങ്ങൾക്ക് സാമ്പത്തിക സുരക്ഷ നൽകും. മറ്റൊരു വശത്ത് അത് നമ്മെ അസ്വസ്ഥരാക്കുന്ന ഒരു സത്യവും തുറന്ന് കാട്ടുന്നു. ബന്ധങ്ങൾ ദുർബലമായിടത്ത് നിയമങ്ങൾ ശക്തമാകുന്നു.

### ഒരു സമൂഹത്തിന്റെ കണ്ണാടി

'വിഷൻ 2047' പോലുള്ള ദീർഘദർശന പദ്ധതികളുടെ ഭാഗമായാണ് ഈ നീക്കം. പക്ഷേ ഇതിന്റെ യഥാർത്ഥ പ്രാധാന്യം കണക്കുകളിൽ അല്ല.... മനസ്സുകളിൽ ആണ്.

ഒരു സമൂഹം തന്റെ മുതിർന്നവരെ എങ്ങന കാണുന്നു എന്നതാണ് അതിന്റെ സംസ്കാരത്തിന്റെ അളവുകോൽ. അവരെ ആദരിക്കാതെ സംരക്ഷിക്കാതെ നാം എത്ര മുന്നേറുന്നു എന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

### അവസാനം ഒരു ചോദ്യം മാത്രം

നമ്മൾ മാതാപിതാക്കൾക്ക് കൊടുക്കേണ്ടത് ശമ്പളത്തിൽ നിന്നുള്ള ഒരു വിഹിതമോ അല്ലെങ്കിൽ ജീവിതത്തിൽ നിന്നുള്ള ഒരു പങ്കോ?

# മാർത്തോമ്മാ സഭാ സെക്രട്ടറി സ്ഥാനത്തേക്ക് റവ. ഡാനിയേൽ വർഗീസ് മത്സരിക്കുന്നു

**പി.പി. ചെറിയാൻ**



ന്യൂയോർക്ക്: മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2026-2029 കാലയളവിലേക്കുള്ള സഭാ സെക്രട്ടറി സ്ഥാനത്തേക്ക് റവ. ഡാനിയേൽ വർഗീസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. "സേവനത്തിനായി വിളിക്കപ്പെട്ടു സഭയോട് പ്രതിബദ്ധതയുള്ളവൻ" എന്ന മുദ്രാവാക്യവുമായാണ് അദ്ദേഹം തെരഞ്ഞെടുപ്പിനെ നേരിടുന്നത്.

നോർത്ത് അമേരിക്കാ കാനഡ ഭദ്രാസനത്തിൽ നിന്നുള്ള സഭാ പ്രതിനിധി മണ്ഡലംഗങ്ങളുടെ വോട്ട് വിജയ പരാജയങ്ങൾ നിർണയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കും.

പുന്നാട് സെഹിയോൻ മാർത്തോമ്മാ ചർച്ചിലെ വികാരിയായി സേവനമനുഷ്ഠിക്കുന്നു. വൈദിക ശുശ്രൂഷയിൽ 33 വർഷത്തെ ദീർഘമായ പ്രവർത്തി പരിചയം അദ്ദേഹത്തിനുണ്ട്. ഇതിനോടകം ഇരുപതിലധികം ഇടവകകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വേൾഡ് വിഷൻ പ്രോജക്ട് അഡ്മിനിസ്ട്രേറ്റർ, കൊട്ടാരക്കര ജൂബിലി മന്ദിരം സൂപ്രണ്ട്, തിരുവനന്തപും-കൊല്ലം ഭദ്രാസന സെക്രട്ടറി തുടങ്ങിയ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ സഭാ കൗൺസിൽ, സെമിനാരി ഗവേണിംഗ് ബോർഡ് എന്നിവയിലും അംഗമായിരുന്നു.

വിനയത്തോടും ഉത്തവാദിത്തത്തോടും വിശ്വസ്തതയോടും കൂടി സഭയെ സേവിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് റവ. ഡാനിയേൽ വർഗീസ് അറിയിച്ചു. 2030-ൽ വിരമിക്കാനിരിക്കുന്ന അദ്ദേഹത്തിന് സഭയുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള അവസാന അവസരം കൂടിയാണിതെന്ന് പോസ്റ്ററിൽ വ്യക്തമാക്കുന്നു.

പ്രാർത്ഥനാപൂർവ്വമായ പിന്തുണയും വോട്ടും അഭ്യർത്ഥിച്ചുകൊണ്ട് അടൂർ ഭദ്രാസനത്തിലെ കൊറ്റമ്പള്ളി ബെഥേൽ ഇടവകാംഗമായ അദ്ദേഹം സഭാ മണ്ഡലം അംഗങ്ങളോട് സഹകരണം തേടി.

# ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ അവസാനഘട്ടത്തിലേക്ക്

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി &യൂത്ത് കോൺഫറൻസിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ആവേശകരമായ രജിസ്ട്രേഷൻ, പ്രത്യേകിച്ച് യുവതി യുവാക്കളുടെ പതിവിലും ഉയർന്ന പങ്കാളിത്തം സംഘാടക സമിതിയെ പ്രോത്സാഹിപ്പിക്കുന്നു. MGOCSM (ഹൈസ്കൂൾ, കോളജ് വിദ്യാർത്ഥികൾ) FOCUS അംഗങ്ങൾ, സൺഡേ സ്കൂൾ വിദ്യാർത്ഥികൾ, ഭദ്രാസനത്തിലുട നീളമുള്ള മുതിർന്ന അംഗങ്ങൾ, വൈദികർ എന്നിവർ ഉത്സാഹത്തോടെ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്.


ലാങ്കസ്റ്റർ വിൻധം റിസോർട്ടിൽ താമസ സൗകര്യം ഉറപ്പാക്കാൻ മെയ് 30-നു മുൻപ് റജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിച്ചു. രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fyc-nead.org സന്ദർശിക്കുക.

കോൺഫറൻസിനോട് അനുബന്ധിച്ചു പ്രസിദ്ധീകരിക്കുന്ന സുവനീറിലേക്ക് ലേഖനങ്ങളും പരസ്യങ്ങളും മെയ് 15-നു മുൻപ് അയയ്ക്കണമെന്ന് സുവനീർ എഡിറ്റർ ഡോ. റെബേക്കാ പോത്തൻ ഓർമിപ്പിച്ചു.

ലേഖനങ്ങളും പരസ്യങ്ങളും fyc-souvenir@neamericandiocese.org എന്ന ഈമെയിൽ അഡ്രസിലേക്ക് അയയ്ക്കേണ്ടതാണ്.


റവ.ഫാ. അലക്സ് ജോയ്


ജെയ്സൺ തോമസ്


ജോൺ താമരവേലിൽ


ഡോ. റെബേക്കാ പോത്തൻ

ഭദ്രാസനത്തിലെ ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലി & യൂത്ത് കോൺഫറൻസ്. നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള വൈദികരും ജനങ്ങളും ഈ നാല് ദിവസത്തെ പരിപാടിയിൽ പങ്കെടുക്കും. ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ സഖറിയാ മാർ നിക്കളാവോസിന്റെ ആത്മീയ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സംഘാടക സമിതി വളരെ പ്രതീക്ഷയോടെ ഒരുക്കങ്ങൾ പൂർത്തിയാക്കുകയാണ്.

2026 ഫാമിലി & യൂത്ത് കോൺഫറൻസ് ജൂലൈ 15 ബുധനാഴ്ച മുതൽ ജൂലൈ 18 ശനിയാഴ്ച വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻധം റിസോർട്ടിൽ നടക്കും. "കൃപയുടെ പാത്രങ്ങൾ" എന്ന കോൺഫറൻസ് തീം 2തിമോത്തി 2:20-22 അടിസ്ഥാനമാക്കിയുള്ളതാണ്.

**പ്രധാന പ്രഭാഷകർ:**

ഡോ. തോമസ് മാർ അത്താനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയോണിഷ്യസ് മൊണാസ്ട്രി), ഫാ. ഡോ. എബി ജോർജ് (ലോങ്ങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം).

ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

ഫാ. അലക്സ് ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ): 973-489-6440

ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി):917-612-8832

ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) :917-533-3566

# മറിയാമ്മപിള്ള മെമ്മോറിയൽ സോക്കർ ഇന്റർനാഷണൽ ടൂർണമെന്റിന് ഐ.എം.എ വേദിയൊരുക്കുന്നു

**ജോർജ് പണിക്കർ**

ചിക്കാഗോ: ഫൊക്കാനാ മുൻ പ്രസിഡണ്ട്, ഐ.എം.എ മുൻപ്രസിഡണ്ട്, പൊതുപ്രവർത്തക, ജീവകാരുണ്യ പ്രവർത്തക തുടങ്ങി പല രംഗങ്ങളിലും മുന്നിൽ നിന്ന് പ്രവർത്തിച്ച് നമ്മളിൽ നിന്ന് വിട്ടുപിരിഞ്ഞ ചിക്കാഗോയുടെ ഉരുക്കു വനിത എന്നറിയപ്പെടുന്ന മറിയാമ്മപിള്ളയുടെ ഓർമ്മകൾക്ക് ചാരുത പകരാൻ ഐ.എം.എ ഒരു സോക്കർ ടൂർണമെന്റും തുടർന്ന് മറിയാമ്മപിള്ളയുടെ ഓർമ്മ നിലനിർത്താൻ പൊതുജനങ്ങൾക്കായി ഒരു ഓഫീസ് മന്ദിരവും വാങ്ങുവാൻ പ്രസിഡണ്ട് ജോയ് ഇണ്ടിക്കുഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. സോക്കർ ടൂർണമെന്റ് മെയ് 31-ന് ഞായറാഴ്ച രാവിലെ എട്ടു മണി മുതൽ ടെറസ് സ്കൂൾ ഗ്രൗണ്ടിൽ വച്ച് നടത്തുന്നതാണ്. (735 S.West Gate ഡെസ്പ്ലെയ്ൻസ് 60016). അമേരിക്കയിൽനിന്നും കാനഡയിൽ നിന്നുമുള്ള 16 ടീമുകൾ അണിനിരക്കുന്ന ഗംഭീര ടൂർണമെന്റ് രണ്ട് ഗ്രൗണ്ടുകളിൽ ഒരുമിച്ച് നടത്താനാണ് തീരുമാനം. വിജയിക്കുന്ന ടീമുകൾക്ക് ക്യാഷ് അവാർഡ് ആയി 1000 ഡോളറും മറിയാമ്മപിള്ള മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും നൽകും. രണ്ടും മൂന്നും സ്ഥാനത്ത് എത്തുന്ന ടീമുകൾക്ക് എവർ റോളിങ് ട്രോഫിയും ക്യാഷ് അവാർഡുകളും നൽകുന്നതാണ്.



ചിക്കാഗോയിൽ ഇദംപ്രഥമമായി പല കലാ കായിക പരിപാടികൾക്കും തുടക്കം കുറിച്ച ഇല്ലിനോയി മലയാളി അസോസിയേഷന്റെ പ്രവർത്തന മണ്ഡലത്തിൽ ഒരു തിലകക്കുറിയായി ഈ പരിപാടികൾ മാറും എന്ന് സംഘാടകർ വിശ്വസിക്കുന്നു. പരിപാടിയുടെ നടത്തിപ്പിലേക്ക് 51 അംഗ കമ്മിറ്റിയെയും യോഗം തെരഞ്ഞെടുത്തു. ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിൽ, കൺവിനർമാരായി ജെയ്ബു മാത്യു, ഫ്രാൻസിസ് കിഴക്കേക്കുറ്റ്, കോ-ഓർഡിനേറ്റർമാരായി ജോർജ് പണിക്കർ, സിബു മാത്യു, പ്രവീൺ തോമസ്, ഡയറക്ടർ പ്രിജിൽ അലക്സാണ്ടർ, ലിൻസ് ജോസഫ്,



സ്റ്റീഫൻ ചൊള്ളമ്പേൽ, രാജൻ തലവടി, ഷാനി ഏബ്രഹാം, ജോർജ് മാത്യു, ജോസി കുരിശിങ്കൽ, അനിൽകുമാർ പിള്ള, സാം ജോർജ്, സാം തോമസ് തെക്കാനാൽ, ജോർജ് ചെക്കാലത്തോട്ടിൽ, അനിസ് സണ്ണി തുടങ്ങി ഒരു വൻനിര വിവിധ കമ്മിറ്റികളിൽ പ്രവർത്തിക്കും. ഈ ടൂർണമെന്റിന്റെ വിജയത്തിനായി ചിക്കാഗോ നിവാസികളുടെ നിർലോഭ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.



# സാമൂഹിക പരിഷ്കരണത്തിന്റെ പേരിൽ മതത്തെ ഇല്ലായ്മ ചെയ്യരുത്: സുപ്രീം കോടതി

ന്യൂഡൽഹി: സാമൂഹിക പരിഷ്കരണത്തിന്റെ പേരിൽ മതഉന്മൂലനം സാധ്യമല്ലെന്നു സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ശബരിമല യുവതീപ്രവേശവുമായി ബന്ധപ്പെട്ടുന്നയിച്ച നിയമപ്രശ്നങ്ങൾ പരിഗണിക്കുമ്പോഴാണ് ഒൻപതംഗ ഭരണഘടനാ ബെഞ്ചിൽ അംഗമായ ജസ്റ്റിസ് ബി.വി. നാഗരത്നയുടെ പരാമർശം. ഹർജികളിൽ യുവതീപ്രവേശത്തെ അനുകൂലിക്കുന്നവരാണ് വാദം തുടങ്ങിയത്. കേരള സർക്കാരിന്റെയും വാദം നടക്കാനുണ്ട്.

ഭരണഘടന വ്യക്തികൾക്കു നൽകുന്ന മതസ്വാതന്ത്ര്യം മതവിഭാഗങ്ങൾക്കുള്ളതിനെക്കാൾ മുകളിലാണെന്നു യുവതീപ്രവേശ വിധിക്കു പിന്നാലെ ശബരിമലയിലെത്തിയ ബിന്ദു അമ്മിണി, കനകദുർഗ എന്നിവരടക്കം കക്ഷികൾക്കായി ഹാജരായ ഇന്ദിര ജയ്സിങ് വാദിച്ചു. ക്ഷേത്രപ്രവേശന അവകാശം മാത്രമാണ് ഉന്നയിക്കുന്നതെന്നും ക്ഷേത്രത്തിനുള്ളിലെ ആചാരങ്ങളിൽ മാറ്റം വരുത്താൻ ശ്രമിച്ചിട്ടില്ലെന്നും അവർ പറഞ്ഞു.

സാമൂഹിക പരിഷ്കരണം ഒരു അവകാശമല്ലെന്നും അധികാരമാണെന്നും ചൂണ്ടിക്കാട്ടിയ ജസ്റ്റിസ് നാഗരത്ന, പരിഷ്കരണത്തിന്റെ പേരിൽ മതത്തെ ഇല്ലായ്മ ചെയ്യരുതെന്നു നിരീക്ഷിച്ചു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ആചാരങ്ങളും ചടങ്ങുകളും പുനഃപരിശോധിക്കരുതെന്നും പറഞ്ഞു. ഹർജിക്കാരൻ യഥാർത്ഥ വിശ്വാസിയാണോ എന്നറിയാൻ കോടതിക്ക് മുഖംമൂടി മാറ്റി പരിശോധിക്കേണ്ടി വരുമെന്ന് ജസ്റ്റിസ് എ. അമാനുല്ല നിരീക്ഷിച്ചു.

50 വയസ്സിൽ താഴെയുള്ളപ്പോൾ കുഞ്ഞിന്റെ ചോറൂണിന് തിരുവിതാംകൂർ രാജ്ഞി ശബരിമല ക്ഷേത്രം സന്ദർശിച്ചിട്ടുണ്ടെന്നും ഇന്ദിര ജയ്സിങ് ചൂണ്ടിക്കാട്ടി. ക്ഷേത്രം തന്ത്രി കേരള ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ ഇക്കാര്യമുണ്ടെന്നായിരുന്നു വാദം.

# ഡൽഹിയിൽ കെട്ടിടത്തിന് തീപിടിച്ച് പിഞ്ചുകുഞ്ഞുൾപ്പെടെ ഒൻപത് മരണം

ന്യൂഡൽഹി: എസി പൊട്ടിത്തെറിച്ചുണ്ടായ തീപിടിത്തത്തിൽ നാലുനില കെട്ടിടത്തിൽ കുടുങ്ങിയ ഒൻപത് പേർ മരിച്ചു.

കിഴക്കൻ ഡൽഹിയിലെ വിവേക് വിഹാറിലെ ഫ്ളാറ്റ് സമുച്ചയത്തിൽ മെയ് മൂന്നിന് ഞായറാഴ്ച പുലർച്ചെയാണു തീപിടിത്തമുണ്ടായത്.

രണ്ടാം നിലയിൽ താമസിച്ചിരുന്ന അരവിന്ദ് ജെയിൻ (60), ഭാര്യ അനിത



(58), മകൻ നിഷാന്ത് (35), നിഷാന്തിന്റെ ഭാര്യ അഞ്ചൽ (33), അവരുടെ മകൻ ആകാശ് (ഒന്നര വയസ്സ്), മൂന്നാം നിലയിൽ താമസിച്ചിരുന്ന നിതിൻ ജെയിൻ (50), ഭാര്യ ഷൈലി (48), മകൻ സാമ്യക് (25), ഒന്നാം നിലയിൽ താമസിച്ചിരുന്ന ശിഖ ജെയിൻ (40) എന്നിവരാണു മരിച്ചത്.

കെട്ടിടത്തിന്റെ ടെറസിലേക്കുള്ള വഴി ഗ്രില്ല് വെച്ച് അടച്ചിരുന്നതും പുറത്തേക്കുള്ള ഏക പടിക്കെട്ടിൽ പുക നിറഞ്ഞതും താമസക്കാർക്കു രക്ഷപ്പെടാൻ തടസ്സമായി. ഗ്രില്ലിന്റെ സമീപവും പടിക്കെട്ടിലുമായാണ് മൃതദേഹങ്ങൾ കണ്ടെടുത്തത്.

നാല് കുടുംബങ്ങളിലായി 25 പേർ താമസിച്ചിരുന്ന കെട്ടിടത്തിന്റെ രണ്ടാം നിലയിലാണ് ആദ്യം തീപിടിത്തമുണ്ടായത്. പിന്നീട് മൂന്നും നാലും നിലകളിലേക്കു പടർന്നു.

ഒന്നര മണിക്കൂറോളം കെട്ടിടത്തിൽ കുടുങ്ങിയ താമസക്കാരിൽ 15 പേരെ അഗ്നിരക്ഷാസേന ഗ്രിൽ മുറിച്ചു മാറ്റി പുറത്തെത്തിച്ചു. ഇതിൽ പൊള്ളലേറ്റ രണ്ട് പേർ ചികിത്സയിലാണ്.

ഒന്നര മാസം മുൻപ് പാലം മേഖലയിൽ സമാനമായ തീപിടിത്തത്തിൽ ഒരു കുടുംബത്തിലെ ഒൻപത് പേർ മരിച്ചിരുന്നു.

# ക്ഷേത്രോത്സവങ്ങൾ, പെരുന്നാളുകൾ: ഗതാഗത നിയന്ത്രണത്തിന് ഹൈക്കോടതി മാർഗനിർദേശം

കൊച്ചി: ക്ഷേത്രോത്സവങ്ങളും പള്ളി പെരുന്നാളുകളും നടക്കുമ്പോൾ തിരക്ക് നിയന്ത്രിക്കുന്നതിനും ഗതാഗത തടസ്സം ഒഴിവാക്കാനും സമഗ്ര മാർഗ നിർദേശങ്ങൾ ഹൈക്കോടതി പുറപ്പെടുവിച്ചു.

ക്രമസമാധാനം ഉറപ്പാക്കാനുള്ള ചുമതല ഡിവൈഎസ്പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനു നൽകണം. ഗതാഗതം പൂർണമായും തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പാക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക സൗകര്യം ഒരുക്കണം തുടങ്ങിയ നിർദേശങ്ങളാണ് ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ച് നൽകിയത്. എറണാകുളം പറവൂർ തത്തപ്പള്ളി സ്വദേശി എ.എം. ഉദയൻ നൽകിയ ഹർജി തീർപ്പാക്കിയാണ് ഉത്തരവ്. റോഡുകൾ തടസ്സപ്പെടുത്താതിരിക്കാൻ പൊതുനിരത്തുകളിലെ സമ്മേളനങ്ങളും ഘോഷയാത്രകളും നിയന്ത്രിക്കുന്ന 2011-ലെ നിയമപ്രകാരം നടപടി സ്വീകരിക്കാൻ നിർദേശിക്കണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.


മാർഗനിർദേശങ്ങൾ നൽകുന്നതു മതാനുഷ്ഠാനങ്ങൾ നിയന്ത്രിക്കാനല്ല. മറിച്ചു ഭക്തർക്ക് ഉൾപ്പെടെ സുഗമമായ സൗകര്യങ്ങൾ ഒരുക്കാനാണെന്നു കോടതി പറഞ്ഞു. ഉത്തരവ് കർശനമായി നടപ്പാക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്കും ദേവസ്വം ബോർഡുകൾക്കും അയയ്ക്കാനും നിർദേശിച്ചു.

# എം.കെ. അബ്ദുൽ മജീദ് അന്തരിച്ചു



തിരുവനന്തപുരം: ഇന്ത്യൻ ബഹിരാകാശ ഗവേഷണ രംഗത്തെ കുതിപ്പിനു കാരണമായി ഉപഗ്രഹ വിക്ഷേപണ റോക്കറ്റുകൾക്ക് അടിത്തറയൊരുക്കിയവരിൽ പ്രധാനിയായ ഐഎസ്ആർഒ മുൻ ശാസ്ത്രജ്ഞൻ എം.കെ. അബ്ദുൽ മജീദ് (86) അന്തരിച്ചു. തിരുവനന്തപുരം ശാസ്തമംഗലത്തെ വീട്ടിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം. പൊന്നാനിക്കടുത്ത് കോക്കൂർ മാനംകണ്ടത്ത് തറവാട്ടിൽ ബാപ്പൂട്ടിയുടെ മകനായ അദ്ദേഹം ദീർഘകാലം ഐഎസ്ആർഒയിൽ ശാസ്ത്രജ്ഞനായി സേവനമനുഷ്ഠിച്ചു. മുൻ രാഷ്ട്രപതി ഡോ.എപിജെ അബ്ദുൾ കലാമിനൊപ്പം ഇന്ത്യയുടെ ആദ്യകാല റോക്കറ്റ് ഗവേഷണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്ത 'എയ്റോസ്പേസ് മെക്കാനിസം' എന്ന ആശയമാണ് ഇന്ത്യയുടെ പിൽക്കാലത്തെ എല്ലാ റോക്കറ്റുകളുടെയും അടിസ്ഥാനമായത്.

# സി.പി. ജോസഫ് ചെമ്മലക്കുഴി അന്തരിച്ചു



ന്യൂയോർക്ക്/തൊടുപുഴ: സി.പി. ജോസഫ് ചെമ്മലക്കുഴി (87) അന്തരിച്ചു. പ്രവാസി മലയാളി ഫെഡറേഷൻ കേരള പ്രസിഡണ്ട് ബേബി എലക്കാട്ടിന്റെ ഭാര്യാസഹോദരനാണ് പരേതൻ. ഭാര്യ പരേതയായ സെലിയാമ്മ ജോസഫ്. മക്കൾ: ലാൽ-വീണ പുളിന്തൊട്ടിയിൽ (ന്യൂയോർക്ക്), ലിറ്റിമോൾ-സിജൻ മുളയ്ക്കൽ (ന്യൂയോർക്ക്), ലജൻ-അൻസി വെളിക്കത്ത് (ന്യൂയോർക്ക്). സംസ്കാര ശുശ്രൂഷകൾ മെയ് 6-ന് ബുധനാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് തൊടുപുഴ ചുങ്കം സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോന പള്ളിയിൽ നടത്തപ്പെടുന്നതാണ്.

# മലയാളി ബാലൻ മൈക്കിൾ മാത്യു വാൾട്ട്വിറ്റ്മാൻ കവിതാമത്സരത്തിൽ ഒന്നാമൻ



പോൾ ഡി. പനയ്ക്കൽ

ന്യൂയോർക്ക്: അമേരിക്കൻ കവിത, ലേഖന, പത്രപ്രവർത്തന ലോകത്തെ ആചാര്യന്മാരിൽ ഒരാളായ വാൾട്ട്വിറ്റ്മാന്റെ ജന്മസ്ഥലം സംരക്ഷിക്കുന്ന വാൾട്ട്വിറ്റ്മാൻ ബർത്ത് പ്ലേസ് അസോസിയേഷന്റെ നാല്പതാമത് വാർഷികത്തോടനുബന്ധിച്ച് നടത്തിയ കവിതാമത്സരത്തിൽ ഒന്നാംസ്ഥാനം നേടിക്കൊണ്ട് എട്ടു വയസ്സുകാരൻ മൈക്കിൾ മാത്യു എന്ന മലയാളി ബാലൻ ശ്രദ്ധേയമായി. ആയിരത്തി അറുനൂറിൽ അധികം കുട്ടികൾ പങ്കെടുത്ത മത്സരത്തിലാണ് മൈക്കിൾ 'ഫസ്റ്റ് പ്ലേസ് ഗ്രാൻഡ് ചാമ്പ്യൻ' എന്ന സ്ഥാനം നേടിയത്. മൈക്കിളിന്റെ കവിതയിലെ സർഗ്ഗാത്മകതയും കവിതയുടെ ശൈലിയും ജൂറിയുടെ പ്രത്യേക പ്രശംസയും വിലമതിപ്പും നേടി.

വാൾട്ട്വിറ്റ്മാന്റെ ജന്മസ്ഥലമായ ലോങ് ഐലൻഡിലെ ഹണ്ടിങ്ടണിൽ മെയ് 31-ന് അനേകം പ്രമുഖർ പങ്കെടുക്കുന്ന അവാർഡ്ദാന സമ്മേളനത്തിൽ മൈക്കിൾ മാത്യു തന്റെ കവിത അവതരിപ്പിക്കുകയും ബഹുമതി സ്വീകരിക്കുകയും ചെയ്യും.

അമേരിക്കൻ കാവ്യലോകത്ത് ഒരു ഭാവിവാഗ്ദാനമായേക്കാവുന്ന മൈക്കിൾ ന്യൂഹൈഡ് പാർക്ക് ഹിൽസൈഡ് ഗ്രേഡ് സ്കൂളിൽ മൂന്നാം ക്ലാസ് വിദ്യാർത്ഥിയാണ്. അഭിമാനിതരായ മാതാപിതാക്കൾ മോബൻ-ആൻസി മാത്യു ദമ്പതികൾ.



# പാലാ മുൻസിപ്പൽ ചെയർപേഴ്സൺ ദിയ ബിനു പുളിക്കക്കണ്ടം ട്രാവൻകൂർ ഫൗണ്ടേഷൻ സന്ദർശിച്ചു

**പൊന്നി ജോസഫ്**

കറുകച്ചാൽ: പാലാ നഗരസഭ ചെയർപേഴ്സൺ ദിയ ബിനു പുളിക്കക്കണ്ടം, വിദേശ മലയാളികളുടെ തണൽ വീടായി മാറിയ കറുകച്ചാൽ ട്രാവൻകൂർ ഫൗണ്ടേഷനിൽ സന്ദർശകയായെത്തി. ഏപ്രിൽ 15-ന് വിഷുദിനത്തിലായിരുന്നു ദിയയുടെ സന്ദർശനം. ഇതിനോടനുബന്ധിച്ച് ട്രാവൻകൂർ ഫൗണ്ടേഷൻ നൽകിയ സ്വീകരണത്തിൽ പങ്കെടുക്കുകയും ചെയ്തു. ട്രാവൻകൂർ ഫൗണ്ടേഷൻ വളരെ മികച്ച ഒരു സംരംഭമാണെന്നും കേരളത്തിലും പുറം നാട്ടിലുമായി ഉയർന്ന ജീവിതം നയിച്ച ആളുകൾക്ക് റിട്ടയർമെന്റിനുശേഷം അതേ രീതിയിൽ തന്നെ ജീവിതം മുന്നോട്ടു കൊണ്ടുപോകാനും അവരുടെ ട്രീറ്റ്മെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുവാനും ഇത്തരം റിട്ടയർമെന്റ് ഹോമുകൾ നിലവിൽ വരേണ്ടത് അത്യാവശ്യമാണെന്നും ദിയ പുളിക്കക്കണ്ടം പറഞ്ഞു. ഏറ്റവും സവിശേഷമായ ഒരു ദിനത്തിൽതന്നെ ഈ സ്ഥാപനത്തിൽ സന്ദർശിക്കാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നുണ്ടെന്നും ദിയ കൂട്ടിച്ചേർത്തു. ജിജി ഫിലിപ്പ് (മാനേജിംഗ് ട്രസ്റ്റി, സി.ഇ.ഒ), ജോയി കുറ്റ്യാനി (വൈസ് ചെയർമാൻ, ട്രാവൻകൂർ ഫൗണ്ടേഷൻ), സിമി സാറാ ജെ. ഫിലിപ്പ് (ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ) എന്നിവർ സംസാരിച്ചു. എ ബി ഏബ്രഹാം ചടങ്ങിൽ സംബന്ധിച്ചു. പരിപാടിക്ക് ശേഷം ഒരുക്കിയ വിഷുസദ്യയിലും ദിയ പങ്കെടുത്തു.












കോട്ടയം പാലാ നഗരസഭയിലെ മുൻസിപ്പൽ ചെയർപേഴ്സണായ ദിയ 21-ാം വയസ്സിലാണ് അധികാരത്തിലേക്ക് എത്തുന്നത്. ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ മുൻസിപ്പൽ ചെയർപേഴ്സൺ എന്ന നേട്ടവും ദിയ സ്വന്തമാക്കിയിട്ടുണ്ട്. നഗരസഭ കൗൺസിലർ ബിനു പുളിക്കക്കണ്ടത്തിന്റെ മകളാണ്. ദിയയുടെ കന്നി മത്സരമായിരുന്നു അത്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബിഎ പഠനത്തിനുശേഷം എംബിഎ പഠനത്തിനുള്ള ഒരുക്കത്തിലാണിപ്പോൾ. ജനങ്ങൾ ആഗ്രഹിച്ചത് പോലെ പ്രവർത്തിക്കാൻ എപ്പോഴും ആഗ്രഹിക്കുന്ന ഒരു വ്യക്തിയാണ് ദിയ. അതിന്റെ ഭാഗമായാണ് വിഷുദിനത്തിൽ ദിയ ട്രാവൻകൂർ ഫൗണ്ടേഷൻ സന്ദർശിച്ചത്.

2009 സെപ്റ്റംബർ 17-ാം തീയതിയാണ് ട്രാവൻകൂർ ഫൗണ്ടേഷൻ നിലവിൽ വരുന്നത്. വിദേശരാജ്യങ്ങളിലും മറ്റും റിട്ടയറായ മുതിർന്ന പൗരന്മാർക്ക് തങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്കനുസൃതമായ പരിചരണം നൽകുക എന്നതാണ് ഈ സ്ഥപനത്തിന്റെ പ്രാഥമിക ഉദ്ദേശ്യം. വാർദ്ധക്യകാലത്ത് മാതാപിതാക്കൾക്ക് അഭിമാനത്തോടെയും, ആരോഗ്യത്തോടെയുമുള്ള ജീവിതനിലവാരം ഉറപ്പു വരുത്തുക എന്ന വ്യക്തമായ കാഴ്ചപ്പാടാണ് ട്രാവൻകൂർ ഫൗണ്ടേഷനെ വ്യത്യസ്തമാക്കുന്നത്. ഇന്ത്യയിലെ ആദ്യ അക്രഡിറ്റഡ് വയോജന സദനമെന്ന പേര് ഇന്ന് ട്രാവൻകൂർ ഫൗണ്ടേഷന്റെ പേരിലാണ്. എം.എസ്. (ക്ലിനിക്കൽ സ്പെഷ്യാലിറ്റി ഇൻ ഏജിംഗ്), എം.ഫിൽ (ജെറൻറോളജിയിൽ ഗൈഡൻസും കൗൺസിലിംഗും), ജെറൻറോളജിയിൽ പിഎച്ച്.ഡി. എന്നിവ നേടിയ ഡോ. രേണു ഏബ്രഹാം വർഗീസ് ആണ് ഫൗണ്ടേഷന്റെ ചെയർപേഴ്സൺ.

ഒരു റെസിഡന്റിന് രണ്ട് പരിചാരകർ എന്ന കണക്കിൽ 130 ആളുകൾക്ക് 200-ൽപരം ജീവനക്കാർ ഈ സ്ഥാപനത്തിൽ പരിചരണത്തിനായുണ്ട്. കൂടാതെ വയോജന പരിപാലനത്തിന് അനുയോജ്യമായ പതിനാലോളം ഡിപ്പാർട്ടുമെന്റുകളും ഈ സ്ഥാപനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയിലൊന്നാണ്.






# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com

B&M
AUTO COLLISION CTR

Fast & Efficient
Quality Repair
We work with all Insurance Companies





Call Anish Eapen
773-263-9863

4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

# ഞാനും എന്റെ പ്രിയമാതാവും

ഏലിയാമ്മ ലൂക്കോസ്

ഈ മാസം പത്താം തീയതി നാം മദേഴ്സ് ഡേ കൊണ്ടാടുന്നു. മക്കൾക്കെല്ലാം വളരെ സന്തോഷം. എല്ലാവരും ഒരുമിച്ചുകൂടുന്ന ഒരു ദിവസം. എല്ലാവർക്കും വളരെ ആനന്ദമാണ്. അമേരിക്കയിൽ ഈ ദിനം ആചരിക്കാൻ ഇടയായ സംഭവം നമുക്കറിയാം. ഒരു സഹോദരിയുടെ മനസ്സിലുണ്ടായ ചിന്തയും തന്റെ മാതാവിനോടുള്ള സ്നേഹത്തിന്റെ പ്രകടനവും പിൽക്കാലത്ത് അമേരിക്കയിലെ ഒരു ഉത്സവമായി മാറാൻ ഇടയായല്ലോ. നാമേറ്റം സ്നേഹിക്കുന്ന വ്യക്തിയാണ് 'മാം' അഥവാ അമ്മ. ആ പൊക്കിൾക്കൊടി ബന്ധം അഭേദ്യമാണ്. ദിവസവും നമ്മുടെ പൊക്കിൾ ഒന്നു തൊട്ടുനോക്കണം. അമ്മയെ നാം അറിയാതെ സ്നേഹിച്ചുപോകും. ലഹരിക്കടിമയായി തന്നെത്തന്നെ നശിപ്പിക്കുന്ന വ്യക്തികൾ, അവർ മനുഷ്യരല്ല, ലഹരിയാണ് അവരെ വഴി നടത്തുന്നത്. കേരളത്തിൽ ഈയിടെയുണ്ടായ ഹൃദയഭേദകമായ വാർത്ത ആരെയും ഞെട്ടിക്കുന്നതാണ്. യുവാവായ മകൻ സ്വന്തം അമ്മയെ കഴുത്തറുത്തു കൊന്നു. തന്റെ പിതാവിനെയും കൊല്ലാൻ അവൻ ആഗ്രഹിച്ചുപോലും! ശാന്തിയും സമാധാനവുമില്ലാത്ത ഒരു കാലത്തിൽ നാം എത്തിപ്പെട്ടിരിക്കുകയാണ്, നമുക്കു നിലവിളിക്കാം.

അമ്മ അതെ ദൈവസ്നേഹത്തിന് അടുത്തു നിൽക്കുന്ന ഒരു സ്നേഹമാണ്, സ്നേഹ നിധിയാണ്. തന്റെ ഉദരത്തിൽ ഉരുവാകുന്ന കുഞ്ഞിനെ സൂക്ഷിച്ചു പ്രാർത്ഥിച്ചു സംരക്ഷണ ചെയ്യുന്ന ഒരമ്മ. അവളിൽ നിന്ന് ഭക്ഷണവും വായുവും കുഞ്ഞ് സ്വീകരിക്കുന്നു. അമ്മയുടെ ഗർഭത്തിൽ നിന്നു പുറത്തുവരുന്ന കുഞ്ഞ് അമ്മയുടെ സ്നേഹവും ലാളനയും സ്വീകരിച്ചു വ



ളരുന്നു. അവന്റെ ഓരോ ചലനവും അമ്മ ശ്രദ്ധിക്കും. അവന്റെ ശരീരവും ആത്മീയവും മാനസികവുമായ വളർച്ചയിൽ അമ്മയ്ക്കു പങ്കുണ്ട്. ദൈവത്തോടൊപ്പം സഞ്ചരിക്കുന്ന അമ്മ തന്റെ കുഞ്ഞിലേക്കും ആ കൃപ പകരുന്നു. അവൻ അല്ലെങ്കിൽ അവൾ പാകതയെത്തുന്നതുവരെ അമ്മയുടെ ദൃഷ്ടിയിൽ അവരുണ്ട്. അമ്മ വൃദ്ധയായാലും തന്റെ കുഞ്ഞുങ്ങളെക്കുറിച്ചുള്ള ഭാരം അവളെ വിട്ടുമാറുന്നില്ല. അതെ, അമ്മ എന്ന വാക്ക് നമ്മുടെ നാവിന് മധുരവും ഹൃദയത്തിന് തണുപ്പുമാണ്.

വിശുദ്ധ ബൈബിളിൽ മോശയുടെ മാതാവായിരുന്ന യൊവെബെദു മറക്കാനാവാത്ത ഒരു വ്യക്തിയാണ്. ഹന്ന എന്ന മാതാവ് ശാമുവേലിനെ ദൈവത്തോടു ചോദിച്ചു വാങ്ങി വളർത്തി. ദൈവാലയത്തിൽ സമർപ്പിച്ചു. അദ്ദേഹം ഒരു പുരോഹിതനും പ്രവാചകനും ന്യായാധിപനും ആയിരുന്നു. ദാൻ മുതൽ ബേർശേബ വരെയുള്ള യിസ്രായേലൊക്കെയും ശമുവേൽ യഹോവയുടെ വിശ്വസ്ത പ്രവാചകൻ എന്നു ഗ്രഹിച്ചു. യൊവെബെദിന്റെ മകനായി മോശയോ യിസ്രയേൽ ജനത്തെ ഫറവോന്റെ അടിമത്തത്തിൽ നിന്നു വിടുവിച്ചു വഴി നടത്തി.

വിശുദ്ധ അഗസ്തീനോസ് തന്റെ അമ്മയുടെ കണ്ണുനീരിന്റെ മറുപടിയാണ്. കുടിയനും കൊള്ളരുതാത്തവനുമായിരുന്ന അഗസ്തീനോസിനെ വിശുദ്ധനാക്കിത്തീർക്കാൻ 14 വർഷം കരഞ്ഞു പ്രാർത്ഥിച്ചുവെന്നാണ് ഞാനറിയുന്നത്. ഒരമ്മയ്ക്ക് ഇതെല്ലാം സാധിക്കും.

എന്റെ മാതാവിനെ ഓർക്കുമ്പോൾ കരയാതിരിക്കാൻ കഴിയില്ല. 16 വയസ്സിൽ വിവാഹിതയായ എന്റെ അമ്മച്ചി പത്ത് പ്രസവിച്ചു. മൂന്നുപേർ മരിച്ചുപോയി. എങ്കിലും എട്ടു പേരെ പൊന്നുപോലെ വളർത്തി. തന്റെ ഭർത്താവിനെയും മാതാപിതാക്കളെയും കരുതുന്നതോടൊപ്പം വീട്ടുകാര്യങ്ങളും ഭംഗിയായി നിറവേറ്റി. സാമാന്യം സാമ്പത്തിക ശേഷിയുള്ള ഭവനത്തിൽപ്പെട്ട അഞ്ച് ആങ്ങളമാരുടെ ഇടയിൽ ഒരു പൊന്നുപെങ്ങളായി വളർന്ന എന്റെ അമ്മച്ചി വിവാഹശേഷം വളരെ കഷ്ടപ്പെട്ടാണ് ജീവിച്ചത്. അകത്തും പുറത്തും ജോലി ചെയ്യേണ്ടി വന്നിട്ടുണ്ട്. കൃഷിയിടങ്ങൾ വളരെയുണ്ടായിരുന്ന എന്റെ വീട്ടിൽ അമ്മച്ചിക്ക് നല്ല ഉറക്കം കിട്ടിയിട്ടില്ല. പൂർണ്ണ ഗർഭിണിയായിരിക്കുമ്പോൾ വിറക് കൊത്തിക്കീറുന്ന ഒരു ദൃശ്യം എന്റെ മുമ്പിലുണ്ട്. മൂന്നു നേരമല്ല നാലിൽ അധികം പ്രാവശ്യം അമ്മച്ചി ഞങ്ങൾക്ക് ഭക്ഷണം തരുമായിരുന്നു.

രാവിലെ 8 മണിക്ക് പുട്ടോ ദോശയോ എന്തെങ്കിലുമായി ചായ ലഭിക്കും. സ്കൂളിൽ പോകാൻ നേരത്ത് കഞ്ഞി തരും. ഉച്ചയ്ക്ക് അഞ്ച് പൊതികളാണ് അമ്മച്ചി മക്കൾക്കു വേണ്ടി കെട്ടിയിരുന്നത്. സ്കൂൾ വിട്ടുവരുമ്പോൾ ചായയും നല്ലൊരു പലഹാരവും ഉണ്ടായിരിക്കും. രാത്രി ചോറും കറികളും. ഇന്ന് അതാർക്കു കഴിയുമെന്ന് എനിക്കറിഞ്ഞുകൂടാ.

അമേരിക്കയിൽ വന്നപ്പോൾ പല സ്നേഹിതകളുടെയും ചെറുപ്പകാലം കേട്ടാൽ സങ്കടംവരും. പട്ടിണി കിടന്ന ദിനങ്ങളേക്കുറിച്ചു കേൾക്കുമ്പോൾ എന്റെ ഹൃദയം വേദനിക്കാറുണ്ട്. കൃഷിക്കാരുടെ വീട്ടിൽ പണമില്ലെങ്കിലും പട്ടിണി ഇല്ല. ഒരു ജോഡി വസ്ത്രം മാത്രമെങ്കിലും വീടുണ്ടായിരിക്കും. എന്റെ അമ്മ ദാനശീലയായിരുന്നു. അമ്മച്ചി അനേകർക്ക് ഭക്ഷണം കൊടുക്കുന്നതും ഭക്ഷണസാധനങ്ങൾ നല്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അതിന്റെ അനുഗ്രഹം ഞങ്ങൾ എട്ട് മക്കളും



ലേഖിക

അനുഭവിക്കുന്നു. എനിക്ക് മൂന്നു വയസ്സുള്ളപ്പോൾ മുതൽ കരപ്പൻ എന്ന രോഗത്താൽ ഞാൻ കഷ്ടപ്പെട്ടു. എന്റെ അമ്മച്ചി പല വൈദ്യന്മാരുടെ അടുക്കൽ കൊണ്ടുപോയി. രണ്ട് വർഷത്തോളം അമ്മച്ചിയും ഞാനും കഷ്ടപ്പെട്ടു. ചൊറികളാൽ നിറഞ്ഞ വൃത്തികെട്ട എന്റെ ശരീരം കണ്ടു എന്റെ അമ്മാച്ചൻ പറഞ്ഞു 'ഇതിനെ എടുത്തു കളയുക എന്ന്' എന്നാൽ എന്റെ അമ്മച്ചി എന്നെ വളർത്തി, ഞാനൊരു ടീച്ചറായി.

തുടർന്ന് അമേരിക്കയിൽ വന്നു. എന്റെ അമ്മച്ചിയെ അമേരിക്കയിൽ കൊണ്ടുവരാൻ എനിക്കു ഭാഗ്യം ലഭിച്ചു. ആ പ്രിയ മാതാവിനെ ഈ ദിനത്തിൽ ഞാൻ നന്ദിയോടെ ഓർക്കുന്നു. എല്ലാ മാതാക്കൾക്കും എന്റെ കൂപ്പുകൈ!

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 94.18 |
| യൂറോ | 110.40 |
| സ്റ്റെർലിംഗ്പൗണ്ട് | 127.39 |
| സ്വിസ് ഫ്രാങ്ക് | 119.89 |
| സിംഗപ്പൂർ ഡോളർ | 73.86 |
| കനേഡിയൻ ഡോളർ | 68.93 |
| ഒമാൻ റിയാൽ | 245.01 |
| ബഹ്റൈൻ ദിനാർ | 249.51 |
| സൗദി റിയാൽ | 25.12 |
| യു.എ.ഇ. ദിർഹം | 25.65 |
| കുവൈത്ത് ദിനാർ | 306.04 |

## പ്രകൃതിയുടെ മുന്നറിയിപ്പ്

കാടായ കാടെല്ലാം വെട്ടി തെളിച്ചപ്പോൾ
കാട്ടുമൃഗങ്ങൾ തൻ വീടതില്ലാതായി
കാടെല്ലാം നാടായി നാടെല്ലാം കാടായി
കാട്ടുമൃഗങ്ങൾക്ക് നാടിപ്പോൾ വീടായി
പാമ്പിന്റെ ദംശന വാർത്ത ഇല്ലാത്തൊരു
പത്രത്തിൻ താൾ ഇന്ന് കേരളത്തിൽ ഇല്ല
പട്ടികൾ പെറ്റു പെരുകുന്നു നാടെങ്ങും
പേപ്പട്ടി പേടിയാൽ ഓടുന്നു നാട്ടുകാർ
കാട്ടുപോത്തും ആന കാട്ടുപന്നി മൊത്തം
കാട്ടുമൃഗങ്ങളും കാടിറങ്ങീടുന്നു
കാടിൻ അതിരുകൾ മായും മുറയ്ക്കിന്ന്
നാടിൻ അതിരുകൾ മാറി മറയുന്നു
വളർച്ച എന്ന് ചൊല്ലി വനം വിഴുങ്ങീടുമ്പോൾ
വന ജീവികൾ ഒന്നായ് നാട് വീടാക്കുന്നു
മലനിര വെട്ടിനിരത്തും കണക്കിനു
മഴ മേഘം മഴയുമായി വഴിമാറുന്നു
നദികൾ ചുരുങ്ങി നിലം വരണ്ടീടുന്നു
നിഴലറ്റ ഭൂമിയിൽ ചൂട് കൂടീടുന്നു
പ്രകൃതിയെ ചൂഷണം ചെയ്യും മനുഷ്യനെ
പ്രകൃതി തന്നെ നല്ല പാഠം പഠിപ്പിക്കും
കാടിൻ വിലാപത്തെ കേൾക്കുക അല്ലെങ്കിൽ
കാലം കലികാലമായി മാറും എന്നോർക്കുക
കാടും നാടും ചേർന്ന് ഒന്നിച്ചു നിന്നീടിൽ
കാണും നാം ജീവന്റെ സ്പന്ദനം നാൾക്കുനാൾ



ആൻഡ്രൂസ് അഞ്ചേരി



# മാലിന്യത്തിൽനിന്ന് ഇന്ധനം; പ്രോത്സാഹിപ്പിക്കാൻ കേന്ദ്രം

തിരുവനന്തപുരം: പാചതവാതക ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കംപ്രസ്ഡ് ബയോഗ്യാസ് (സിബിജി) പ്ലാന്റുകൾ വ്യാപകമാക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദേശം. കാർഷിക അവശിഷ്ടങ്ങൾ, നഗരമാലിന്യങ്ങൾ, മൃഗാവശിഷ്ടങ്ങൾ എന്നിവയിൽനിന്ന് ഇന്ധനം ഉൽപാദിപ്പിക്കാനുള്ള പ്ലാന്റുകൾ ആരംഭിക്കാൻ കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രാലയമാണു നിർദേശം നൽകിയത്.


ഇന്ത്യയെ ഊർജസ്വയംപര്യാപ്തമാക്കാനുള്ള 'ഗോബർധൻ' പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രത്തിൽനിന്ന് വായ്പ ലഭ്യമാക്കും. കേരളത്തിന്റെ കടമെടുപ്പു പരിധി കണക്കാക്കാതെയായിരിക്കും വായ്പ അനുവദിക്കുക.

മാലിന്യസംസ്കരണത്തിനും ഗ്രാമീണമേഖലയിലെ വരുമാന വർധനയ്ക്കും പദ്ധതി ഗുണകരമാകുമെന്നു സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് അയച്ച കത്തിൽ ചൂണ്ടിക്കാട്ടി. സംസ്ഥാന സർക്കാരുകൾക്കായി മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക ധനസഹായ പദ്ധതിയിൽ (സാസ്കി) ഉൾപ്പെടുത്തി 50 വർഷത്തെ പലിശരഹിത വായ്പയായാണു നൽകുക. ഇതിൽ സിബിജി മേഖലയിലെ പരിഷ്കാരങ്ങൾക്കായി മാത്രം 3,000 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കാറ്റഗറി ബി വിഭാഗത്തിലാണ് കേരളം.

നയപരമായ മാറ്റങ്ങൾ നടപ്പിലാക്കുന്നതിലൂടെ കേരളത്തിന് 50 കോടി രൂപ വരെ ഇൻസെന്റീവിന് അർഹതയുണ്ട്. സിബിജി നയം നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വിതരണത്തിൽ മുൻഗണന ലഭിക്കും.

സിബിജി പ്ലാന്റുകൾ സജ്ജമാകുന്നതോടെ, ഇറക്കുമതി ചെയ്യുന്ന പ്രകൃതിവാതകത്തെയും എൽപിജിയെയും ആശ്രയിക്കുന്നത് കുറയ്ക്കാൻ സാധിക്കും. ഏകജാലക സംവിധാനത്തിലൂടെ അനുമതികൾ വേഗത്തിലാക്കാനും സാമ്പത്തിക ഇളവുകൾ നൽകാനും കേന്ദ്രം നിർദേശിച്ചിട്ടുണ്ട്. ഇതിലൂടെ സ്വകാര്യ നിക്ഷേപം ആകർഷിക്കാനും മാലിന്യത്തെ മൂല്യവത്തായ ഇന്ധനമാക്കി മാറ്റാനും സാധിക്കുമെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

# വലിയ മല്പാൻ തോമാ കത്തനാർ അന്തരിച്ചു



പാലാ: പ്രസിദ്ധ സുറിയാനി പണ്ഡിതനും ദൈവശാസ്ത്രജ്ഞനും ചരിത്രകാരനുമായ കൂനമ്മാക്കൽ തോമാ കത്തനാർ അന്തരിച്ചു. കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ദീർഘകാലം അധ്യാപകനും മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡീൻ ഓഫ് സ്റ്റഡീസും ആയിരുന്നു.

1955 നവംബർ 15-ന് രാമപുരത്താണ് കൂനമ്മാക്കൽ കുര്യൻ-ത്രേസ്യ ദമ്പതികളുടെ മകനായി തോമാ കത്തനാർ ജനിച്ചത്. പാലാ രൂപതയിൽ വൈദികനായ ഇദ്ദേഹം ഇംഗ്ലണ്ടിലെ ഓക്സ്ഫഡ് സർവകലാശാലയിൽ നിന്ന് സുറിയാനി ഭാഷയിൽ ഡോക്ടർ ബിരുദം നേടി. സുറിയാനിസഭാ ചരിത്രത്തെപ്പറ്റിയും മാർ അപ്രേം ഉൾപ്പെടെയുള്ള ആദ്യകാല ദൈവശാസ്ത്ര എഴുത്തുകാരെപ്പറ്റിയും അദ്ദേഹം ലേഖനങ്ങൾ അന്തർദേശീയ ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങളും ലേഖനപരമ്പരകളും അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാള ഭാഷയെ സുറിയാനി ലിപിയിൽ എഴുതുന്ന പുരാതന സമ്പ്രദായമായ കർശോൻ രീതിയെപ്പറ്റി ഏറ്റവും ആധികാരികമായ പഠനം നടത്തിയിട്ടുള്ള വ്യക്തികൂടിയാണ് അദ്ദേഹം. കോട്ടയം ജില്ലയിൽ കുറവിലങ്ങാട് കാപ്പുംതലയിൽ സ്ഥിതിചെയ്യുന്ന സുറിയാനി പഠനകേന്ദ്രവും സന്യാസ ആശ്രമവുമായ ബേസ് അപ്രേം നസ്രാണി ദയറയുടെ സ്ഥാപകനും അദ്ദേഹമാണ്. 2025-ൽ സുറിയാനി കത്തോലിക്കാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് ജോസഫ് മൂന്നാമൻ യോനാൻ ബാവ ഇന്ത്യയുടെ വലിയ മല്പാൻ എന്നപദവി സമ്മാനിച്ചിരുന്നു.

# എൽപിജി വില വർദ്ധന; ഹോട്ടലുകൾ പ്രതിസന്ധിയിൽ

കൊച്ചി: വാണിജ്യ എൽപിജി സിലണ്ടറിന്റെ വില ഒറ്റയടിക്ക് 993 രൂപ വർദ്ധിപ്പിച്ചതോടെ രാജ്യത്തെ റെസ്റ്റോറന്റ്, കേറ്ററിങ് മേഖല കടുത്ത പ്രതിസന്ധിയിലേക്ക് എൽപിജി ക്ഷാമംമൂലം ഇപ്പോൾ തന്നെ കടുത്ത സമ്മർദ്ദം നേരിടുന്ന ഹോട്ടൽ വ്യവസായത്തെ പാടേ തകർക്കുന്നതാണ് പുതിയ സംവിധാനം. 19 കിലോഗ്രാമിന്റെ സിലിണ്ടറിന് 3,085 രൂപയാണ് കൊച്ചിയിലെ പുതിയ വില. തിരുവനന്തപുരത്ത് 3,106 രൂപയും കോഴിക്കോട്ട് 3,117 രൂപയുമാണ് വില. 5 കിലോഗ്രാം സിലിണ്ടറിന്റെ നിരക്ക് 549 രൂപയിൽ നിന്നും 810.50 രൂപയായി ഉയർത്തി. അതേസമയം ഗാർഹിക സിലിണ്ടർ വിലയിൽ വർദ്ധനയില്ല.

ഹോട്ടലുകളും കേറ്ററിങ് ഏജൻസികളും മുതൽ തട്ടുകടകളും ഹോസ്റ്റലുകളും വരെയുള്ള ലക്ഷക്കണക്കിന് ഉപയോക്താക്കൾക്ക് വിലക്കയറ്റം തിരിച്ചടിയാകും. പിടിച്ചുനിൽക്കുന്നതിനായി ഹോട്ടലുകൾ ഭക്ഷണത്തിന് വില വർദ്ധിപ്പിക്കുന്ന സാഹചര്യം കോടിക്കണക്കിനാളുകളെ ബാധിക്കും. 5 കിലോഗ്രാം സിലിണ്ടർ നിരക്കുവർദ്ധന അത് കൂടുതലായി ഉപയോഗിച്ചിരുന്ന ദിവസവേതനക്കാർക്കും മറ്റും തിരിച്ചടിയാകും.

വാണിജ്യ എൽപിജി വില വർദ്ധനയിൽ പ്രതിഷേധിച്ച് കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ, കേരള ഹോട്ടൽ ആൻഡ് ബേക്കേഴ്സ് സമിതി, കേരള വ്യാപാരി വ്യവസായി സമിതി എന്നീ സംഘടനകൾ 6-ന് സംസ്ഥാന വ്യാപകമായി സ്ഥാപനങ്ങൾ അടച്ചിട്ട് സമരം പ്രഖ്യാപിച്ചിരിക്കുകയാണ്.

പെട്രോൾ, ഡീസൽ, ഗാർഹിക എൽപിജി എന്നിവയുടെ നിരക്കും വൈകാതെ വർദ്ധിപ്പിക്കുമെന്നാണ് വിവരം. കടുത്ത നഷ്ടത്തിലാണ് മുന്നോട്ടു പോകുന്നതെന്നും ഈ സാഹചര്യം തുടരാൻ സാധിക്കില്ലെന്നും പൊതുമേഖലാ എണ്ണക്കമ്പനികൾ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

# ഓൺലൈൻ വാർത്തകൾക്ക് നികുതി ഏർപ്പെടുത്തി ഓസ്ട്രേലിയ

മെൽബൺ: പ്രാദേശികമാധ്യമങ്ങളിലെ വാർത്തകൾ പങ്കുവെക്കുന്നതിന് ടെക് ഭീമന്മാരായ മെറ്റ, ഗൂഗിൾ, ടിക്ടോക് എന്നിവ മാധ്യമസ്ഥാപനങ്ങൾക്ക് പണം നൽകുമെന്ന് ഉറപ്പാക്കാൻ പുതിയ നിയമനിർമാണത്തിനൊരുങ്ങി ഓസ്ട്രേലിയ.

ഈ കമ്പനികൾ ഓസ്ട്രേലിയയിൽനിന്ന് ഉണ്ടാക്കുന്ന വരുമാനത്തിന്റെ 2.25 ശതമാനം നികുതിയായി ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുസംബന്ധിച്ച കരടുനിയമം സർക്കാർ ഏപ്രിൽ 27-ന് ചൊവ്വാഴ്ച പുറത്തുവിട്ടു. ജൂലായ് രണ്ടിന് ഇത് പാർലമെന്റിൽ അവതരിപ്പിക്കും.

ഉള്ളടക്കം ഉപയോഗിക്കുന്നതിന് ടെക് കമ്പനികൾ മാധ്യമസ്ഥാപനങ്ങൾക്ക് പണം നൽകണമെന്ന് വ്യവസ്ഥ ചെയ്ത് 2021-ൽ ഓസ്ട്രേലിയ കൊണ്ടുവന്ന ന്യൂസ് മീഡിയ ബാർഗെയ്നിങ് കോഡ് പാലിക്കാൻ കമ്പനികൾ തയ്യാറാകാത്ത പശ്ചാത്തലത്തിലാണിത്. ഈ കോഡ് അനുസരിച്ച് മാധ്യമ സ്ഥാപനങ്ങളുമായി കരാറിലെത്താൻ ഗൂഗിളിനും മെറ്റയ്ക്കും ടിക്ടോക്കിനും ഒരവസരംകൂടി നൽകും.

ഗുണനിലവാരമുള്ള മാധ്യമപ്രവർത്തനം നിലനിർത്താനും മാധ്യമപ്രവർത്തകർക്ക് അർഹമായ വിഹിതം ഉറപ്പാക്കാനുമാണ് നിയമം ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി ആന്തണി ആൽബനീസ് പറഞ്ഞു.

അതേസമയം, വാർത്താസ്ഥാപനങ്ങൾ സ്വന്തം ഇഷ്ടപ്രകാരമാണ് ഉള്ളടക്കം പങ്കുവെക്കുന്നതെന്നും നിർബന്ധിതമായി പണം നൽകാനാവശ്യപ്പെടുന്നത് മൂല്യങ്ങൾക്ക് വിരുദ്ധമാണെന്നും മെറ്റ പ്രതികരിച്ചു.

ഇതിനോടകംതന്നെ പല മാധ്യമസ്ഥാപനങ്ങളുമായി കരാറുണ്ടെന്നും മൈക്രോസോഫ്റ്റ്, ഓപ്പൺ എഐ തുടങ്ങിയ പ്ലാറ്റ്ഫോമുകളെ ഒഴിവാക്കി തങ്ങളെമാത്രം ലക്ഷ്യംവെക്കുന്നത് ശരിയല്ലെന്നുമാണ് ഗൂഗിളിന്റെ നിലപാട്.

# വെള്ളത്തിനടിയിലെ ത്രിവർണ്ണ വിസ്മയം ഗിന്നസ് റെക്കോഡുമായി ആൻഡമാൻ

ശ്രീവിജയപുരം: വെള്ളത്തിനടിയിൽ ലോകത്തിലെ ഏറ്റവും വലിയ ദേശീയ പതാക സ്ഥാപിച്ച് ഗിന്നസ് റെക്കോഡുമായി അൻഡമാൻ നിക്കോബാർ. സ്വരാജ് ദ്വീപിലെ രാധാനഗർ ബീച്ചിലാണ് ചരിത്രനേട്ടം പിറന്നത്.



ആൻഡമാൻ നിക്കോബാറിലെ സ്വരാജ് ദ്വീപിൽ കടലിനടിയിൽ സ്ഥാപിച്ച ലോകത്തിലെ ഏറ്റവും വലിയ ത്രിവർണ പതാക.

ആൻഡമാൻ നിക്കോബാർ പോലീസ്, വനംവകുപ്പ്, നാവികസേന, കോസ്റ്റ് ഗാർഡ് എന്നിവരും മുങ്ങൽവിദഗ്ധരും സംയുക്തമായാണ് ദൗത്യം പൂർത്തിയാക്കിയത്.

ഏകദേശം 60 മീറ്റർ നീളവും 40 മീറ്റർ വീതിയുമുള്ള ത്രിവർണപതാകയാണ് കടലിനടിയിൽ നിവർത്തിയത്.

ലഫ്റ്റനന്റ് ഗവർണർ ഡി.കെ. ജോഷി, ചീഫ് സെക്രട്ടറി ചന്ദ്ര ഭൂഷൺ കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഗിന്നസ് വേൾഡ് റെക്കോർഡ്സ് പ്രതിനിധി ഋഷി നാഥ് റെക്കോർഡ് സർട്ടിഫിക്കറ്റ് കൈമാറി.

ഇതിനു പിന്നാലെ ലോകത്തിലെ ഏറ്റവും വലിയ 'മനുഷ്യച്ചങ്ങല' തീർത്ത് ഗിന്നസിൽ ഇടംപിടിച്ചിരിക്കുകയാണ് ആൻഡമാൻ നിക്കോബാർ ദ്വീപ്. കരയിലല്ല, കടലിലായിരുന്നു റെക്കോർഡിട്ട മനുഷ്യച്ചങ്ങല. ഗവർണർ ഡി.കെ. ജോഷി അടക്കം 14 പേരാണ് 22.3 മീറ്റർ നീളത്തിൽ വെള്ളത്തിനടിയിൽ കൈകോർത്തത്.

മൂന്ന് മിനിറ്റിലധികം ഇവർ വെള്ളത്തിനടിയിൽ കഴിയുകയും ചെയ്തു. ഇപ്പോൾ സ്വരാജ് ദ്വീപ് എന്നറിയപ്പെടുന്ന മേഖലയിലായിരുന്നു അഭ്യാസം. ആൻഡമാനിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനായിരുന്നു ചങ്ങല.

# ചെറുതന ഇന്ത്യയിലെ മികച്ച പഞ്ചായത്ത്

ന്യൂഡൽഹി: ഇന്ത്യയിലെ രണ്ടര ലക്ഷത്തിലധികം പഞ്ചായത്തുകളുടെ പ്രകടനം വിലയിരുത്തിയുള്ള പഞ്ചായത്ത് അഡ്വാൻസ്മെന്റ് സൂചിക (പിഎഐ) പ്രകാരം ആലപ്പുഴ ജില്ലയിലെ ചെറുതന മികച്ച പഞ്ചായത്ത്. 2023-24-ലെ ആരോഗ്യം, ജലം, അടിസ്ഥാന സൗകര്യങ്ങൾ, സുസ്ഥിരത തുടങ്ങിയ 150-ലധികം ഘടകങ്ങൾ അടിസ്ഥാനമാക്കിയാണ് ഓരോ പഞ്ചായത്തിനെയും വിലയിരുത്തിയത്. 2023-ൽ മികച്ച ശിശു സൗഹൃദ ഗ്രാമ പഞ്ചായത്തായി ചെറുതന തെരഞ്ഞെടുക്കപ്പെട്ടിരുന്നു. ആകെ പഞ്ചായത്തുകളുടെ പ്രകടനം വിലയിരുത്തുമ്പോൾ, ത്രിപുരയാണ് ഇന്ത്യയിൽ ഏറ്റവും മുന്നിൽ. കേരളം രണ്ടാമതും ഒഡീഷ മൂന്നാമതുമാണ്.

ദാരിദ്ര്യ മുക്തി (കടലുണ്ടി), ആരോഗ്യം (നിരണം), ജനസൗഹൃദം (ഒറ്റൂർ), ജലപര്യാപ്തത (തിരുപുറം), ശുചിത്വം, ഹരിതം (തൃത്താല), അടിസ്ഥാനസൗകര്യങ്ങളിലെ സ്വയംപര്യാപ്ത (മേലുകാവ്), സാമൂഹികഭദ്രത (തൃപ്പങ്ങോട്ടൂർ), സദ്ഭരണം (കുറുമാത്തൂർ), വനിത സൗഹൃദം (കോട്ടുകാൽ) എന്നിങ്ങനെയാണ് ഓരോ മേഖലയിലെയും മികച്ച പഞ്ചായത്തുകൾ.

കേരളത്തിലെ മികച്ച പഞ്ചായത്തുകളുടെ പൊതുപട്ടികയിൽ ചെറുതനയ്ക്ക് പുറമേ, കുമാരപുരം (ആലപ്പുഴ), പുതുക്കാട് (തൃശൂർ), വിളപ്പിൽ (തിരുവനന്തപുരം), താഴേക്കോട് (മലപ്പുറം), ഇരിക്കൂർ (കണ്ണൂർ), കോട്ടുകാൽ (തിരുവനന്തപുരം), മല്ലപ്പള്ളി (പത്തനംതിട്ട), ഏഴുമറ്റൂർ (പത്തനംതിട്ട), തിരുപുറം (തിരുവനന്തപുരം) എന്നീ പഞ്ചായത്തുകൾ ആദ്യ 10 സ്ഥാനങ്ങളിലുണ്ട്.

സൂചികയിൽ ഏറ്റവും പിന്നിലായ കേരളത്തിലെ പഞ്ചായത്ത് ദേവികുളത്തെ ഇടമലക്കുടിയാണ്.

# SEEKING BRIDEGROOM

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

## MALAYALEE CARETAKER/ BABYSITTER NEEDED – MINNESOTA (6 MONTHS)

A young malayalee family in Minnesota is seeking a reliable and caring live-in caretaker/babysitter to assist with the care of two small children.

**Position Details:**

Duration: 6-12 months (Summer & Fall Season only)
Live-in arrangement/ Accommodation provided
Primary focus on childcare
Light household duties (e.g., tidying, basic help)
Travel expenses covered

We are looking for someone who is nurturing, patient, and enjoys working with young children. Salary and overall compensation can be discussed further over a phone call.

**CONTACT:**

**Mithun @ 651-895-3887**

**for further details.**

## BABYSITTER NEEDED IN NILES, ILLINOIS

Seeking a reliable and caring babysitter for a 3-year-old toddler in Niles, IL. Position begins May 2026 and requires availability 3–4 days per week.

**For more information, please call or text**

**708-250-4845**

## FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact: 703-907-9132**

*Favors Received*



*Inserted by: Firm Believer, Chicago*

*Favors Received*



*Inserted by: Firm Believer, Chicago*

## CAREGIVER NEEDED – OKLAHOMA CITY

### (Malayalee Christian Preferred)

An 80-year-old Ammachi in Oklahoma City is seeking a compassionate and reliable Malayalee Christian caregiver. This role can be either live-in or part-time (a few times per week) depending on availability.

**Responsibilities include:**

• Light cooking (Indian/Malayalee meals preferred) • Household chores • Grocery shopping and errands • General companionship and support

**Preferred qualifications:**

• Malayalee Christian background
• Ability to drive (strongly preferred)
• Kind, patient, and trustworthy nature

Ammachi is currently independent and able to drive short distances but would benefit from additional support.

**Contact:**

**Annie Shepherd**

**321-287-0187**

## BABYSITTER WANTED IN ST LOUIS

Doctor and family near St Louis, MO seeking a kind, reliable live-in babysitter. Responsibilities include infant care and daily housework as needed. Private room included.

**Please call or email if interested**

**Leyah at 201-207-8299**

**leyahelizabeth@gmail.com**

## PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or**

**email at alexkalarickal@gmail.com**

Visit Our Website: www.keralaexpress.com for Classified Advt.




# ആക്ഷൻ മാസ് ബ്രഹ്മാണ്ഡം 'കാട്ടാളൻ' ട്രെയ്‌ലർ പുറത്തിറങ്ങി

ക്യൂബ്സ് എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമിക്കുന്ന ബ്രഹ്മാണ്ഡ ആക്ഷൻ ത്രില്ലർ ചിത്രമായ കാട്ടാളന്റെ മലയാളം ട്രെയ്‌ലർ പുറത്ത്. തിയറ്ററുകളെ അക്ഷരാർത്ഥത്തിൽ പൂരപ്പറമ്പുകളാക്കുന്ന ചിത്രമായിരിക്കും 'കാട്ടാളൻ' എന്ന സൂചനയാണ് ട്രെയ്‌ലർ നൽകുന്നത്. പ്രേക്ഷകരെ ഒരേസമയം ഞെട്ടിക്കുകയും ത്രസിപ്പിക്കുകയും ചെയ്യുന്ന സംഘട്ടന രംഗങ്ങൾ ആയിരിക്കും ചിത്രത്തിന്റെ ഹൈലൈറ്റ് എന്ന് ട്രെയ്‌ലർ കാണിച്ചു തരുന്നു. കെജിഎഫ്, സലാർ, മാർക്കോ എന്നീ ചിത്രങ്ങളിലൂടെ തെന്നിന്ത്യൻ തരംഗമായി മാറിയ രവി ബസ്റൂർ ഒരുക്കിയ പശ്ചാത്തലസംഗീതവും ചിത്രത്തിലെ ദൃശ്യങ്ങളെ മറ്റൊരു തലത്തിൽ എത്തിക്കുന്നുണ്ട്. ഇത് മാത്രമല്ല, ഇന്ത്യയിൽ തന്നെ ആദ്യമായി മൂന്നു വ്യത്യസ്ത പശ്ചാത്തല സംഗീതത്തിലൂടെയാണ് ഈ ട്രെയ്‌ലർ അവതരിപ്പിച്ചിരിക്കുന്നത്.

ട്രെയ്‌ലർ സെറ്റിംഗ്സിൽ നിന്ന് പ്രേക്ഷകർക്ക് ആ മൂന്നു വ്യത്യസ്ത പശ്ചാത്തല സംഗീതവും തെരഞ്ഞെടുത്ത് ട്രെയ്‌ലർ കാണാൻ സാധിക്കും. ട്രെയ്‌ലർ ഭാഷ മാറ്റുന്നത് പോലെ ട്രെയ്‌ലറിന്റെ പശ്ചാത്തല സംഗീതം മാറ്റുന്ന തരത്തിൽ ഒരു ട്രെയ്‌ലർ പുറത്തു വരുന്നത് ഇന്ത്യൻ സിനിമാ ചരിത്രത്തിൽതന്നെ ആദ്യമാണെന്ന പ്രത്യേകതയുമുണ്ട്. ഒറിജിനൽ ജംഗിൾ ബീസ്റ്റ് തീം, വൈൽഡ് ബീസ്റ്റ് തീം, ഹൗസ ഓഷ്യൻ ബീസ്റ്റ് തീം എന്നിവയാണ് ട്രെയ്‌ലർ പശ്ചാത്തല സംഗീതമായി ഉൾപ്പെടുത്തിയിരിക്കുന്ന മൂന്നു വ്യത്യസ്ത തീമുകൾ.

പാൻ ഇന്ത്യൻ റിലീസായി എത്തുന്ന ചിത്രം മലയാള സിനിമയുടെ ചരിത്രത്തിലെ ബ്രഹ്മാണ്ഡ റിലീസുകളിലൊന്നായി മേയ് 14-ന് ലോകമെമ്പാടുമുള്ള തിയറ്ററുകളിലെത്തും. നവാഗതനായ പോൾ ജോർജ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. 'മാർക്കോ' എന്ന പാൻ ഇന്ത്യൻ ബ്ലോക്ക്ബസ്റ്റർ ആക്ഷൻ ത്രില്ലറിന്ശേഷം ക്യൂബ്സ് എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ഷെരീഫ് മുഹമ്മദ് നിർമിക്കുന്ന ചിത്രമാണിത്. ആന്റണി വർഗീസ് നായകനായി എത്തുന്ന ചിത്രത്തിൽ വമ്പൻ താരനിരയാണ് അണിനിരക്കുന്നത്. ദുഷാര വിജയൻ നായികയായി മലയാളത്തിലെത്തുന്ന ചിത്രത്തിൽ, പുഷ്പ, ജയിലർ എന്നിവയിലൂടെ ശ്രദ്ധനേടിയ തെലുങ്കു താരം സുനിൽ, മാർക്കോയിലൂടെ മലയാളത്തിലെത്തി ശ്രദ്ധനേടിയ കബീർദുഹാൻ സിംഗ്, പുഷ്പ ഫെയിം തെലുങ്കു താരം രാജ് തിരാണ്ടുസു, 'കിൽ' എന്ന ബ്ലോക്ക്ബസ്റ്റർ ഹിന്ദി ചിത്രത്തിലൂടെ പ്രശംസ നേടിയ ബോളിവുഡ് താരം പാർഥ് തിവാരി, മലയാളത്തിൽ നിന്ന് ജഗദീഷ്, സിദ്ദിഖ്, വ്‌ളോഗറും സിംഗറുമായ ഹനാൻ ഷാ, ഹിപ്സ്റ്റർ എന്നിവരും നിർണായക വേഷങ്ങൾ കൈകാര്യം ചെയ്യുന്നു.

ആന്റണി വർഗീസ് ഉൾപ്പെടുന്ന ഗംഭീര ആക്ഷൻ രംഗങ്ങൾ ചിത്രത്തിന്റെ പ്രധാന ആകർഷണമായി മാറുമെന്നാണ് ട്രെയ്‌ലർ കാണിച്ചു തരുന്നത്. മലയാള സിനിമ ഇതുവരെ കാണാത്ത അമ്പരപ്പിക്കുന്ന മെഗാ കാൻവാസിൽ ഒരുക്കിയ സംഘട്ടന രംഗങ്ങൾ ആയിരിക്കും ചിത്രത്തിന്റെ ഹൈലൈറ്റ് എന്ന് നേരത്തെ പുറത്തു വന്ന ടീസറും, ഇപ്പോഴെത്തിയ ട്രെയ്‌ലറും കാണിച്ചു തരുന്നുണ്ട്. ഓങ് ബാക്ക് സീരീസ് ഉൾപ്പെടെ അന്താരാഷ്ട്ര ആക്ഷൻ ത്രില്ലറുകൾക്ക് സംഘട്ടനം ഒരുക്കിയ ലോകപ്രശസ്തനായ കെച്ച കെംബാക്ഡിയുടെയും അദ്ദേഹത്തിന്റെ ടീമിന്റെയും നേതൃത്വത്തിൽ ആണ് ചിത്രത്തിലെ ആക്ഷൻ രംഗങ്ങൾ തായ്‌ലന്റിൽ ഒരുക്കിയത്. ഓങ് ബാക്ക് സീരിസിലൂടെ വലിയ ശ്രദ്ധ നേടിയ 'പോങ്' എന്ന ആനയും കാട്ടാളന്റെ ഭാഗമാണ്.



തിയറ്ററുകളിൽ പ്രകമ്പനം സൃഷ്ടിക്കുന്ന ഗാനങ്ങളും പശ്ചാത്തല സംഗീതവുമൊരുക്കുന്ന കന്നഡ സംഗീത സംവിധായകൻ രവി ബസ്റൂർ ഈ ചിത്രത്തിലൂടെ വീണ്ടും മലയാളത്തിലെത്തുമ്പോൾ, ത്രസിപ്പിക്കുന്ന ത്രില്ലർ അനുഭവമാണ് പ്രേക്ഷകരെ കാത്തിരിക്കുന്നത് എന്ന് ട്രെയ്‌ലർ തന്നെ വ്യക്തമാക്കി തരുന്നുണ്ട്. അടുത്തിടെ പുറത്തുവന്ന, രവി ബസ്റൂർ ഒരുക്കിയ, ചിത്രത്തിലെ ജംഗിൾ ബീസ്റ്റ് തീമും ഏറെ ശ്രദ്ധ നേടിയിരുന്നു. അന്താരാഷ്ട്ര ചിത്രങ്ങളോട് കിടപിടിക്കുന്ന ദൃശ്യങ്ങളും ആക്ഷനും സംഗീതവുമായി ഒരു പാൻ ഇന്ത്യൻ ദൃശ്യ വിസ്മയമായാണ് ചിത്രം പ്രേക്ഷകരിലേക്ക് എത്താനൊരുങ്ങുന്നത്. ജോബി വർഗീസ്, പോൾ ജോർജ്, ജെറോ ജേക്കബ് എന്നിവർ ചേർന്ന് തിരക്കഥ രചിച്ച ചിത്രത്തിന്റെ സംഭാഷണങ്ങൾ ഒരുക്കിയത് ഉണ്ണി ആർ. ആണ്.

മലയാള സിനിമയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ഓവർസീസ് ഡീലുകളിൽ ഒന്ന് ഇതിനോടകം സ്വന്തമാക്കിയ ചിത്രം, ഷൂട്ടിംഗ് പൂർത്തിയാകുന്നതിനു മുമ്പ് തന്നെ മലയാളത്തിലെ പല പ്രീ റിലീസ് റെക്കോർഡുകളും ഭേദിച്ചു കഴിഞ്ഞു എന്നാണ് റിപ്പോർട്ട്. ഹോംബാലെ ഫിലിംസ് കർണാടകയിൽ വിതരണം ചെയ്യുന്ന ചിത്രത്തിന്റെ ഹിന്ദി വിതരണാവകാശം സ്വന്തമാക്കിയത് ജെ വേൽ (ജയ് വിരാത്ര എന്റർടൈൻമെന്റ് ലിമിറ്റഡ്) ആണ്. ടി സീരീസ് അണ് ചിത്രത്തിന്റെ മ്യൂസിക് അവകാശം സ്വന്തമാക്കിയത്. ഷെമാറൂ ആണ് ചിത്രത്തിന്റെ ഡിജിറ്റൽ, സാറ്റലൈറ്റ് ഡിസ്ട്രിബ്യൂഷൻ പാർട്ണർ. ഫാർസ് ഫിലിംസ് ആയി സഹകരിച്ചാണ് മലയാള സിനിമ കണ്ട എക്കാലത്തേയും വമ്പൻ വിദേശ റിലീസിനായി 'കാട്ടാളൻ' ഒരുങ്ങുന്നത്. മലയാളം, തമിഴ്, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽ ചിത്രം റിലീസിനെത്തും.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ജുമാന ഷരീഫ്, ഛായാഗ്രഹണം-റെനഡിവേ, അഡീഷണൽ ഛായാഗ്രഹണം-ചന്ദ്രു സെൽവരാജ്, സംഗീതം-രവി ബസ്റൂർ, അഡീഷണൽ സോഗ്-ബി. അജെനീഷ് ലോക്നാഥ്, എഡിറ്റിംഗ്-ഷമീർ മുഹമ്മദ്, സംഘട്ടനം-കെച്ച കെംബാക്ഡി, ആക്ഷൻ സന്തോഷ്, പ്രൊഡക്ഷൻ കൺട്രോളർ-ദീപക് പരമേശ്വരൻ, ഓഡിയോഗ്രഫി-രാജകൃഷ്ണൻ എം.ആർ, സൗണ്ട് ഡിസൈനർ-കിഷൻ, സപ്ത റെക്കോർഡ്സ്, വസ്ത്രാലങ്കാരം-ധന്യ ബാലകൃഷ്ണൻ, മേക്കപ്പ്-റോണക്സ് സേവ്യർ, വരികൾ-സുഹൈൽ കോയ, സ്റ്റിൽ ഫോട്ടോഗ്രാഫർ-അമൽ സി. സദർ, നൃത്തസംവിധാനം-ഷരീഫ്, വിഎഫ്എക്സ്-3 ഡോർസ്, ഓവർസീസ് ഡിസ്ട്രിബൂഷൻ പാർട്ണർ-ഫാർസ് ഫിലിംസ്, ടൈറ്റിൽ ഡിസൈൻ-ഐഡന്റ് ലാബ്സ്, പബ്ലിസിറ്റി ഡിസൈൻ-യെല്ലോ ടൂത്.

## രാജീവ് ഗോവിന്ദൻ നിർമിക്കുന്ന 'മായൻ' ചിത്രീകരണം ആരംഭിച്ചു

മാജിക് മൂൺ പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജീവ് ഗോവിന്ദൻ നിർമിക്കുന്ന ജിതിൻ കെ. ജോസ്-ജയസൂര്യ ചിത്രം 'മായൻ' കൊച്ചി അഞ്ചുമന ക്ഷേത്രത്തിൽ നടന്ന പൂജ ചടങ്ങുകളോടെ ആരംഭിച്ചു. മലയാള സിനിമ പ്രേക്ഷകരുടെ പ്രിയ സംവിധായകൻ സച്ചിയുടെ ഭാര്യ സിജി സച്ചിയും സഹോദരി സജിതയും ചേർന്ന് ചിത്രത്തിന്റെ ടൈറ്റിൽ അനാഛാദനം നിർവ്വഹിച്ചു.

അണിയറ പ്രവർത്തകരും മലയാള സിനിമയിലെ പ്രമുഖരും പൂജ ചടങ്ങിൽ പങ്കെടുത്തു. സൂപ്പർ ഹിറ്റ് ചിത്രം കളങ്കാവലിനുശേഷം ജിതിൻ കെ. ജോസ് സംവിധാനം ചെയ്യുന്ന ചിത്രം കഴിഞ്ഞ മാസമാണ് ഔദ്യോഗികമായി പ്രഖ്യാപിച്ചത്. ഓർഡിനറി, അനാർക്കലി എന്നീ ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങൾ നിർമിച്ച മാജിക് മൂൺ പ്രൊഡക്ഷൻസ് നിർമിക്കുന്ന മൂന്നാമത്തെ ചിത്രമാണിത്. റാഫിയും ജിതിൻ കെ. ജോസും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നത്.

അടുത്തിടെ ചിത്രവുമായി ബന്ധപ്പെട്ട് അണിയറ പ്രവർത്തകർ പങ്കുവെച്ച ഒരു സോഷ്യൽ മീഡിയ പോസ്റ്റും അതിലെ ചിത്രവും കുറിപ്പുമെല്ലാം സമൂഹ മാധ്യമങ്ങളിൽ വലിയ ചർച്ചകൾ സൃഷ്ടിച്ചിരുന്നു. മലയാള സാഹിത്യത്തിലുൾപ്പെടെ പരാമർശിക്കപ്പെട്ടിട്ടുള്ള വളരെ പോപ്പുലർ ആയ ഒരു വിഷയമാണ് 'കറുത്തച്ചനൂട്ട്' എന്നതും ഈ സിനിമയുമായി ബന്ധപ്പെട്ട് പ്രേക്ഷകരുടെ കൗതുകവും ആകാംക്ഷയും വർധിപ്പിക്കുന്നുണ്ട്.

എന്നാൽ ചിത്രം ഒരുങ്ങുന്നത് ഈ വിഷയത്തെ അടിസ്ഥാനമാക്കിയാണോ എന്ന സ്ഥിരീകരണം അണിയറ പ്രവർത്തകർ ഔദ്യോഗികമായി പുറത്തു വിട്ടിട്ടില്ല. ജയസൂര്യ, നൈല ഉഷ എന്നിവർക്കൊപ്പം വിജയ് ബാബുവും നിരഞ്ജന അനൂപും സുപ്രധാന വേഷങ്ങൾ ചെയ്യുന്നു.

കളങ്കാവൽ ടീമിലെ പ്രധാന സാങ്കേതിക പ്രവർത്തകർ എല്ലാം തന്നെ ഈ ചിത്രത്തിലൂടെ വീണ്ടും ഒന്നിക്കുകയാണ്. കാമറ-ഫൈസൽ അലി, സംഗീതം-മുജീബ് മജീദ്, എഡിറ്റിംഗ്-പ്രവീൺ പ്രഭാകർ, പ്രൊഡക്ഷൻ കൺട്രോളർ-ദീപക് പരമേശ്വരൻ, ഡിസൈൻസ്-ആന്റണി സ്റ്റീഫൻ.




# ‘പ്രൈവറ്റ്’ സെൻസറിങ്ങിലെ പ്രതിസന്ധികൾ പങ്കുവെച്ച് സംവിധായകൻ ദീപക് ഡിയോൺ



ആവിഷ്കാരസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആസ്വാദ്യകരമായ സിനിമയാണ് ‘പ്രൈവറ്റ്’. എന്നാൽ ഈ സിനിമയുടെ സെൻസറിങ് വേളയിലാണ് ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം കന്നിക്കാരനായ സംവിധായകൻ ദീപക് ഡിയോണിനു ശരിക്കും മനസ്സിലായത്. ചില ഭാഗങ്ങൾ എഡിറ്റ് ചെയ്ത് നീക്കിയാൽ പോലും പ്രദർശനാനുമതി നൽകാനാവില്ലെന്നു ബോർഡിലെ ഒരംഗം വാദിച്ചു. പിന്നീടു റിവൈസിങ് കമ്മിറ്റി സിനിമ കണ്ടു. ചില സംഭാഷണങ്ങൾ നിശബ്ദമാക്കാൻ നിർദേശിക്കുകയായിരുന്നു. തുടർന്നാണ് പ്രദർശനാനുമതി ലഭിച്ചത്.

സെൻസർ ബോർഡ് അംഗങ്ങളെ ഇത്രമാത്രം അസ്വസ്ഥമാക്കിയ എന്താണ് ‘പ്രൈവറ്റ്’ സിനിമയിലുള്ളതെന്നു ചോദിച്ചാൽ സംവിധായകൻ പറയും. മനുഷ്യത്വത്തിന്റെ രാഷ്ട്രീയം മാത്രമാണെന്ന്. ‘കാണാൻ പറ്റാത്തതായി ഒന്നും ഈ ചിത്രത്തിലില്ല. നിർബന്ധമായും കണ്ടിരിക്കേണ്ട പലതും ഉണ്ടുതാനും.’




കഴിഞ്ഞ ഒക്ടോബറിൽ പ്രദർശനത്തിനെത്തിയ ചിത്രം ഈയിടെ മോസ്കോ രാജ്യാന്തര ചലച്ചിത്രോത്സവത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടതോടെയാണ് വീണ്ടും പ്രേക്ഷകശ്രദ്ധയിലെത്തിയത്.

നീതിനിഷേധത്തിനെതിരെ പൊരുതുന്ന ഒരച്ഛന്റെ നിശ്ചയദാർഢ്യമാണ് ഈ സിനിമ. ഇതിനു പിന്തുണയുമായി കൂടെ നിൽക്കുകയാണ് ഒരു പെൺകുട്ടി. നന്മയും മനുഷ്യത്വവും പുലരാൻ ഏതു സാഹസികതയ്ക്കും തയാറാകുന്ന പുതുതലമുറയുടെ പ്രതിനിധിയായ അഷിത ബീഗമെന്ന മലപ്പുറംകാരിയായി മീനാക്ഷി അനൂപും യാത്രയ്ക്കിടെ അവൾ അവിചാരിതമായി കണ്ടുമുട്ടുന്ന ബാലൻ മാരാരായി ഇന്ദ്രൻസും വേഷമിടുന്നു.

എങ്ങനെയെങ്കിലും ഒരു സിനിമ ചെയ്യുക എന്നതായിരുന്നില്ല ലക്ഷ്യം. എന്റെ ജീവിതവീക്ഷണവും ലോകവീക്ഷണവുമെല്ലാം സ്വാഭാവികമായും ഈ കഥയുടെ അവതരണത്തിൽ കടന്നുവന്നിട്ടുണ്ടാകും.

നിലപാട് പറയാതെ നല്ല സിനിമ ചെയ്യാൻ സാധിക്കില്ല. ജീവിതത്തിൽനിന്ന് ഉൾക്കൊണ്ട കാര്യങ്ങളാണ് സിനിമയിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. അങ്ങനെ സ്വാഭാവികമായും ഇക്കാലത്തും എക്കാലത്തും പ്രസക്തമായ ഒരു പ്രമേയത്തിലേക്ക് എത്തുകയായിരുന്നു.

സെൻസർ ബോർഡിന്റെ വിയോജിപ്പിന് കാരണം സിനിമ കണ്ടശേഷം അവർ പറഞ്ഞത് ഇതൊരു രാജ്യവിരുദ്ധ സിനിമയാണെന്നാണ്. എഡിറ്റ് ചെയ്ത് നന്നാക്കാനൊന്നും പറ്റില്ലെന്നായിരുന്നു ഒരംഗത്തിന്റെ അഭിപ്രായം. അപ്പോൾ പിന്നെ റിവൈസിങ് കമ്മിറ്റിയെ സമീപിക്കുകയല്ലാതെ വഴിയില്ലായിരുന്നു. രണ്ടര മാസത്തോളം കാത്തിരുന്നു. അവർക്കും ആദ്യത്തെ അഭിപ്രായം തന്നെയായിരുന്നു. അവിടെ നമ്മൾ ചിത്രത്തിനു വേണ്ടി വാദിച്ചു. അങ്ങനെ എന്തോ ഔദാര്യം പോലെ ചില സംഭാഷണഭാഗങ്ങൾ മ്യൂട്ട് ചെയ്ത് പ്രദർശിപ്പിക്കാൻ അനുമതി തന്നു. ഗൗരി ലങ്കേഷ്, എം.എം. കൽബുർഗി, നരേന്ദ്ര ധാ ബോൽക്കർ തുടങ്ങി സമീപകാലത്ത് രക്തസാക്ഷികളായ എഴുത്തുകാർക്കും സാമൂഹിക പ്രവർത്തകർക്കുമാണ് ഈ ചിത്രം സമർപ്പിച്ചിരുന്നത്. അതിനെയും അവർ എതിർത്തു. എന്നാൽ ഈ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്ത പത്രങ്ങളുടെ കട്ടിങ്ങുകൾ ഉപയോഗിക്കാൻ അനുമതി തന്നു. അങ്ങനെയാണ് സിനിമ അവർക്കായി സമർപ്പിച്ചത്.

ചലച്ചിത്ര പ്രവർത്തകൾക്കു മുന്നിൽ സെൻസറിങ് വലിയ കടമ്പയായി നിൽക്കുന്നുണ്ട്. ഒരു സിനിമ ആലോചിക്കുമ്പോൾതന്നെ പല കാര്യങ്ങളിലും കോംപ്രമൈസ് വേണ്ടിവരും. നേരമ്പോക്ക് സിനിമയാകുമ്പോൾ ഈ പ്രശ്നങ്ങളൊന്നുമുണ്ടാകണമെന്നില്ല. ഈ രാജ്യത്ത് ക്രിട്ടിക്കലായ ഒരു പുസ്തകമെഴുതി പ്രസിദ്ധീകരിക്കാനുള്ള പ്രയാസവും എഴുത്തുകാർ നേരിടുന്ന ഭീഷണിയും അവതരിപ്പിച്ച ഒരു സിനിമയ്ക്കാണ് സെൻസർ വിലക്കുണ്ടായത്. ഞങ്ങൾ പറയാൻ ശ്രമിച്ച കാര്യം സത്യമാണെന്ന് അവർ തന്നെ ബോധ്യപ്പെടുത്തുകയായിരുന്നു.

ഫൈസൽ അലിയാണ് ക്യാമറ. ഞാൻ സിനിമയിൽ അസിസ്റ്റന്റ് ഡയറക്ടറായി തുടങ്ങിയ കാലം മുതലുള്ള സൗഹൃദമാണ്. മമ്മൂട്ടി ചിത്രമായ കളങ്കാവലിന്റെ ക്യാമറയും ഫൈസലായിരുന്നു. തീർച്ചയായും ഛായാഗ്രഹണം സിനിമയെ നന്നായി സഹായിച്ചിട്ടുണ്ട്. സംഗീതസംവിധാനം അശ്വിൻ സത്യയാണ്. ഞങ്ങൾ തമ്മിലും വർഷങ്ങളുടെ സൗഹൃദം ഉണ്ട്. ഒരുമിച്ചു ചർച്ച നടത്തുകയും ഒരുമിച്ചു സിനിമ സ്വപ്നം കാണുകയും ചെയ്തവരായതിനാലാകണം സംഗീതം അത്രയും കൃത്യമായത്.

ഇന്ദ്രൻസിന്റെ അഭിനയജീവിതത്തിലെ മികച്ച കഥാപാത്രങ്ങളിലൊന്നാകും ഇതിലെ ബാലൻ മാരാർ. മീനാക്ഷിയുടെ പ്രകടനവും ഗംഭീരമാണ്. ഒപ്പം അന്നു ആന്റണിയുമുണ്ട്.

വി.കെ. ഷബീർ ആണ് നിർമാതാവ്. മോസ്കോ മേളയിലേക്കു തെരഞ്ഞെടുക്കപ്പെട്ടത് വലിയ അംഗീകാരമാണ്. ഇപ്പോൾ ആളുകൾ ചിത്രം കണ്ടു നല്ല അഭിപ്രായം പറയാൻ തുടങ്ങിയതിൽ സന്തോഷമുണ്ട്.

## ‘അങ്കം അട്ടഹാസം’ മേയ് എട്ടിന്

ഗോകുലം മൂവീസിന്റെ ബാനറിൽ ഗോകുലം ഗോപാലൻ അവതരിപ്പിക്കുന്ന ഗ്യാങ്സ്റ്റർ ആക്ഷൻ ചിത്രം ‘അങ്കം അട്ടഹാസം’ മേയ് എട്ടിന് തിയറ്ററുകളിലെത്തും. മാധവ് സുരേഷ്, ഷൈൻ ടോം ചാക്കോ, സൈജു കുറുപ്പ്, മഖ്ബൂൽ സൽമാൻ, നന്ദു, അലൻസിയർ, എം.എ. നിഷാദ്, അന്നാ രാജൻ, അംബിക, കിച്ചു (യുഎസ്എ), സിബി തോമസ്, സ്മിനു സിജോ, അമിത്ത്, കുട്ടി അഖിൽ, ദീപക് ശിവരാജൻ എന്നിവരഭിനയിക്കുന്നു.




ജി. അനിൽകുമാർ, സാമുവൽ മത്തായി (യുഎസ്എ) എന്നിവർ നിർമിക്കുന്ന ചിത്രം സുജിത്ത് എസ് നായരാണ് സംവിധാനം ചെയ്തിരിക്കുന്നത്.

ശിവൻ എസ്. സംഗീത്-കാമറ, ഫിനിക്സ് പ്രഭു, അഷ്റഫ് ഗുരുക്കൾ, റോബിൻ ടോം, അനിൽ ബ്ലെയിസ് -ആക്ഷൻ എന്നിവർ അണിയറയിലുണ്ട്.

# ഗ്രേറ്റ് നിക്കോബാറിൽ ഇന്ത്യയിലെ ഏറ്റവും വലിയ അഴിമതിയെന്ന് രാഹുൽ

ന്യൂഡൽഹി: ഗ്രേറ്റ് നിക്കോബാറിൽ നടക്കുന്നത് ഇന്ത്യയുടെ പ്രകൃതി-ഗോത്ര പൈതൃകത്തിനെതിരെ നമ്മുടെ ജീവിതകാലത്തുള്ള ഏറ്റവും വലിയ അഴിമതിയാണെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

അദാനിയുടെ മനോരാജ്യം പൂവണിയാൻ ഇടതൂർന്ന മഴക്കാടുകളാണ് വെട്ടിനശിപ്പിക്കാൻ പോകുന്നതെന്നും ഇതിനെതിരെ ഇന്ത്യ കണ്ണുതുറക്കണമെന്നും രാഹുൽ ആവശ്യപ്പെട്ടു. ആന്തമാൻ സന്ദർശിച്ച രാഹുൽ അവിടെയുള്ള ആദിവാസികളുമായും കുടിയേറ്റക്കാരുമായും സംവദിച്ചശേഷം എക്സിൽ പങ്കുവെച്ച വീഡിയോയിലാണ് ഇക്കാര്യം പറഞ്ഞത്.

രാഹുലിന്റെ വാക്കുകൾ ഇങ്ങനെ: "ഇന്ന് ഞാൻ ഗ്രേറ്റ് നിക്കോബാറിലൂടെ സഞ്ചരിച്ചു. ജീവിതത്തിൽ കണ്ടതിൽ ഏറ്റവും അസാധാരണമായ വനങ്ങളാണിവ. ആയിരക്കണക്കിന് ഏക്കർ മഴക്കാടുകൾ. ഈ മരങ്ങളെല്ലാം വെട്ടാൻ പോവുന്നു. ഇന്ത്യയുടെ പരിസ്ഥിതിയെയും ഇവിടത്തെ ജനങ്ങളെയും എങ്ങനെ ബാധിക്കുമെന്ന് പരിഗണിക്കാതെ, അദാനി എന്ന ഒറ്റ ബിസിനസുകാരന്റെ മനോരാജ്യം പൂവണിയാനാണിത്.

ഇവിടെ ലക്ഷക്കണക്കിന് കോടിയുടെ ഇടതൂർന്ന മരങ്ങളുണ്ട്. ഇവിടെ ജീവിക്കുന്ന ഓരോ മനുഷ്യനും ഈ പദ്ധതിക്കെതിരാണ്. അവരോട് ആരും ചോദിച്ചിട്ടില്ല. അവരുടെ ഭൂമിക്ക് എത്ര നഷ്ടപരിഹാരം കിട്ടുമെന്നറിയില്ല. കൊള്ളയുടെ ഈ മൊത്തക്കച്ചവടം കൂടുതൽ ജനങ്ങൾ കാണണം. ഇവിടെ ഗോത്രവർഗക്കാരും കുടിയേറ്റക്കാരും ഈ മേഖല സംരക്ഷിക്കാൻ മാത്രമായി വന്ന വിരമിച്ച പട്ടാളക്കാരുമുണ്ട്. അവർ ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടതിനാലാണ് വന്നത്. ഇന്ത്യയിലെ യുവാക്കളുടെ ഭാവിയാണിത്. പരിസ്ഥിതി സംരക്ഷിക്കാൻ അവർ മുന്നോട്ടുവരണം' - രാഹുൽ പറഞ്ഞു. 'ഇതിനെ സർക്കാർ 'പദ്ധതി' എന്നു വിളിക്കുന്നു. പക്ഷേ, അവിടെ കണ്ടത് പദ്ധതിയല്ല. കോടാലിക്കായി അടയാളപ്പെടുത്തിയ കോടിക്കണക്കിന് മരങ്ങളുണ്ട്. 160 ചതുരശ്ര കിലോമീറ്റർ മഴക്കാടുകൾ നശിപ്പിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഇത് വികസനത്തിന്റെ ഭാഷയിൽ പൊതിഞ്ഞ നാശമാണ്. ഇന്ത്യക്കാർ ഒരുമിച്ചാൽ നാശം തടയാനാകും' - രാഹുൽ കൂട്ടിച്ചേർത്തു.

# ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിനെതിരെ കേന്ദ്രം

ന്യൂഡൽഹി: ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകളിൽ ഉൾപ്പെട്ട 9400 അക്കൗണ്ടുകൾ ഈ വർഷം ജനുവരി മുതൽ വാട്സാപ് നീക്കം ചെയ്തിട്ടുണ്ടെന്നു കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഇന്ത്യയിൽ വർധിച്ചുവരുന്ന ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ തടയാൻ കേന്ദ്രസർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കവേയാണു തട്ടിപ്പ് നടത്തിയ അക്കൗണ്ടുകൾ വാട്സാപ് നീക്കം ചെയ്ത വിവരം കേന്ദ്രം കോടതിയെ അറിയിച്ചത്. സൈബർ തട്ടിപ്പുകളുടെ വർധിച്ചുവരുന്ന ഭീഷണി നേരിടാൻ ടെലികോം റെഗുലേറ്റർമാർ, സേവനദാതാക്കൾ, റിസർവ് ബാങ്ക്, സാങ്കേതികരംഗത്തെ ഭീമന്മാർ, സിബിഐ എന്നിവരുമായി സഹകരിച്ചു വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു.

അറ്റോർണി ജനറൽ ആർ. വെങ്കിട്ടരമണിയിലൂടെ കേന്ദ്രം സമർപ്പിച്ച സ്റ്റാറ്റസ് റിപ്പോർട്ടിൽ ജനുവരി മുതലുള്ള 12 ആഴ്ചയ്ക്കിടെ വാട്സാപ് സൈബർ തട്ടിപ്പുകൾക്കെതിരെ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കിയിട്ടുണ്ട്. ഡൽഹി പോലീസ്, സിബിഐ തുടങ്ങിയ പേരുകൾ ഉപയോഗിച്ചും ഇവരുടെ ഔദ്യോഗിക ലോഗോകൾ പ്രൊഫൈൽ ചിത്രങ്ങളായും ഉപയോഗിച്ചാണു തട്ടിപ്പ് നടത്തുന്നതെന്നാണ് വാട്സാപ് കണ്ടെത്തിയിട്ടുള്ളത്. ഇതിനെ പ്രതിരോധിക്കാൻ ലോഗോ പൊരുത്തപ്പെടുന്നതാണോ എന്നു കണ്ടെത്തുന്നതിനുള്ള സംവിധാനവും തട്ടിപ്പുകാരുടെ പ്രവർത്തനരീതി കണ്ടെത്താൻ സഹായിക്കുന്ന വലിയൊരു ലാംഗ്വേജ് മോഡലും വാട്സാപ് വികസിപ്പിച്ചിട്ടുണ്ട്. ഡിജിറ്റൽ അറസ്റ്റ് ഉൾപ്പെടെയുള്ള സൈബർ തട്ടിപ്പുകൾ തടയാൻ കേന്ദ്രം പുതിയ നിർദേശങ്ങൾ കോടതിയെ അറിയിച്ചു.

# അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചു രണ്ടുപേർ മരിച്ചു

മാവേലിക്കര: അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചു രണ്ട് പേർ മരിച്ചു. പിഡബ്ല്യുഡി റസ്റ്റ് ഹൗസിലെ കരാർ ജീവനക്കാരൻ വഴുവാടി കളീക്കൽ വടക്കതിൽ ബിനു വർഗീസ് (55), അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ നീർക്കുന്നം കളത്തിൽ വിജയന്റെ മകൾ ആര്യമോൾ (നേഴ്സ്-26) എന്നിവരാണ് മരിച്ചത്. കോട്ടയം മെഡിക്കൽ കോളജിൽ ചികിത്സയിലിരിക്കെ മെയ് മൂന്നിനാണ് ബിനു വർഗീസ് മരിച്ചത്. ഏപ്രിൽ 29-ന് ബുധനാഴ്ച രാത്രിയോടെ തലവേദന കലശലായിരുന്നു. ഇതേത്തുടർന്ന് മാവേലിക്കര ജില്ലാ ആശുപത്രിയിൽ എത്തിച്ചു. രക്തസമ്മർദമാണ് കാരണമെന്ന് കരുതിയെങ്കിലും മരുന്നുകൾ നൽകിയിട്ടും തലവേദന കുറയാതിരുന്നത് കാരണം കോട്ടയം മെഡിക്കൽ കോളജിലേക്കു മാറ്റുകയായിരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളജാശുപത്രിയിൽ ചികിത്സയിലായിരുന്ന ആര്യ മെയ് 1-ന് വെള്ളിയാഴ്ച രാവിലെയാണ് മരിച്ചത്. വിദേശത്ത് ജോലിക്കു പോകാനായി ആര്യ ബംഗളൂരുവിലെ ജോലി രാജിവെച്ച് രണ്ടു മാസം മുൻപാണ് നാട്ടിലെത്തിയത്. ഒരു മാസം മുൻപ് രോഗലക്ഷണങ്ങൾ കണ്ടതോടെ ആലപ്പുഴ മെഡിക്കൽ കോളജാശുപത്രിയിൽനിന്ന് ചികിത്സ തേടി. ഡിസ്ചാർജായി വന്നശേഷം വീണ്ടും രോഗ ലക്ഷണങ്ങൾ കണ്ടതോടെ സ്വകാര്യ ആശുപത്രിയിൽ ഒരാഴ്ചയോളം ചികിത്സയിൽ കഴിഞ്ഞു.

# മോട്ടോർവാഹന ചട്ടം പരിഷ്കരിക്കുന്നു

ന്യൂഡൽഹി: പെട്രോളിൽ കൂടുതൽ എഥനോൾ ചേർക്കാനും ഭാവിയിൽ പൂർണമായും എഥനോളിൽ വാഹനങ്ങൾ ഓടിക്കാനും ലക്ഷ്യമിട്ട് മോട്ടോർവാഹന ചട്ടങ്ങൾ പരിഷ്കരിക്കുന്നു. കരടു വിജ്ഞാപനം ഗതാഗത മന്ത്രാലയം പുറത്തിറക്കി. നിലവിൽ 20 ശതമാനം എഥനോൾ ചേർത്താണ് (ഇ20) പെട്രോൾ വിൽക്കുന്നത്. ഭാവിയിൽ ഇത് 85 മുതൽ 100 ശതമാനം വരെയാക്കും. ഡീസലിലും സമാനമായ മാറ്റം വരുത്തും. നിലവിൽ ബയോഡീസൽ (ബി10) 10 ശതമാനമാണെങ്കിൽ ഇതും 100 ശതമാനമായി ഉയർത്താനാണ് കരടുചട്ടത്തിൽ പറയുന്നത്. പുകപരിശോധനയുടെ മാനദണ്ഡങ്ങളും പുതുക്കും.

പെട്രോളിന്റെയും ഡീസലിന്റെയും ഇറക്കുമതി കുറയ്ക്കാൻ ഇതിലൂടെ കഴിയും. കരിമ്പു കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുമെന്നതും പരിസ്ഥിതിക്ക് ദോഷമില്ലാത്ത ഇന്ധനം ഉപയോഗിക്കാമെന്നതും നേട്ടങ്ങളാണ്. അതേസമയം, മൈലേജ് കുറയുന്നതും ഇത്തരം ഇന്ധനങ്ങൾ ഉപയോഗിക്കാവുന്ന തരത്തിൽ മാറ്റങ്ങൾ വരുത്താത്ത വാഹനങ്ങൾക്ക് സാങ്കേതികപ്രശ്നങ്ങൾ സംഭവിക്കുന്നതും വെല്ലുവിളികളാണ്. നീതി ആയോഗും ഇക്കാര്യം ചൂണ്ടിക്കാട്ടിയിരുന്നു. ബ്രസീലാണ് നിലവിൽ 100 ശതമാനം എഥനോൾ ഇന്ധനമായി ഉപയോഗിക്കുന്ന മറ്റൊരു രാജ്യം.

ഇന്ധനം മാറുന്നതു കണക്കിലെടുത്ത് വാഹനങ്ങളിൽ നിർമാതാക്കൾ മാറ്റങ്ങൾ വരുത്തിത്തുടങ്ങി. ഇ20 ഉപയോഗിക്കാവുന്ന വാഹനങ്ങളാണ് 2023 മുതൽ ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്നത്.

മൈലേജ് കുറവുകൊണ്ടുള്ള നഷ്ടം നികത്താൻ നികുതി ഇളവ് നൽകണമെന്ന് വാഹന നിർമാതാക്കളുടെ സംഘടനയായ സിയാം ആവശ്യപ്പെട്ടു. കരടു വിജ്ഞാപനം സംബന്ധിച്ച് അഭിപ്രായങ്ങൾ പൊതുജനങ്ങൾക്ക് 30 ദിവസത്തിനകം ഗതാഗതമന്ത്രാലയത്തിൽ കത്ത് മുഖേനയോ comments-morth@gov.in എന്ന ഇ-മെയിൽ വഴിയോ അറിയിക്കാം.

# കാഴ്ച പരിമിതിയുള്ള നിരഞ്ജനയ്ക്ക് ബ്ലാക്ക് ബെൽറ്റ്

മണക്കാട്: ഇരുൾവഴിയിൽ മനക്കരുത്തിന്റെ വെളിച്ചത്തിൽ മുന്നോട്ടു പോകുന്ന പി.എസ്. നിരഞ്ജനയ്ക്ക് കരാട്ടെ ബ്ലാക്ക് ബെൽറ്റ്. എറണാകുളത്തു നടന്ന, ഷോ ബുക്കായി ഷിറ്റോറിയു കരാട്ടെ ഫെഡറേഷൻ സംസ്ഥാന ബ്ലാക്ക് ബെൽറ്റ് ചാമ്പ്യൻഷിപ്പിലാണ് നിരഞ്ജന സംസ്ഥാനത്തെ ആദ്യത്തെ പ്രായംകുറഞ്ഞ കാഴ്ചപരിമിതിയുള്ള ബ്ലാക്ക്ബെൽറ്റുകാരി ആയത്. തൊടുപുഴയിൽ കംപ്യൂട്ടർ സ്ഥാപനം നടത്തുന്ന മണക്കാട് പാലത്തൊട്ടിയിൽ സന്തോഷിന്റെയും ശ്യാമളയുടെയും മകളാണ് നിരഞ്ജന. സഹോദരൻ നീരജും ഇരട്ടകളാണ്.



പിറന്നുവീണതു മുതൽ നിരഞ്ജനയുടെ ലോകം ഇരുട്ടിലായിരുന്നു. എങ്കിലും ഒരിക്കലും ഒരിടത്തും തളർന്നിട്ടില്ല. സംഗീതം പഠിച്ചു സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ശാസ്ത്രീയ സംഗീതത്തിലും ലളിതഗാനത്തിലും എ ഗ്രേഡ് നേടി.

ഇതിനിടെ, കരാട്ടെ പഠിക്കണമെന്ന ആഗ്രഹം തോന്നി. ഈ ആവശ്യം കേട്ട അച്ഛനമ്മമാർ ആദ്യം അമ്പരന്നു. പിന്നീട് അവർ നിരഞ്ജനയ്ക്കൊപ്പം നിന്നു. തൊടുപുഴയിൽ നാലു വർഷത്തെ പരിശീലനം. ഒടുവിൽ ബ്ലാക്ക് ബെൽറ്റ് സ്വന്തമാക്കി ഫസ്റ്റ് ഡാനിലേക്ക് യോഗ്യത കരസ്ഥമാക്കി. അസാമാന്യ മനക്കരുത്തും പാടവവുമാണ് നിരഞ്ജനയ്ക്കുള്ളതെന്ന് പരിശീലകർ പറയുന്നു.

കദളിക്കാട് വിമലാലയം ഹയർ സെക്കൻഡറി സ്കൂളിൽ പത്താംക്ലാസ് പരീക്ഷയെഴുതി ഫലം കാത്തിരിക്കുകയാണ് നിരഞ്ജനയും സഹോദരൻ നീരജും. ഏഴാം ക്ലാസ് വരെ കുടയത്തൂർ അന്ധവിദ്യാലയത്തിലായിരുന്നു നിരഞ്ജന. തനിക്ക് ഇത്തരം സ്കൂൾ വേണ്ട, മുഖ്യധാരാ സ്കൂളിൽ തന്നെ പഠിക്കണമെന്ന നിരഞ്ജനയുടെ വാശിയാണ് പിന്നീട് കദളിക്കാട് സ്കൂളിലെത്തിച്ചത്.

പത്താം ക്ലാസിൽ എ പ്ലസ് പ്രതീക്ഷയിലാണ് നിരഞ്ജന. സ്ക്രൈബിന്റെ സഹായത്തോടെയാണ് പരീക്ഷയെഴുതിയത്. ഇലക്ട്രോ കെമിസ്ട്രിയോ ഇനോർഗാനിക് കെമിസ്ട്രിയോ മുഖ്യവിഷയമായെടുത്ത് കെമിസ്റ്റാകണമെന്നാണ് നിരഞ്ജനയുടെ ആഗ്രഹം.

# കളമശേരിയിൽ വോട്ടെണ്ണലിന് തൊട്ടു മുൻപ് സ്ട്രോംഗ് റൂം പൂട്ടുപൊളിച്ചു

കൊച്ചി: വോട്ടെണ്ണാൻ മിനിറ്റുകൾ ബാക്കി നിൽക്കേ കളമശേരി മണ്ഡലത്തിന്റെ സ്ട്രോംഗ് റൂമിന്റെ താക്കോൽ കാണാതായി. താക്കോലിനായി പലയിടത്തും തെരഞ്ഞെങ്കിലും കിട്ടാതായതോടെ ഒടുവിൽ രാവിലെ 8.45-ന് ഉദ്യോഗസ്ഥർ കളമശേരി കുസാറ്റിലെ മൂന്നാം നമ്പർ മുറിയുടെ പൂട്ടു തല്ലിപ്പൊളിച്ചു.

അതേ സമയം, കളമശേരിയിലെ പോസ്റ്റൽ ബാലറ്റ് രാവിലെ എട്ടിന് തന്നെ പുറത്തേക്ക് എത്തിച്ചു. പോസ്റ്റൽ വോട്ടുകൾ സൂക്ഷിച്ച മുറിയും മറ്റൊരു മുറിയും തുറന്നിരുന്നു. കേരള രാഷ്ട്രീയത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത രാഷ്ട്രീയ സാഹചര്യമാണ് കളമശേരിയിൽ ഉണ്ടായത്. കഴിഞ്ഞ മന്ത്രിസഭയിലെ മന്ത്രിയായ പി. രാജീവ് അടക്കം മത്സരിക്കുന്ന മണ്ഡലമാണ് കളമശേരി.

കളമശേരി, വൈപ്പിൻ, കൊച്ചി, എറണാകുളം, തൃപ്പൂണിത്തുറ, തൃക്കാക്കര മണ്ഡലങ്ങളിലെ വോട്ടുകളാണ് കളമശേരി കുസാറ്റിലെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരുന്നത്.

# പാസ്റ്റർ മാത്യു ടി. കോശി അന്തരിച്ചു




ഹൂസ്റ്റൺ: പാസ്റ്റർ മാത്യു ടി. കോശി (75) അന്തരിച്ചു. ഭാര്യ ഏലിയാമ്മ മാത്യു.


മക്കൾ: ജോ, ജോബി, ഫെബ. മരുമക്കൾ: ജെസി മാത്യു, സിജി മാത്യു, സാം മത്തായി.

സംസ്കാരം മെയ് 4-ന് തിങ്കൾ രാവിലെ 10 മണിക്ക് South Park Funeral Home & Cemetery, പെൻലാൻഡിൽ നടക്കും.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
DOULOS BIBLICAL SEMINARY
VECHOOCHIRA, RANNI
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
ZOOM
ACCESSIBLE FROM
INDIA, GULF, EUROPE
CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PRINCIPAL
VICE. PRINCIPAL
PR. DR. V. P. JOSE
PR. DR. JOHN. K. MATHEW
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS
IN CHRISTIAN
MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals,
Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your
Dreams With Us...
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**